# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ



സെപ്റ്റംബർ 14 – മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ

Vol. LXIX September 2019 No. 9

## ആശംസകൾ

2019 ആഗസ്റ്റ് 3–ാം തീയതി
പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച്
രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിൽ നിന്ന് പുരോഹിത പട്ടം
സ്വീകരിച്ച നവവൈദികൻ
സ്കറിയ മേനാംപറമ്പിലിന്
അഭിനന്ദനങ്ങളും ആശംസകളും



## ആശംസകൾ

2019 ആഗസ്റ്റ് 10–ാം തീയതി
വാരിയാനിക്കാട് സെന്റ് ജോസഫ്
ദൈവാലയത്തിൽവച്ച്
രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവിൽ നിന്ന് പുരോഹിത പട്ടം
സ്വീകരിച്ച നവവൈദികൻ
ജോസഫ് പുരയിടത്തിൽമാട്ടേലിന്
അഭിനന്ദനങ്ങളും ആശംസകളും





പാലാ രൂപത പാസ്റ്ററൽ – പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സംയുക്തസമ്മേളനം



സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ച് ആശംസകൾ നേരുന്നു.



പാലാ രൂപതയിലെ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംയുക്തസമ്മേളനം




പ്രളയത്തിൽ കൈത്താങ്ങായി പാലാ രൂപത

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**SEPTEMBER 2019**
**Vol. LXIX No. 9**

# CONTENTS


സർക്കുലർ- 253 മാർ സ്ലീവാ മെഡിസിറ്റി ............... 799

സർക്കുലർ - 254 കുടുംബകൂട്ടായ്മ ..................... 808

സർക്കുലർ - 255 കർഷകസംരംഭങ്ങൾ .................. 810

സർക്കുലർ - 256 സെന്റ് വിൻസെന്റ് ഡി പോൾ .. 814

സർക്കുലർ - 257 പാലാ കാരിത്താസ് ഞായർ ...... 819

സർക്കുലർ - കെ.സി.ബി.സി. .................................. 822

സർക്കുലർ - കെ.സി.ബി.സി. .................................. 831

സർക്കുലർ - സിനഡ് ................................................. 839

സന്ദേശം - ഫ്രാൻസീസി പാപ്പാ ................................ 850

സർക്കുലർ -252 പ്രളയക്കെടുതിയും ദുരിതാശ്വാസവും ......... 859

സർക്കുലർ - കെ.സി.ബി.സി .................................... 860

അറിയിപ്പ് ........................................................... 863

ലേഖനം ............................................................ 870

Prayer Day List ........................................... 874

വാർത്തകൾ ........................................................ 875

ആദരാഞ്ജലികൾ ................................................. 910

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................ 916

Bishops' Engagements ................................ 921

സർക്കുലർ 253

# മാർ സ്ലീവാ മെഡിസിറ്റി വെഞ്ചെരിപ്പും ഓപ്പൺ ഹൗസും

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ രോഗികൾക്കും ദുരിതമനുഭവിക്കുന്നവർക്കും പ്രത്യേക സ്ഥാനമുണ്ട്. രോഗബാധിതരായ സഹോദരങ്ങളെ പരിപാലിക്കുന്ന ഒരു സമൂഹത്തെ സുവിശേഷം ചിത്രീകരിക്കുന്നുണ്ട്. ജനങ്ങളുടെ എല്ലാ രോഗങ്ങളും വേദനകളും സുഖപ്പെടുത്താൻ ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ച ഈശോയാണ് നമ്മുടെ പ്രചോദനം. രോഗികൾക്കും വേദനിക്കുന്നവർക്കും ആരോഗ്യത്തിന്റെയും ആശ്വാസത്തിന്റെയും ഭവനമായിട്ടാണ് നമ്മുടെ രൂപത ചേർപ്പുങ്കൽ പണിതുകൊണ്ടിരിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി വിഭാവനം ചെയ്തിരിക്കുന്നത്.

ഇൻഡ്യയിലെതന്നെ ഉയർന്ന നിലവാരമുള്ള ഏത് ഹോസ്പിറ്റലിനോടും കിടപിടിക്കാവുന്ന ആധുനിക ചികിത്സാ സംവിധാനങ്ങളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്. പ്രൊഫഷനൽ തലത്തിൽ ഉന്നതനിലവാരം പുലർത്തുന്നതും എല്ലാവർക്കും സമീപിക്കാവുന്നതും ആതിഥ്യമര്യാദയാൽ ആകർഷിക്കപ്പെടുന്നതുമായ ഒരു ലോകോത്തര ചികിത്സാകേന്ദ്രമാണ് നമ്മുടെ ലക്ഷ്യം. ശരീരത്തിന്റെയും ആത്മാവിന്റെയും വൈദ്യനായ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സുഖപ്പെടുത്തലിന്റെ തുടർശുശ്രൂഷയാണ് മാർ സ്ലീവാ മെഡിസിറ്റി. മനുഷ്യന്റെ സമഗ്രമായ ഉന്നമനവും ആരോഗ്യ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്ന ചികിത്സാകേന്ദ്രമായി ഇതു നിലനില്ക്കും എന്നതിൽ സംശയമില്ല. ക്രൈസ്തവ മൂല്യങ്ങൾ

സംരക്ഷിക്കുക, വളരെ സൂക്ഷ്മതയോടുകൂടിയ സാന്ത്വന പരിചരണം നല്കുക, എല്ലാവർക്കും ചികിത്സ ഉറപ്പാക്കുക എന്നിവയും ആശുപത്രിയുടെ ദൗത്യമായി കരുതുന്നു. വിദഗ്ധ ചികിത്സക്കായി പലപ്പോഴും വിദൂരങ്ങളിലേക്കും മറ്റും പോകേണ്ടിവരുന്ന നമുക്ക് ഇതൊരു ആശ്വാസമായിരിക്കും.

രണ്ടായിരത്തിയഞ്ചിലാണ് പാലാ രൂപത ഒരു നഴ്സിംഗ് കോളേജ് വേണമെന്ന് തീരുമാനിച്ചത്. അതിനുവേണ്ടി, Palai Diocesan Medical Education Trust രൂപവത്കരിച്ചു രജിസ്റ്റർ ചെയ്തു. രൂപതാ വികാരി ജനറാളായിരുന്ന മോൺ. ഫിലിപ്പ് ഞരളക്കാട്ടിനെ ട്രസ്റ്റിന്റെ പ്രഥമ പ്രസിഡന്റായി നിയോഗിച്ചു. അച്ചന്റെ നേതൃത്വത്തിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ വളരെവേഗം നടത്തി. 2005 നവംബർ 18 ന് കോളേജ് ഉദ്ഘാടനം ചെയ്തു.കഴിഞ്ഞ പതിനാല് വർഷങ്ങളായി 800 – ലധികം വിദ്യാർത്ഥികൾ ഈ കോളേജിൽ നിന്ന് നഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കി.നിലവിൽ BSc, Post BSc, MSc നഴ്സിംഗ് കോഴ്സുകളിലായി 250 –ലധികം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്.

നഴ്സിംഗ് കോളേജിന്റെ മദർ ഹോസ്പിറ്റലിനെപ്പറ്റി ചിന്തിച്ചപ്പോൾ, ഈ നാടിന് വലിയ പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ, ഭാവിയിൽ വേണ്ടി വന്നാൽ ഒരു മെഡിക്കൽ കോളേജ് എന്നത് മുന്നിൽകണ്ട്, ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നന്നായിരിക്കുമെന്ന് അഭിപ്രായമുണ്ടായി. രൂപതയുടെ ഔദ്യോഗിക ഫോറങ്ങളിലും കൗൺസിലുകളിലും പ്രസ്ബിത്തേരിയത്തിലും കൂടിയാലോചിച്ച് ഹോസ്പിറ്റൽ തുടങ്ങാൻ തീരുമാനമായി. കൂടാതെ നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും ഞാൻ ജനറാളച്ചനോടൊത്ത് വന്ന് വികാരിയച്ചനോടും കൈക്കാരന്മാരോടും ഒരുമിച്ചിരുന്ന് ഹോസ്പിറ്റൽ കാര്യം സംസാരിച്ചപ്പോൾ എനിക്കു വലിയ പ്രോത്സാഹനം ലഭിക്കുകയുണ്ടായി.

2011 മാർച്ചിൽ PDMET യുടെ പ്രസിഡന്റ് ആയി രൂപതാ വികാരിജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ ചാർജെടുത്തു. ആശുപത്രിക്കുള്ള സാധ്യതാപഠനം നടത്തുകയും ഇൻഡ്യയിലെ പ്രശസ്തമായ പല ആശുപത്രികളും സന്ദർശിക്കുകയും മറ്റ് പല മാർഗ്ഗങ്ങളിലൂടെ പഠനം നടത്തുകയും ചെയ്തതിനുശേഷം പരിചയ സമ്പന്നനായ ആർക്കിടെക്ടിനെയും എൻജിനീയർമാരെയും കൺസൾട്ടർമാരെയും നിയമിച്ചു.

ചേർപ്പുങ്കൽ പള്ളിയിൽനിന്ന് ഔദാര്യപൂർവ്വം വാങ്ങിത്തന്ന 27 ഏക്കർ സ്ഥലത്ത് 2011 ൽ പണി ആരംഭിച്ചു. അന്നത്തെ ചേർപ്പുങ്കൽ വികാരിയായിരുന്ന പെരിയ ബഹു. അബ്രാഹം കണിയാംപടിക്കലച്ചന്റെ പ്രത്യേക താത്പര്യവും ഇടവകജനങ്ങളുടെയും പൊതുയോഗത്തിന്റെയും യോഗപ്രതിനിധികളുടെയും സാമൂഹികപ്രതിബദ്ധതയും സന്മനസ്സും പ്രത്യേക അനുമോദനവും നന്ദിയും അർഹിക്കുന്നു. ആശുപത്രിക്കുള്ള ഏതു സഹായത്തിനും പിന്നീട് വികാരിയായി വന്ന പെരിയ ബഹു. അഗസ്റ്റിൻ കൊഴുപ്പൻകുറ്റിയച്ചനും തല്പരനായിരുന്നു. ഇപ്പോൾ വികാരിയായിരിക്കുന്ന പെരിയ ബഹു. ജോസ് അഞ്ചേരിയച്ചനും ആശുപത്രിയോടു വളരെയേറെ സ്നേഹം കാണിക്കുകയും തികഞ്ഞ താത്പര്യത്തോടെ സഹകരണങ്ങൾ നല്കുകയും ചെയ്യുന്നു. ഫാ. ജോസഫ് മുണ്ടക്കൽ, ഫാ. ജോർജ് പൈകട, ഫാ. ഡൊമിനിക് കുപ്പയിൽ പുത്തൻപുരയിൽ, ഫാ. ജോസ് നെല്ലിക്കത്തെരുവിൽ, ഫാ. ജോസ് തറപ്പേൽ എന്നിവർ അസിസ്റ്റന്റ് മാനേജർമാരായി വിവിധ കാലഘട്ടങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ എക്സിക്യൂട്ടീവ് ഡയറക്ടറായി 2017 ജനുവരി മുതൽ ആശുപത്രിക്ക് നേതൃത്വം നല്കുന്നു. അദ്ദേഹത്തോടൊപ്പം ഫാ. ജോസഫ് പരിയാത്ത്, ഫാ. ജോസ് കീരഞ്ചിറ, ഫാ. ഗർവ്വാസീസ് ആനിത്തോട്ടത്തിൽ, ഫാ. മാത്യു ചേന്നാട്ട് എന്നിവർ ഡയറക്ടർമാരായി സേവനം അനുഷ്ഠിക്കുന്നു.

ആശുപത്രിയുടെ ഭരണസംവിധാനം കൈകാര്യം ചെയ്യുന്നത് Palai Diocesan Medical Education Trust ആണ്. പാലാ രൂപതാ മെത്രാൻ രക്ഷാധികാരിയും സഹായമെത്രാൻ സഹരക്ഷാധികാരിയും വികാരി ജനറാൾ പ്രസിഡന്റും രൂപതാ പ്രൊക്യുറേറ്റർ ട്രഷററും രൂപതാ ചാൻസലർ സെക്രട്ടറിയായുമുള്ള ട്രസ്റ്റിലാണ് മാർസ്ലീവാ മെഡിസിറ്റിയുടെ നയപരമായ തീരുമാനങ്ങൾ എടുക്കുന്നത്. Palai Diocesan Medical Education Trust ന്റെ കീഴിൽ ആശുപത്രി നടത്തിപ്പ് നിർവ്വഹിക്കുന്ന മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളായ ശ്രീ. ജസ്റ്റിൻ തോമസ് കുന്നുംപുറം, ഡോ. സണ്ണി ജോൺ ചന്ദ്രൻകുന്നേൽ എന്നിവരുടെ സേവനം വിലപ്പെട്ടതാണ്.

രൂപതയുടെ പൊതുവായ കാര്യങ്ങളുടെ ചെലവു ചുരുക്കിയും അത്യാവശ്യമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ മാറ്റിവച്ചും ആശുപത്രി എന്ന ലക്ഷ്യത്തിലേക്ക് പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുകയായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ. ഏഴു വർഷംകൊണ്ടാണ് കെട്ടിടനിർമ്മാണം പൂർത്തിയാക്കിയത്. കാലതാമസം ചില അസ്വസ്ഥത ഉളവാക്കിയെങ്കിലും പരമാവധി ബാധ്യതകളില്ലാതെതന്നെ 100 കോടി രൂപയോളം സ്വരുക്കൂട്ടി കെട്ടിടത്തിന്റെ ആദ്യഘട്ട പണി പൂർത്തിയാക്കി. എന്നാൽ പിന്നീട് ആശുപത്രിക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി നമുക്ക് ലോൺ എടുക്കേണ്ടിവന്നിട്ടുണ്ട്. ആശുപത്രി പൂർണ്ണമായി പ്രവർത്തനക്ഷമമാകുമ്പോൾ ഏതാണ്ട് മുന്നൂറു കോടി രൂപയോളം ചെലവു വരും. ഇതു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും രൂപതാ കച്ചേരിയിലും PDMET - യിലും ചർച്ച ചെയ്താണ് തീരുമാനങ്ങൾ എടുത്തത്.

അഞ്ചു ലക്ഷത്തി അറുപത്തി ഏഴായിരം (567000) ചതുരശ്ര അടിയുള്ള കെട്ടിട സമുച്ചയത്തിന്റെ അകവും പുറവും ഒരു tertiary care ആശുപത്രിക്കുവേണ്ട സജ്ജീകരണങ്ങളോടെ മൂന്നു വർഷം കൊണ്ട് പൂർത്തിയാക്കാൻ സാധിച്ചത് ദൈ

വാനുഗ്രഹംകൊണ്ട് മാത്രമാണ്. ഇന്ത്യയിലെ പ്രശസ്തമായ പല ആശുപത്രികളും പണിതീർത്ത പരിചയസമ്പത്തുള്ള പ്രഗല്ഭരായ കോൺട്രാക്ടർമാരെ വിവിധ മേഖലകളിൽ ലഭിച്ചതും അതിനെല്ലാം നേതൃത്വം നല്കാൻ ആത്മാർത്ഥതയും അറിവും വിവേകവുമുള്ള ഉദ്യോഗസ്ഥരെ നമ്മുടെ ഓഫീസിൽ ലഭിച്ചതും ദൈവ ഇടപെടലുകൊണ്ടുതന്നെയാണ്. നമ്മുടെ ആശുപത്രി വാർഡുകൾ ഉൾപ്പെടെ പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്തിട്ടുണ്ട്.

കേരളത്തിലെന്നല്ല ഇൻഡ്യയിലെതന്നെ പ്രശസ്ത ആശുപത്രികളിൽ ലഭിക്കുന്ന എല്ലാ ചികിത്സാ സംവിധാനങ്ങളും നമ്മുടെ ഹോസ്പിറ്റലിലുണ്ട്. പതിനേഴ് (17) സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ, ഇരുപത്തിരണ്ട് (22) സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾ, കേരളത്തിലെതന്നെ ഏറ്റവും വിദഗ്ധരായ 60–ലധികം ഡോക്ടർമാർ, 10 ഇന്റെൻസീവ് കെയർ യൂണിറ്റുകൾ (ICU), അവയവ മാറ്റ ശസ്ത്രക്രിയ നടത്താവുന്ന തീയറ്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 11 ഓപ്പറേഷൻ തീയറ്ററുകൾ, ഒരേസമയം 25 പേർക്ക് ഡയാലിസിസിനുള്ള സൗകര്യം, ദക്ഷിണേന്ത്യയിലെതന്നെ ഏറ്റവും മികച്ച കാത്ത്ലാബ്, CT,MRI എന്നിവയ്ക്കുള്ള സൗകര്യങ്ങൾ, എല്ലാ മരുന്നുകളും വേഗത്തിൽ ലഭിക്കാനുതകുന്ന സൗകര്യങ്ങളോടുകൂടിയ ഫാർമസി, മരുന്നുകളും പരിശോധനയ്ക്കാവശ്യമായ രക്തവും വേഗത്തിൽ എത്തിക്കാനുള്ള pneumatic tube സംവിധാനം, സമയവും പേപ്പറും ലാഭിക്കാനുതകുന്ന വിധത്തിലുള്ള ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡിന്റെ ഉപയോഗം, ലാബുകൾ, ബ്ലഡ് ബാങ്ക്, തീവ്രപരിചരണ സംവിധാനങ്ങളോടെ 24 മണിക്കൂറും സജ്ജമായ രണ്ട് ആംബുലൻസുകൾ, 350–ഓളം പേർക്ക് ഒരുമിച്ച് ഭക്ഷണം കഴിക്കാവുന്ന കാന്റീൻ, വിശാലമായ പാർക്കിംഗ് സൗകര്യം എന്നിവ നമ്മുടെ ആശുപത്രിയുടെ ഏതാനും ചില പ്രത്യേകതകളാണ്. നമ്മുടെ ആശുപത്രിയിൽ ഉപയോഗിക്കുന്ന മുഴുവൻ ബെഡ്ഡുകളും

ജപ്പാൻ നിർമ്മിതവും automatic integrated five function സൗകര്യങ്ങളോടുകൂടിയതുമാണ്. കൂടാതെ ചേർപ്പുങ്കൽ ടൗണിൽ ഹൈവേയോടു ചേർന്ന് ഒരു സർവ്വീസ് സെന്ററും തുടങ്ങുന്നുണ്ട്. മെഡിക്കൽ സ്റ്റോറും രക്തപരിശോധനയ്ക്കുള്ള സൗകര്യവും മാർ സ്ലീവാ സർവ്വീസ് സെന്ററിലുണ്ട്.

ചികിത്സയിൽ സമഗ്രമായ ഒരു സമീപനമാണ് (holistic approach) നമ്മൾ ലക്ഷ്യം വയ്ക്കുന്നത്. നിലവിൽ പൊതുജനങ്ങളാശ്രയിക്കുന്ന എല്ലാ പ്രധാനപ്പെട്ട ചികിത്സാരീതികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് നമ്മൾ വിഭാവനം ചെയ്യുന്നത്. അതുകൊണ്ടാണ് അലോപ്പതിക്കു പുറമേ നമ്മുടെ നാടിന്റെ പ്രാചീനകാലം മുതലുള്ള ചികിത്സാരീതിയായ ആയുർവേദവും ഒപ്പം ഹോമിയോപ്പതിയും ഉൾപ്പെടുത്തി മാർ സ്ലീവാ മെഡിസിറ്റി എന്ന പേര് നല്കിയത്.

നമ്മുടെ സ്വപ്നമായ സെന്റ് അൽഫോൻസാ പാലീയേറ്റീവ് കെയറും ഇതോടൊപ്പം പ്രവർത്തനമാരംഭിക്കുന്നു. മൂന്നു തരത്തിലാണ് പാലീയേറ്റീവ് കെയറിന്റെ പ്രവർത്തനം നമ്മൾ ഉദ്ദേശിക്കുന്നത്. മരണാസന്നരായ തീർത്തും വയ്യാത്ത നമ്മുടെ കുടുംബാംഗങ്ങളെ നമ്മുടെ ഭവനത്തിൽത്തന്നെ ശുശ്രൂഷിക്കണമെന്നാണ് നാമെല്ലാവരും ആഗ്രഹിക്കുന്നതും നമ്മിൽ പലരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും. എങ്കിലും അവർക്ക് വൈദ്യസഹായം തുടർച്ചയായിവേണ്ടി വരുമ്പോഴും ഭവനങ്ങളിൽ ശുശ്രൂഷിക്കുന്നതിനുള്ള സൗകര്യങ്ങളും വ്യക്തികളും ഇല്ലാതെവരുമ്പോഴും അത് പ്രയാസമാകും. അങ്ങനെയുള്ളവർക്ക് ഹോസ്പിറ്റലിൽ പരിചരണം നല്കാനാവശ്യമായ ബെഡ്ഡുകൾ ഉൾപ്പെടുത്തി പാലീയേറ്റീവ് കെയർ ക്രമീകരിച്ചിട്ടുണ്ട്. പാലീയേറ്റീവ് കെയറിനോടൊപ്പംതന്നെ ഭവനങ്ങൾ സന്ദർശിച്ച് കിടപ്പുരോഗികളെ പരിശോധിക്കാനും അവർക്ക് ആവശ്യമായ പരിചരണം നല്കാനുമായി ഹോം കെയറിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. അതിനുവേണ്ട ഡോക്ടർമാരും നഴ്സുമാരുമൊക്കെ സജ്ജമാണ്. അവരെ സഹായിക്കുന്നതി

നായി സുമനസ്സുകളുടെ സഹായം ആവശ്യമുണ്ട്. സാമ്പത്തികസഹായങ്ങൾ നല്കിയും വോളന്റിറി സർവ്വീസിലൂടെയും ഏവർക്കും ഈ സംരഭത്തിൽ പങ്കുചേരാവുന്നതാണ്. Mar Sleeva Medicity Pala - A Temple of Health എന്നത് വാക്കുകളിൽ ഒതുക്കാതെ ആരോഗ്യശുശ്രൂഷാരംഗത്ത് നമ്മൾ ഒന്നിച്ച് അത് പ്രാവർത്തികമാക്കണം.

മെഡിസിറ്റിയുടെ പണികൾ ഏതാണ്ട് തീർന്നിട്ടുണ്ട്. ആശുപത്രി ആരംഭിക്കുന്നതിന് ആവശ്യമുള്ള ജീവനക്കാരെ നമ്മൾ നിയമിച്ചു കഴിഞ്ഞു. മെഡിക്കൽ ഡയറക്ടർ ഡോ. ലിസി തോമസിന്റെ നേതൃത്വത്തിൽ ഡോക്ടേഴ്സ് ചാർജ്ജെടുത്തു പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങി. അറുപതിലധികം (ആദ്യഘട്ടത്തിനാവശ്യമായ) നഴ്സുമാരും അൻപതിലധികം മറ്റ് സ്റ്റാഫംഗങ്ങളും ഈ മാസം ജോലിയിൽ പ്രവേശിച്ചു മാർ സ്ലീവാ ഫാമിലിയുടെ ഭാഗമായി. ജീവനക്കാരുടെ നിയമനത്തിൽ കഴിവും യോഗ്യതയുമുള്ള പാലാ രൂപതാംഗങ്ങൾക്ക് മുൻഗണന നല്കിയിട്ടുണ്ട്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലായി മറ്റു ഡോക്ടേഴ്സും ജീവനക്കാരും ചാർജ്ജെടുത്ത് മെഡിസിറ്റി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും.

നമ്മുടെ അഭിമാനവും ആശ്രയവുമായ ഈ മഹത് സ്ഥാപനത്തിന്റെ നിർമ്മാണത്തിൽ നിങ്ങളെല്ലാവരുടെയും ചെറുതും വലുതുമായ സംഭാവനകളും സഹകരണവുമുണ്ടായിരുന്നു. ഇടവകകളുടെയും സന്യാസസമൂഹങ്ങളുടെയും സ്ഥാപനങ്ങളുടെയും അവിടുത്തെ സ്റ്റാഫംഗങ്ങളുടെയും പ്രത്യേകിച്ച് അദ്ധ്യാപകരുടെയും നിർലോഭമായ സഹകരണവും സംഭാവനയും ലഭിച്ചിട്ടുണ്ട്. റൂമുകളും വാർഡുകളും സ്പോൺസർ ചെയ്തു സഹായിച്ചവരുമുണ്ട്. എല്ലാവരുടെയും നിരന്തരമായ പ്രാർത്ഥനയുമുണ്ടായിരുന്നു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവും മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവും ആശുപത്രി കൂടെക്കൂടെ സന്ദർശിക്കുകയും നിർമ്മാണപ്രവർത്തനങ്ങൾ വിലയിരുത്തി വിലയേറിയ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും

ചെയ്തത് വലിയ പ്രോത്സാഹനവും ഉത്തേജനവുമായിരുന്നു. എല്ലാ ബഹു. വൈദികരെയും സമർപ്പിതരെയും അത്മായ സഹോദരങ്ങളെയും ഏറ്റം സ്നേഹത്തോടെ ഓർമ്മിക്കുന്നു. നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും എന്നും കൂടെയുണ്ടായിരിക്കണം.

മാർ സ്ലീവാ മെഡിസിറ്റിയുടെ വെഞ്ചെരിപ്പ് 2019 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച - കുരിശിന്റെ (സ്ലീവാ) പുകഴ്ചയുടെ തിരുനാൾ ദിനം - ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തപ്പെടുന്നതാണ്. മനോഹരമായി പണിതീർത്തിട്ടുള്ള ഈ ആശുപത്രിയിൽ ഏറ്റവും ആകർഷകമായിട്ടുള്ളത് ഇതിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത് പൗരസ്ത്യ പാരമ്പര്യമനുസരിച്ചുള്ളതും കേരളത്തനിമയിൽ ശില്പചാതുരിയോടെ നിർമ്മിച്ചതുമായ ദൈവാലയം തന്നെയാണ്. എല്ലാ ചികിത്സയുടെയും അടിസ്ഥാനം വൈദ്യന്മാരുടെ വൈദ്യനായ ഈശോയുടെ അനുഗ്രഹമാണല്ലോ. രോഗികൾക്കും ബൈസ്റ്റാൻഡേഴ്സിനും (bystanders) എന്നല്ല ഈ സ്ഥാപനത്തിലെത്തുന്ന ആർക്കും സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കാൻ പറ്റുന്ന ഒരിടം തന്നെയാണിത്. സെപ്റ്റംബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ഈ ആരാധനാലയം ആശീർവദിച്ചുകൊണ്ടാണ് ആശുപത്രിയുടെ വെഞ്ചെരിപ്പു നടത്തുന്നത്. ദൈവാലയം കൂദാശ ചെയ്യുന്നതും മെഡിസിറ്റി വെഞ്ചരിക്കുന്നതും നമ്മുടെ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവാണ്.

പൊതുസമ്മേളനത്തോടുകൂടിയ ഉദ്ഘാടനം പിന്നീടൊരവസരത്തിലായിരിക്കും നടത്തുന്നത്. സെപ്റ്റംബർ14-ാം തീയതി വെഞ്ചരിപ്പിന്റെ ദിവസം മുതൽ ഒരാഴ്ചത്തേക്ക് (14-22/09/19) ഓപ്പൺ ഹൗസ് ദിനങ്ങളായിരിക്കും. ഈ ദിവസങ്ങളിൽ എല്ലാവർക്കും ഹോസ്പിറ്റൽ മുഴുവൻ കയറി നടന്ന് കാണുവാൻ സൗകര്യമുണ്ടായിരിക്കും. ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിച്ചാൽ പിന്നെ എല്ലായിടവും കയറിയിറങ്ങി കാണുക അസാധ്യമാണല്ലോ. പ്രവർത്തനസജ്ജമായ നമ്മുടെ ആശു

പത്രി ഒന്നു കാണുക നമ്മുടെ അവകാശവും അഭിമാനവുമായി കരുതണം. ഒ.പിയും ഐ.പിയും ഇതര സംവിധാനങ്ങളും ഓപ്പൺഹൗസിനുശേഷമുള്ള ഏറ്റവും അടുത്ത ദിവസങ്ങളിൽ തുടങ്ങുന്നതായിരിക്കും. ഇതിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ മാധ്യമങ്ങളിലൂടെ അറിയിക്കുന്നതാണ്.

വെഞ്ചെരിപ്പിനും ഓപ്പൺഹൗസിനും എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓപ്പൺ ഹൗസ് ദിവസങ്ങളിൽ ഹോസ്പിറ്റൽ വന്നു കാണാൻ ഇടവകജനങ്ങളെ മുഴുവൻ പ്രോത്സാഹിപ്പിക്കണമെന്ന് ബഹു. വൈദികരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29-8-2019

NB: ഈ സർക്കുലർ 2019 സെപ്തംബർ 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും കുർബാന മധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ 254

# 23-ാമത് പാലാ രൂപത
# കുടുംബകൂട്ടായ്മ വാർഷികം 2019

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീസന്യാസികളേ, സഹോദരീ സഹോദരന്മാരേ,

'വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവുമായിരുന്നു. ആരും തങ്ങളുടെ വസ്തുക്കൾ സ്വന്തമെന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു... അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല' അപ്പ. പ്ര. 4:32-34).

നമ്മുടെ രൂപതാസമൂഹം ആദിമസഭയെപ്പോലെ ശ്ലീഹന്മാരുടെ പ്രബോധനത്തിലുറച്ചുനിന്ന് ഒരാത്മാവും ഒരുഹൃദയവുമായി ഈശോമിശിഹായുടെ ഉയിർപ്പിന് എല്ലാ ജീവിതരംഗങ്ങളിലും അതീവശക്തിയോടെ സാക്ഷ്യം നല്കണം. കുടുംബകൂട്ടായ്മയിലൂടെ പരസ്പരം അറിഞ്ഞും സ്നേഹിച്ചും പരസ്പരം അംഗീകരിച്ചും പങ്കുവച്ചും വളരുന്ന നമ്മുടെ സമൂഹം ഒരുമിച്ചു പ്രാർത്ഥിച്ചും പ്രവർത്തിച്ചും ഇടവകകളുടെയും രൂപതയുടെയും ചാലകശക്തിയായി മാറിക്കൊണ്ടിരിക്കുകയാണ്. ആദിമസഭയുടെ ചൈതന്യം നിലനിൽക്കുന്ന ക്രൈസ്തവസമൂഹങ്ങളുടെ രൂപീകരണമാണ് സീറോ മലബാർ സഭ കുടുംബകൂട്ടായ്മയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. പാലാ രൂപതയുടെ ശബ്ദമായ പാലാ ദൂതിന്റെ വീടുവീടാന്തരമുള്ള വിതരണത്തിലും നമ്മുടെ സ്വപ്നപദ്ധതിയായ കുടിൽരഹിത പാലാ എന്ന ലക്ഷ്യപ്രാപ്തിക്കും കുടുംബകൂട്ടായ്മ ശുശ്രൂഷകർ നൽകിവരുന്ന സഹകരണം ഏറെ ശ്ലാഘനീയമാണ്. ആദിമസഭയുടെ ചൈതന്യത്തിലേയ്ക്കുള്ള പ്രയാണത്തിൽ ഇനിയും ഏറെ ദൂരം നാം പിന്നിടാനുണ്ട്. സഭയോടു ചേർന്നു ചിന്തിച്ചും പ്രവർത്തിച്ചും രൂപതയോടും ഇടവകയോടും ചേർന്നുനിന്ന് കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ സഹിഷ്ണുതയോടെ

അതിജീവിച്ചും മാത്രമേ ലക്ഷ്യത്തിൽ എത്തിച്ചേരാൻ നമുക്കു കഴിയൂ.

കുടുംബകൂട്ടായ്മയുടെ 23-ാമത് വാർഷികസമ്മേളനം ഈ മാസം 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ നമ്മൾ ആരംഭിച്ചിരിക്കുന്ന ചേർപ്പുങ്കലിലുള്ള മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് നടത്തപ്പെടുകയാണ്. ഓരോ ഇട വകയിൽനിന്നും 5 പ്രതിനിധികളെ വീതം അയച്ചും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പങ്കാളിത്തം കൊണ്ടും ഈ കൂടിവരവ് വിജയിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 23-8-2019

---

NB: ഈ സർക്കുലറും ഇതിനെ തുടർന്ന് നൽകിയിരിക്കുന്ന കർഷകസംരംഭത്തെ സംബന്ധിച്ച സർക്കുലറും 2019 സെപ്തംബർ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ 255

# കർഷക സംരംഭങ്ങൾ ഇന്നിന്റെ ആവശ്യം

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീസന്യാസികളേ, സഹോദരീ സഹോദരന്മാരേ,

കാർഷികവിളകളും ഫലങ്ങളും നൂതനസാങ്കേതികവിദ്യയിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന കർഷകസംരംഭങ്ങളും രൂപതയിലുടനീളം വളർന്നുവരണം. കാഞ്ഞിരമറ്റം, മൂഴൂർ, പറത്താനം എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുള്ളവിധം മറ്റിടങ്ങളിലും ഗ്രാമീണ കർഷകകൂട്ടായ്മകൾ സംരംഭങ്ങൾക്ക് നേതൃത്വം നൽകണം. വൈദികരുടെയും ഇടവക സമൂഹത്തിന്റെ പിൻതുണയും പ്രോത്സാഹനവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം. ഇൻഫാമിന്റെയും പി.എസ്.ഡബ്ല്യു.എസിന്റെയും നേതൃത്വത്തിൽ നടന്നുവരുന്ന കർഷകകൂട്ടായ്മകളുടെയും കർഷകബാങ്കിന്റെയും അവലോകന സമ്മേളനത്തിൽ കർഷകബാങ്കിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തണമെന്നും എല്ലാ ഇടവകകളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. പത്തു മുതൽ ഇരുപതുവരെ കർഷകർ അംഗങ്ങളാകുന്ന കർഷകദളങ്ങളും അവയുടെ ഇടവകതല സംവിധാനമായ കർഷകദള ഫെഡറേഷനുകളും കാർഷികരംഗത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. 18 ഇടവകകളിൽ ഫാർമേഴ്സ് ക്ലബുകൾ പ്രവർത്തിക്കുന്നതായും നബാർഡിന്റെയും മറ്റു ധനകാര്യവികസന ഏജൻസികളുടെയും സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നേടിയെടുക്കുവാൻ ഫാർമേഴ്സ് ക്ലബ്ബുകൾ സഹായകമാണെന്നും യോഗം വിലയിരുത്തി. രൂപതയിൽ ആദ്യമായി പി.എസ്.ഡബ്ല്യു.എസിന്റെ മേൽനോട്ടത്തിൽ കാഞ്ഞിരമറ്റത്ത് അഗ്രോ പ്രൊഡ്യൂസർ കമ്പനി ആരംഭിക്കുവാൻ കഴിഞ്ഞതും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കാർഷികവിഭവങ്ങളെ മാറ്റാനും അവയുടെ വിപ

ണനവും സാധിക്കുമെന്ന് തെളിയിച്ചതും കൃഷി വകുപ്പിന്റെയും ജില്ലാ, ബ്ലോക്കു പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായം നേടിയെടുക്കാൻ കഴിഞ്ഞതും ഇക്കോഷോപ്പ് പ്രവർത്തനം ആരംഭിച്ചതും ഇതിലൂടെ ഗ്രാമീണ കർഷകർക്ക് തൊഴിലവസരവും വരുമാനവർദ്ധനയും ഗുണമേന്മയുള്ള ഭക്ഷ്യ വസ്തുക്കളുടെ ലഭ്യതയും ഉറപ്പുവരുത്താനായതും അഭിമാന കരമായ കാര്യങ്ങളാണ്. ഇത്തരം മൂല്യവർദ്ധിത സംരംഭങ്ങൾ രൂപതയുടെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കാനാകണം. ഒരു ഫൊറോനയിൽ ഒന്നെങ്കിലും മൂല്യവർദ്ധിത സംരംഭങ്ങൾ ആരം ഭിച്ചുകൊണ്ട് ഇത്തരം സംരംഭങ്ങളുടെ പാരസ്പര്യത്തിലൂടെ ശൃംഖലാവിപണനവും പ്രധാനപട്ടണങ്ങളിൽ എങ്കിലും സ്ഥിരം കടകളും നമുക്ക് ആരംഭിക്കണം. ഗുണമേന്മ ഉറപ്പുവരുത്തുന്ന ഉല്പന്നങ്ങൾക്ക് രൂപതാതലത്തിൽ ഒരു 'ബ്രാന്റ് നെയിം' സ്വീകരിച്ച് വിപണനസാധ്യത വർദ്ധിപ്പിക്കണമെന്നും, രാജ്യത്തി നകത്തും പുറത്തുമുള്ള രൂപതകളുടെ സഹകരണത്തോടെ അവയുടെ വിപണനത്തിനുള്ള സാധ്യത കണ്ടെത്തണമെന്നും അഭിപ്രായമുയർന്നു. ഓരോ ഭവനത്തിലും ജൈവകൃഷിയിലൂടെ അടുക്കളത്തോട്ടങ്ങൾ നിർമ്മിച്ച് പച്ചക്കറികൾ ഉൽപാദിപ്പിക്കു ന്നതുവഴി വിഷലിപ്തമായ പച്ചക്കറിയുടെ ഉപയോഗം ഇല്ലാ താക്കി നമ്മുടെ ആരോഗ്യം സംരക്ഷിക്കേണ്ടത് വളരെ ആവ ശ്യമാണ്. ഇൻഫാം, പി.എസ്.ഡബ്ല്യു.എസ്, എ.കെ.സി.സി, പിതൃവേദി, മാതൃവേദി, ഡി.സി.എം.എസ്, എസ്.എം.വൈ.എം, ദീപിക ഫ്രണ്ട്സ് ക്ലബ്, വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടങ്ങി എല്ലാ സംഘടനകളുടെയും യോജിച്ച മുന്നേറ്റം കർഷ കരക്ഷയ്ക്കും കാർഷിക മൂല്യങ്ങളുടെയും സംസ്കാരത്തി ന്റെയും സംരക്ഷണത്തിനും അനിവാര്യമാണ്.

**വീട്ടിലൊരു മത്സ്യക്കുളം :** ഓരോ വീട്ടിലും - സാധി ക്കുമെങ്കിൽ കൂട്ടായ്മകളിൽ - അവനവന്റെ ആവശ്യ ത്തിനുതകുംവിധം മത്സ്യകൃഷി ആരംഭിക്കണം. 'മൂഴൂർ' മോഡൽ ഫെറോസിമന്റ് ടാങ്കുകളോ പടുതാകുളങ്ങളോ

നിർമ്മിച്ച് മത്സ്യം വളർത്തണം. മത്സ്യകുളങ്ങളുടെ നിർമ്മാണ സാങ്കേതികവിദ്യയും മത്സ്യകുഞ്ഞുങ്ങളും പി.എസ്.ഡബ്ല്യു.എ സിൽ ലഭ്യമാകും. ആവശ്യത്തിൽലധികം വരുന്ന മത്സ്യത്തിന് വിപണന സാധ്യത ഉറപ്പാക്കാൻ ശ്രമിക്കും.

**മുട്ടഗ്രാമം :** എല്ലാ വീടുകളിലും മുട്ടക്കോഴികളെ വളർത്തണം. ഒറ്റ സീസണിൽത്തന്നെ 380 മുട്ടകൾ ഇടുന്ന ബി.വി. 380 ഹൈബ്രീഡ് കോഴികുഞ്ഞുങ്ങളും ഗ്രാമപ്രിയ, ഗ്രാമ ലക്ഷ്മി തുടങ്ങി വിവിധയിനം കോഴികുഞ്ഞുങ്ങളും ഹൈടെക് കോഴിക്കൂടുകളും പി.എസ്.ഡബ്ല്യു.എസ് ആവശ്യാനുസരണം വിതരണം ചെയ്യും. അധികം വരുന്ന മുട്ടകളുടെ വിപണനത്തിന് വിപണി സൗകര്യം ലഭ്യമാക്കുന്നതുവഴി വരുമാനവർദ്ധനവും ഉറപ്പാക്കാൻ സാധിക്കും.

**സാമൂഹ്യസുരക്ഷാപദ്ധതികളുടെ പ്രയോജനപ്പെടുത്തൽ :** എല്ലാ വിഭാഗം ജനങ്ങൾക്കും സഹായമാകുന്ന ഭാരതസർക്കാരിന്റെ വിവിധ ഇൻഷുറൻസ് പദ്ധതികളിൽ നമ്മൾ അംഗങ്ങളാകണം. മാസം 1 രൂപാനിരക്കിൽ 2 ലക്ഷം രൂപയുടെ വരെ അപകട ഇൻഷുറൻസ് ലഭിക്കുന്ന പ്രധാനമന്ത്രി സുരക്ഷാ ബീമായോജന (PMSBY), അസംഘടിതമേഖലയിൽ ജോലി ചെയ്യുന്നവർക്ക് പെൻഷൻ ലഭ്യമാക്കുന്ന അടൽപെൻഷൻ യോജന (APY), മാസം 27 രൂപാ 50 പൈസ നിരക്കിൽ 2 ലക്ഷം രൂപയുടെ ലൈഫ് ഇൻഷുറൻസ് ലഭിക്കുന്ന പ്രധാന മന്ത്രി ജീവൻ ജ്യോതി ബീമായോജന (PMJJBY), പ്രതിവർഷം അഞ്ചുലക്ഷം രൂപയുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്ന ആയുഷ്മാൻ ഭാരത് തുടങ്ങി വിവിധ പദ്ധതികൾ നമ്മുടെ ആളുകൾ മനസ്സിലാക്കുകയും അവയിൽ പങ്കാളികളാവുകയും വേണം. ഇങ്ങനെയുള്ള പദ്ധതികൾ അറിയുകപോലും ചെയ്യാതെ പോകുന്ന സാഹചര്യം മാറേണ്ടതുണ്ട്. നമുക്കുള്ള അറിവിനെ മറ്റുള്ളവരുടെ നന്മയ്ക്കായി പങ്കുവയ്ക്കുന്നതിനുള്ള സംസ്കാരം നമുക്ക് ഉണ്ടാകണം. ക്രൈസ്തവ സമൂഹത്തിന്റെ

അടിസ്ഥാന സ്വഭാവമായ പങ്കുവയ്ക്കൽ ഇങ്ങനെയും നമുക്ക് പ്രായോഗികമാക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 29.8.2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

---

NB: ഈ സർക്കുലറും ഇതിനുതൊട്ടുമുമ്പ് നൽകിയിരിക്കുന്ന കുടുംബ കൂട്ടായ്മയെക്കുറിച്ചുള്ള സർക്കുലറും 2019 സെപ്തംബർ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ 256

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീ സന്യാസികളേ, സഹോദരീ സഹോദരന്മാരേ,

ക്രൈസ്തവസ്നേഹത്താൽ പ്രേരിതരായി ഉപവിയുടെയും നീതിയുടെയും കരുണയുടെയും അരൂപിയിൽ ദരിദ്രരായ സഹോദരങ്ങളെ സഹായിച്ചുകൊണ്ട് ക്രിസ്തീയ വിശ്വാസം പ്രായോഗികമാക്കുന്ന കത്തോലിക്കാ അല്മായരുടെ അന്തർദ്ദേശീയ സംഘടനയാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. ഫ്രാൻസിലെ സോർബോൺ യൂണിവേഴ്സിറ്റിയിലെ നിയമവിദ്യാർത്ഥിയായിരുന്ന ഫ്രെഡറിക് ഓസാനവും സഹപാഠികളും ചേർന്ന് 1833 ൽ പാരീസ് ആസ്ഥാനമായി ഈ ജീവകാരുണ്യസംഘടന സ്ഥാപിച്ചു. ക്രിസ്തീയ വിശ്വാസം പ്രായോഗികമാകുന്ന രീതിയിൽ അയൽക്കാരെ സ്നേഹിച്ചുകൊണ്ട് തങ്ങളുടെ പ്രവർത്തനങ്ങൾ അന്വർത്ഥമാക്കുകയാണ് സൊസൈറ്റിയുടെ ലക്ഷ്യം. വ്യക്തിപരമായ സേവനവും സമർപ്പണവുമാണ് ഇതിന്റെ കാതൽ. തങ്ങളുടെ സമയത്തിന്റെയും സമ്പത്തിന്റെയും കഴിവുകളുടെയും ന്യായമായ ഓഹരി മറ്റുള്ളവർക്കു നൽകികൊണ്ട് സ്നേഹവും അനുകമ്പയും പരിഗണനയും പ്രകടമാക്കുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരെ സഹായിക്കുവാൻ ജീവിതം സമർപ്പിച്ച വി. വിൻസെന്റ് ഡി പോളിന്റെ പേരിൽ സൊസൈറ്റി അറിയപ്പെടുന്നു. സഭയുടെ കാരുണ്യത്തിന്റെ മുഖമാണ് ഈ സംഘടന.

ഇന്ത്യയിലെ ആദ്യ കോൺഫറൻസ് 1852 ൽ പോണ്ടിച്ചേരിയിൽ സ്ഥാപിതമായി. 1863 ൽ മുംബൈ ആസ്ഥാനമായി ഔദ്യോഗികമായി സംഘടന ആരംഭിച്ചു. 1953 ൽ ദേശീയ കൗൺസിൽ സ്ഥാപിതമായി. കേരളത്തിലെ ആദ്യ കോൺഫറൻസ് 1878 ൽ തിരുവനന്തപുരത്ത് പാളയത്താണ് ആരംഭം

കുറിച്ചത്. 1950 ൽ പാലാ രൂപത സ്ഥാപിതമാകുന്നതിനുമുമ്പു തന്നെ 1941 ൽ പാലാ ളാലം ഇടവകയിൽ ഒരു കോൺഫറൻസ് പ്രവർത്തനം ആരംഭിച്ചു. പാലാ രൂപത സ്ഥാപിതമായതിനെ തുടർന്ന് 1953 ൽ പാലാ സെൻട്രൽ കൗൺസിൽ രൂപീകരിച്ചു. 1953 ൽ 26 കോൺഫറൻസുകളുമായി തുടങ്ങിയ പാലാ സെൻട്രൽ കൗൺസിലിൽ ഇപ്പോൾ 184 കോൺഫറൻസുകളും 2071 സജീവാംഗങ്ങളും 2970 സഹായാംഗങ്ങളും ഉണ്ട്.

ജാതി-മത ഭേദമെന്യേ പാവപ്പെട്ടവരായ സഹോദരങ്ങൾക്ക് ഭവനനിർമ്മാണത്തിനും വിദ്യാഭ്യാസത്തിനും ഭക്ഷണത്തിനും ചികിത്സയ്ക്കും വിവാഹത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾക്കും നിർലോഭമായി സഹായം നൽകുന്നു. കൂടാതെ രോഗികളെയും പ്രായമായവരെയും ആശുപത്രികളിലും വീടുകളിലും സന്ദർശിച്ച് സഹായവും ആശ്വാസവും നൽകുന്നു. വിദേശ കോൺഫറൻസുകളുടെ ട്വിന്നേജ് സഹായവും പ്രോജക്ടുകളും വിദ്യാഭ്യാസ സ്കോളർഷിപ്പുകളും വിതരണം ചെയ്യുന്നു. എല്ലാ വർഷവും സെപ്തംബർ മാസം വിൻസെൻഷ്യൻ മാസമായി ആചരിക്കുന്നു. കൂടാതെ ഏകദിനധ്യാനവും നടത്തുന്നു. യുവജനങ്ങളെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി യുവജനമത്സരങ്ങൾ സി.സി. അടിസ്ഥാനത്തിലും സംസ്ഥാനതലത്തിലും നടത്തി ട്രോഫികളും സമ്മാനങ്ങളും നൽകുന്നു. വനിതകൾക്കും യുവജനങ്ങൾക്കുമായി സി.സി. സോണൽ അടിസ്ഥാനത്തിൽ ക്യാമ്പുകൾ നടത്തുന്നതും പതിവാണ്.

വാർഷിക കണക്കുകൾ ഇന്റേർണൽ ഓഡിറ്റിംഗ് നടത്തുകയും പൊതുയോഗങ്ങൾ നടത്തി പാസ്സാക്കുകയും സംക്ഷിപ്ത റിപ്പോർട്ട് പ്രസിദ്ധീകരിച്ച് ഇടവകകളിൽ വിതരണം ചെയ്യുകയും ചെയ്ത് പണമിടപാടുകളും പ്രവർത്തനങ്ങളും കൂടുതൽ സുതാര്യമാക്കുകയും ചെയ്യുന്നു. രാമപു

രത്തെ കുഞ്ഞച്ചൻ മിഷനറി ഭവനും അനുബന്ധ സ്ഥാപന ങ്ങളും വഴി മാനസികാസ്വാസ്ഥ്യമുള്ള 150 ൽപരം സഹോദര ങ്ങളെ നോക്കി പരിപാലിക്കുന്നു. കൊഴുവനാലുള്ള സെന്റ് മേരീസ് അഗതിമന്ദിരത്തിൽ 40 അന്തേവാസികളാണുള്ളത്. ഇവിടെയൊക്കെ വിൻസെൻഷ്യൻ സഹോദരങ്ങൾ നിസ്തു ലമായ സേവനമാണ് ചെയ്യുന്നത്. കഴിഞ്ഞവർഷത്തെ മഹാ പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് കോൺഫറൻസുകളും ഏരിയാ കൗൺസിലുകളും സി.സി.യും കഴിയുന്നത്ര സഹാ യങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും നടത്തി. ഇടുക്കി, കുട്ടനാട്, പത്തനംതിട്ട, കാലടി, കാഞ്ഞൂർ, ചാലക്കുടി തുട ങ്ങിയ പ്രദേശങ്ങളിൽ വിൻസെൻഷ്യൻ സഹോദരങ്ങൾ സഹാ യഹസ്തങ്ങളുമായി ഓടിയെത്തി. ദളിത് കത്തോലിക്കാ സഹോദരങ്ങൾക്കായി 20 ഭവനങ്ങൾ പണിയുകയും 20 ഭവന ങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു. ഇപ്രകാ രമുള്ള കാരുണ്യപ്രവർത്തനങ്ങളുടെ മികച്ച പാരമ്പര്യമാണ് പാലാ രൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്കുള്ളത്

2017-18 വർഷത്തിൽ 4.29 കോടി രൂപയും 2018-19 ൽ 4.85 കോടിരൂപയും മൊത്തം ധനസഹായം വിവിധയിനങ്ങളി ലായി നമ്മുടെ രൂപതയിലെ വിൻസെൻഷ്യൻ സഹോദരങ്ങൾ നൽകുകയുണ്ടായി. ഇതോടൊപ്പം ഓരോ ആഴ്ചയിലുമുള്ള രോഗീസന്ദർശനങ്ങളും ആത്മീയ കാര്യങ്ങളിലുള്ള ശ്രദ്ധയും മറ്റു സഹായങ്ങളും ശ്രദ്ധേയമാണ്. വിദേശസഹായം ഇതിൽ 18 ലക്ഷത്തോളം രൂപ മാത്രമാണെന്ന കാര്യം പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്. 3413 കത്തോലിക്കർക്കും 1150 അക്രൈസ്ത വർക്കും, ദത്തു കുടുംബസഹായം വഴി 1.12 കോടിരൂപയും ചികിത്സാസഹായമായി 82.64 ലക്ഷം രൂപയും വിദ്യാഭ്യാസസ ഹായമായി 33.33 ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് 1.22 കോടി രൂപയും ഭക്ഷണസഹായമായി 42.92 ലക്ഷം രൂപയും നൽകുകയുണ്ടായി. ഇന്റേർണൽ ടിന്നിംഗ് വഴി കേരളത്തിനു

പുറത്തുള്ള മിഷൻ കേന്ദ്രങ്ങളിലും ആദിവാസി മേഖലകളിലും സഹായമെത്തിച്ചു കൊടുക്കുന്നുണ്ട്.

അല്മായരായ നമ്മുടെ വിൻസെൻഷ്യൻ സഹോദര ങ്ങൾ യാതൊരു പരസ്യവും നൽകാതെ നൽകുന്ന നിശബ്ദ സേവനം ശ്ലാഘനീയമാണ്. വിൻസെന്റ് ഡി പോൾ സൊസൈ റ്റിയുടെ കോൺഫറൻസുകൾ സ്ഥാപിച്ചിട്ടില്ലാത്ത ഇടവകക ളിൽ കോൺഫറൻസുകൾ സ്ഥാപിച്ച് ഉപവി പ്രവർത്തനങ്ങൾ കൂടുതൽ നന്നായി നടത്തുവാൻ അല്മായ സഹോദരങ്ങൾ മുന്നോട്ടു വരികയും ബഹു. അച്ചന്മാർ വേണ്ട എല്ലാ പ്രോത്സാ ഹനങ്ങൾ നൽകുകയും വേണം. വനിതകളുടെയും യുവജന ങ്ങളുടെയും പങ്കാളിത്തം വർദ്ധിപ്പിച്ച് സൊസൈറ്റിയെ കൂടു തൽ ഊർജ്ജസ്വലമാക്കണം. കണക്കുകളിൽ സുതാര്യത പാലി ക്കുവാനും ഉപവി പ്രവർത്തനങ്ങളെ ദൈവവിളിയായി കണ ക്കാക്കി ഈശോയുടെ സ്നേഹം ദരിദ്രരായ നമ്മുടെ സഹോ ദരങ്ങൾക്ക് ധാരാളമായി നൽകുവാനും നിത്യരക്ഷ ഉറപ്പാക്കു വാനും പരിശ്രമിക്കണം. വിനയവും കാര്യക്ഷമതയും ഉപവിയും ദാരിദ്ര്യവും പ്രേഷിതത്വവും നമ്മുടെ മുഖമുദ്രയാകട്ടെ. ദൈവവും മനുഷ്യനുമായി അനുരഞ്ജനപ്പെടണം.

ക്രിസ്തീയ അല്മായരുടെ ഒരു കുടുംബമായി ആഴമേ റിയ സഹോദരബന്ധത്തിലൂന്നി വിൻസെൻഷ്യൻ വാഗ്ദാന ത്തോട് വിശ്വസ്തത പുലർത്തിക്കൊണ്ട് പ്രവർത്തിക്കുവാൻ നമുക്കു സാധിക്കട്ടെ. എളിമയുടെയും സൗഹാർദ്ദത്തിന്റെയും അരൂപിയാൽ നയിക്കപ്പെടണം. വിശുദ്ധ വിൻസെന്റ് ഡി പോൾ പറഞ്ഞിരുന്നതുപോലെ ഉപവി ഒരു പുഷ്പമാണെങ്കിൽ സൗഹാർദ്ദം അതിന്റെ പരിമളമാണ്. കത്തോലിക്കാ ജീവിത ത്തിന്റെ അച്ചടക്കവും വ്യക്തിപരമായ വിശുദ്ധിയും വിശ്വസ്ത തയും എല്ലാ അംഗങ്ങൾക്കും ഉണ്ടാകണം. സഭയോടും സൊസൈറ്റിയോടും പാവങ്ങളോടുമുള്ള വിശ്വസ്തത ഉറപ്പാ ക്കുവാൻ പ്രാർത്ഥന അത്യാവശ്യമാണ്. വിശുദ്ധ കൂദാശകൾ

സ്വീകരിച്ച് കൃപാവരത്തോടെ പ്രവർത്തനമണ്ഡലങ്ങളിലേയ്ക്ക് പോകണം. ത്യാഗമനോഭാവത്തോടെ നാം ദാനധർമ്മങ്ങൾ ചെയ്യണം. നാം മഹാമനസ്കതയുള്ളവരായി മാറി നമ്മുടെ സമയത്തിന്റെയും സമ്പത്തിന്റെയും കഴിവുകളുടെയും ഓഹരി ഉദാരമായി സംഭാവന ചെയ്യണം. ദാരിദ്ര്യവും ദുഃഖവും പിണക്കവും തീർക്കുന്നവരാകണം.

മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യങ്ങൾക്കനുസരിച്ച് സാർവ്വലൗകികത്വത്തിൽ ഏകത്വവും നാനാത്വവും ദർശിക്കുവാൻ നമുക്കു സാധിക്കണം. അന്തർദ്ദേശീയ തലത്തിൽ യുവജനങ്ങൾക്കുള്ള പ്രധാന്യം മനസ്സിലാക്കി സ്ഥാപകപിതാവായ ഓസാനാമിനെപ്പോലെയുള്ള യുവാക്കളെ കൂടുതലായി സൊസൈറ്റിയിലെ അംഗങ്ങളായി ചേർക്കുവാനും സുപ്രധാന സ്ഥാനങ്ങളിലേയ്ക്ക് അവരെ തിരഞ്ഞെടുക്കുവാനും അവരെ മനസ്സിലാക്കുവാനും ക്ഷമാപൂർവ്വം സംഭാഷണം നടത്തി വീഴ്ചകൾ തിരുത്തി കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏൽപിച്ച് സൊസൈറ്റിയെ സജീവമാക്കാൻ നമുക്കു സാധിക്കണം. നല്ലവനായ ദൈവം വിൻസെൻഷ്യൻ സഹോദരങ്ങളെ ആശീർവദിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 29.8.2019

---

NB: ഈ സർക്കുലറും ഇതിനെ തുടർന്നുവരുന്ന പാലാ കാരിത്താസിനെ സംബന്ധിച്ച സർക്കുലറും 2019 സെപ്റ്റംബർ 22-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ 257

# പാലാ കാരിത്താസ് ഞായർ

പ്രിയ ബഹു. അച്ചന്മാരേ, സന്യാസിനീസന്യാസികളേ, സഹോദരീ സഹോദരന്മാരേ,

നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36). പാലാ രൂപതയുടെ കരുണയുടെ ഒരു മുഖമാണ് പാലാ കാരിത്താസ്. കരുണയുടെ നീർച്ചാലുകൾക്കുമേൽ സ്വാർത്ഥതയുടെ ചിറകെട്ടുന്ന ഇന്നിന്റെ ലോകത്തിൽ കരുണയുടെയും സാന്ത്വനത്തിന്റെയും സ്പർശമാണ് പാലാ കാരിത്താസ് വിദ്യാഭ്യാസ സഹായപദ്ധതി. കാരിത്താസ് എന്ന ലത്തീൻ പദം സൂചിപ്പിക്കുന്നതുപോലെ കരുണയുടെയും ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രായോഗിക വശങ്ങൾ മാനവകുലത്തിനു പകർന്നു നൽകാൻ പാലാ കാരിത്താസിനു സാധിക്കുന്നു. കരുണയുടെ നീർച്ചാലുകൾ ഇനിയും വറ്റിയിട്ടില്ല എന്നു ദ്യോതിപ്പിക്കുന്ന സുമനസ്സുകളുടെ കൂട്ടായ്മയായ ഈ പദ്ധതി ആറ് വർഷം പിന്നിടുകയാണ്. 2013 ലെ വിശ്വാസ വർഷത്തിൽ പാലാ രൂപത തുടക്കമിട്ട ഈ പദ്ധതിയിലൂടെ സാമ്പത്തിക പരാധീനതയുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത പരിശീലനത്തിനും സാമ്പത്തിക സഹായം നൽകി വരുന്നു.

നമ്മുടെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ വിദ്യാഭ്യാസം എല്ലാവർക്കും ഒരുപോലെ സംലഭ്യമാകണമെന്ന കാര്യമാണ് പാലാ കാരിത്താസ് എന്ന സഹായ പദ്ധതി വിഭാവനം ചെയ്യുന്നത്. അനുദിനം ചിലവുകളേറി വരുന്ന വിദ്യാഭ്യാസരംഗത്ത് സാധാരണക്കാർക്ക് വിദ്യാഭ്യാസം ഒരു സ്വപ്നം മാത്രമായി അവശേഷിക്കാതിരിക്കാനുള്ള ഒരു കരുതലും താങ്ങുമാണ് ഈ സംരംഭം. ''ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ,

ഈശോയ്ക്ക് അവരുടെ മേൽ അനുകമ്പതോന്നി” (മത്തായി. 9:36). ഈശോയ്ക്കുണ്ടായിരുന്ന ഈ കരുതൽ നമുക്കും തോന്നേണ്ടത് അനിവാര്യമാണ്.

രൂപതാ കേന്ദ്രത്തോടു ചേർന്നു പ്രവർത്തിക്കുന്ന പാലാ കാരിത്താസിന്റെ ഇപ്പോഴത്തെ ഡയറക്ടറായ ബഹു. മാത്യു കിഴക്കേഅരഞ്ഞാണിയിലച്ചന്റെയും മുൻ ഡയറക്ടർമാരായിരുന്ന ബഹു. കക്കാട്ടിലച്ചന്റെയും ബഹു. വെള്ളമരുതുങ്കലച്ചന്റെയും അശ്രാന്ത പരിശ്രമമാണ് ഈ പദ്ധതിയ്ക്ക് ഉണർവ്വും ഉത്സാഹവും പകർന്നു വളർത്തികൊണ്ടിരിക്കുന്നത്. 2018 – 19 വർഷത്തിൽ 436 പേർക്കായി 42 ലക്ഷം രൂപ വിതരണം ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞവരിൽ 183 പേർ തന്നാണ്ടത്തെ അപേക്ഷകരായിരുന്നു. ഉപരിപഠനത്തിന് വേണ്ടി വരുന്ന ചിലവ്, അപേക്ഷകരുടെ സാമ്പത്തിക പരാധീനതയുടെ അവസ്ഥ എന്നിവ പരിഗണിച്ച് Rs. 5000, Rs. 10000, Rs. 15000 എന്നീ വിധത്തിലാണ് സ്കോളർഷിപ്പുകൾ നൽകി വരുന്നത്. സ്പോൺസർമാരായി പലരും സഹകരിക്കുന്നതു വഴിയാണ് ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നത്. സ്ഥിരമായോ മൂന്നുവർഷത്തേയ്ക്ക് തുടർച്ചയായോ Rs. 5000 മോ, Rs. 10000 മോ, Rs. 15000 മോ വീതം നൽകി പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ സ്പോൺസർഷിപ്പ് പദ്ധതിയിൽ സഹകരികളാകാൻ സാധിച്ചിരുന്നെങ്കിൽ പാവപ്പെട്ടവർക്ക് വലിയ ഒരു സഹായമാകുമായിരുന്നു. കൂടാതെ ഒരു ലക്ഷം രൂപ സംഭാവന ചെയ്തുകൊണ്ട് ഈ സ്നേഹസംരംഭത്തിന്റെ Partner ആകാനും സാധിക്കും. ഇങ്ങനെ മുൻ വർഷങ്ങളിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. സെപ്റ്റംബർ 29-ാം തീയതി നമ്മുടെ രൂപതയിൽ കാരിത്താസ് ഞായർ ആചരിച്ചുകൊണ്ട് എല്ലാവരുടെയും പ്രാർത്ഥനയും സഹായസഹകരണങ്ങളും പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. അന്നേദിവസം നമ്മുടെ ദൈവാലയങ്ങളിൽ നിന്നും സ്വീകരിക്കുന്നതായ സ്തോത്രകാഴ്ചയും മറ്റു

സംഭാവനകളും ഈ നിയോഗത്തിൽ നൽകുന്നതിനായി ശ്രദ്ധി ക്കുമല്ലോ. കരുണാമയനായ കർത്താവു നമ്മുടെ സന്മനസ്സു കൾക്ക് ധാരാളമായി പ്രതിഫലം നൽകുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 23-8-2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

---

NB: ഈ സർക്കുലറും ഇതിനു മുമ്പ് നൽകിയിരിക്കുന്ന വിൻസെന്റ് ഡീ പോളിനെ സംബന്ധിക്കുന്ന സർക്കുലറും 2019 സെപ്തംബർ 22-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

2019 സെപ്തംബർ 29-നുള്ള സ്തോത്രക്കാഴ്ച പാലാ കാരിത്താസിനുവേണ്ടി സ്വീകരിച്ച് ഒക്ടോബർ 20-ന് മുമ്പായി രൂപത പ്രൊക്യൂറേറ്ററെ ഏല്പിക്കുമല്ലോ.

Ref.3222/K-5/KCBC/OL/DS 23 August 2019

## വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്ന തിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവി ക്കുന്ന സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

മറിയം ത്രേസ്യ എന്ന ഒരു വിശുദ്ധയെക്കൂടി സമ്മാനിച്ചുകൊണ്ട് 2019 ഒക്ടോബർ 13-നു കേരളസഭ, തിരുസഭയുടെ ചരിത്രത്തിൽ ഒരിക്കൽക്കൂടി സ്ഥാനം പിടിക്കുമ്പോൾ സന്തോഷിക്കാനും അഭിമാനിക്കാനും നമുക്കു വക ലഭിക്കുന്നു. ഒരു വിശുദ്ധനോ വിശുദ്ധയോ ആയി ജീവിക്കുകയെന്നാൽ എല്ലാ ജീവിതാനുഭവങ്ങളെയും, പ്രത്യേകിച്ചു സഹനങ്ങളെയും പരീക്ഷണങ്ങളെയും പരാജയങ്ങളെയും വിശ്വാസത്തിന്റെ കൃപയിലൂടെ സ്വീകരിച്ചു സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നതാണ്.

ദൈവിക പുണ്യങ്ങൾ വീരോചിതമായി ജീവിച്ചു എന്ന് സുദീർഘവും ശ്രമകരവും ശാസ്ത്രീയവുമായ പഠനങ്ങളിലൂടെ സ്ഥിരീകരിച്ചതിനു ശേഷമാണു തിരുസഭ, മറിയം ത്രേസ്യയെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നത്. ഈ പ്രക്രിയ ആരംഭിച്ചതു വിശ്വാസികൾ തന്നെയാണ്. തിന്മയിൽനിന്നകന്നു ദൈവിക പുണ്യങ്ങളഭ്യസിക്കുകയും വിശുദ്ധജീവിതം നയിച്ച് കുടുംബങ്ങളിൽ കരുണാർദ്രസ്നേഹം പകരുകയും പുണ്യവതി എന്ന് അറിയപ്പെടുകയും ചെയ്തിരുന്ന മദർ മറിയം ത്രേസ്യയുടെ മരണാനന്തരം അനേകർ മദ്ധ്യസ്ഥസഹായം യാചിച്ചു പ്രാർത്ഥിച്ചിരുന്നു. അനുഗ്രഹം ലഭിച്ചവർ പരസ്പരം വിവരം കൈമാറുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുകയുണ്ടായി. നീണ്ട 24 വർഷം മറിയം ത്രേസ്യയുടെ ആദ്ധ്യാത്മിക

പിതാവും മദർ സ്ഥാപിച്ച ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സഹസ്ഥാപകനും ധന്യൻ എന്ന പദവി ലഭിച്ചവനും ആയ ഫാ. ജോസഫ് വിതയത്തിൽ തന്റെ മരണത്തിന് ഏഴു വർഷം മുമ്പ്, 1957-ൽ, മദറിനെ സംബന്ധിച്ച എല്ലാ രേഖകളും തൃശൂർ രൂപതാ മെത്രാനു (മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിനു) കൈമാറി.

1973-ൽ നാമകരണ നടപടിക്ക് ആരംഭം കുറിച്ചതോടെ ദൈവദാസി എന്ന ആദ്യപദവിക്ക് മദർ അർഹയായി. രൂപതാ തലപഠനത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ട ഹിസ്റ്റോറിക്കൽ കമ്മീഷൻ, ട്രൈബ്യൂണൽ അംഗങ്ങൾ എന്നിവർ മദർ ജീവിച്ച സാഹചര്യം, ജീവിതശൈലി, സുകൃതങ്ങൾ, എഴുത്തുകൾ, ഉപദേശങ്ങൾ എന്നിവയും മദറുമായി അടുത്ത ബന്ധം പുലർത്തിയ വ്യക്തികളുടെ സാക്ഷ്യങ്ങളും ഗൗരവമായി പഠിച്ചു വിശകലനം ചെയ്തു രൂപരേഖകൾ തയ്യാറാക്കി റോമിലേക്ക് അയച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ജോർജ്ജ് നെടുങ്ങാട്ട് S.J. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ Positio ദൈവശാസ്ത്രജ്ഞ്ജരും കർദ്ദിനാൾമാരും പഠിച്ചതിനു ശേഷം വി. ജോൺ പോൾ പാപ്പ അംഗീകരിച്ച് 1999-ൽ മദറിനെ ധന്യയെന്നു പ്രഖ്യാപിച്ചു.

ഇതിനിടയിൽ 1974-ൽ തൃശ്ശൂർ രൂപതയിലെ അമ്മാടം ഇടവകയിലെ പല്ലിശ്ശേരി മാത്യു എന്ന 14 വയസ്സുകാരന്റെ ഉള്ളിലേക്കു വളഞ്ഞിരുന്ന രണ്ടു കാല്പാദങ്ങളും നിവർന്നത് മദർ മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതമാണെന്നു വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ സ്ഥിരീകരിച്ചതിനാൽ 2000 ഏപ്രിൽ 9-നു വത്തിക്കാനിൽ വച്ചു ജോൺ പോൾ പാപ്പാ മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചു.

വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള രണ്ടാമത്തെ അത്ഭുതം നടന്നത് 2009 ഏപ്രിൽ 9-നാണ്. തൃശൂർ അമല ആശുപത്രിയിൽ പെരിഞ്ചേരി ചൂണ്ടൽ ജോഷി-ഷിബി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ക്രിസ്റ്റഫർ ജോഷി പൂർണ്ണവളർച്ചയെത്താതെ ജനിച്ചു. താമസിയാതെതന്നെ Persistant Pulmonary Distress Syndrom എന്ന രോഗം മൂർഛിച്ച് Respiratory failure മൂലം ഗുരുതരാവസ്ഥയിലായി. മരണത്തോടു മല്ലടിച്ചിരുന്ന കുഞ്ഞിനു വേണ്ടി വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും മൂന്നാം ദിവസം തിരുശേഷിപ്പ് കുഞ്ഞിന്റെ മേൽ വച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അരമണിക്കൂറിനു ശേഷം കുഞ്ഞ് അത്ഭുതാവഹമാംവിധം സുഖപ്പെടുകയും ശ്വാസോഛ്വാസം സാധാരണനിലയിലാകുകയും ചെയ്തു. ഇത്തരം രോഗമുള്ള കുഞ്ഞുങ്ങൾക്കു കൊടുക്കേണ്ട മരുന്നോ വെന്റിലേറ്റർ സഹായമോ അന്ന് അവിടെ ലഭ്യമായിരുന്നില്ല. അവ ഇല്ലാതെതന്നെ ദ്രുതഗതിയിലും പൂർണ്ണമായും ലഭിച്ച സുഖപ്രാപ്തി അത്ഭുതമാണ്, വൈദ്യശാസ്ത്രത്തിനു വിവരിക്കാനാവാത്തതാണ് എന്ന് ചികിത്സിച്ചിരുന്ന ഡോക്ടർ ശ്രീനിവാസൻ സ്ഥിരീകരിക്കുകയുണ്ടായി. തൃശൂർ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിയോഗിച്ച ട്രൈബ്യൂണൽ അംഗങ്ങൾ ഈ അത്ഭുതം കൂലംകഷമായി പഠിച്ച് 2013 -ൽ റിപ്പോർട്ടു സമർപ്പിച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ബനഡിക്ട് വടക്കേക്കര O.F.M. Cap. ന്റെ നേതൃത്വത്തിൽ Miracle Positio തയ്യാറാക്കി തിരുസംഘത്തിനു നൽകി. വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ ഘട്ടം ഘട്ടമായി പരിശോധിച്ച് ഐക്യകണ്ഠേന പാസാക്കി Positio പരിശുദ്ധ പിതാവിനു സമർപ്പിച്ചതിനു ശേഷമാണു ജൂലായ് 1-ാം തീയതി കൂടിയ Public Consistory യിൽ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയെ ഒക്ടോബർ 13-നു വിശുദ്ധയായി പ്രഖ്യാപിക്കുമെന്ന തീരുമാനമുണ്ടായത്.

വിശുദ്ധയായ മറിയം ത്രേസ്യ ജനിച്ചത് ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമാ - താണ്ട ദമ്പതികളുടെ മൂന്നാമത്തെ സന്താനമായിട്ടാണ്. "ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ് ഏറെ ക്ലേശിച്ചിരുന്നു" എന്നു പറഞ്ഞാണു മറിയം ത്രേസ്യ തന്റെ ആത്മകഥ തുടങ്ങുന്നത്. ദൈവത്തെ സ്നേഹിക്കാനും ദൈവികപുണ്യങ്ങൾ അഭ്യസിക്കാനും വിശുദ്ധിയിൽ ജീവിക്കാനും ഏറെ ത്യാഗങ്ങളും, സഹനങ്ങളും, പരീക്ഷണങ്ങളും അവൾ ഏറ്റെടുത്തു. തിരുക്കുടുംബം ഒന്നിച്ചും, മാതാവ്, ഉണ്ണീശോ, കുരിശു ചുമക്കുന്ന ഈശോ, യൗസേപ്പിതാവ് എന്നിവർ ഓരോരുത്തരായും പ്രത്യക്ഷപ്പെട്ട് മറിയം ത്രേസ്യയെ സഹനങ്ങളിലും പൈശാചിക പരീക്ഷണങ്ങളിലും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരുന്നതായി ത്രേസ്യയും മറ്റുള്ളവരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുക്കുടുംബാംഗങ്ങൾ അവളുടെ ജീവിതത്തിൽ സന്തതസഹചാരികളായിരുന്നു.

ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും സാന്മാർഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മധൈര്യം, ആത്മസംയമനം എന്നിവയും മറ്റു നിരവധി പുണ്യങ്ങളും വീരോചിതമായി ജീവിച്ചാണ് അവൾ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കുയർത്തപ്പെട്ടിരിക്കുന്നത്. 'ദൈവം ദൈവമല്ലേ?' 'ദൈവം ദൈവമാണെന്നുള്ള ശരണം മാത്രമാണെനിക്കുള്ളത്,' 'നമ്മുടെ ദൈവം നമ്മുടെ ശരണം' എന്ന പുണ്യവതിയുടെ ആത്മമന്ത്രങ്ങൾ അവളുടെ ആഴമായ വിശ്വാസത്തെയും ശരണത്തെയും സൂചിപ്പിക്കുന്നു.

നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചും ദിവ്യബലിയർപ്പണത്തിനായി പ്രത്യേകവിധത്തിൽ

ഒരുങ്ങിയും കാൽവരിനാഥനോടൊപ്പം ബലിയർപ്പിച്ചും ദിവ്യ കാരുണ്യത്തോടുള്ള സ്നേഹവും ഭക്തിയും അവൾ സ്വന്തമാക്കി. തനിക്ക് അറിവില്ലാതിരുന്ന സുറിയാനി ഭാഷയിൽ ബലി യർപ്പിച്ചിരുന്ന ആ കാലഘട്ടത്തിൽ ബലിയർപ്പണത്തിന്റെ അന്തഃ സത്ത ഗ്രഹിച്ച് ബലിയിൽ സംബന്ധിച്ചിരുന്ന രീതി ആത്മകഥ യിൽ എഴുതിയിരിക്കുന്നത് വായിക്കുന്നവരെ അതിശയിപ്പിക്കും. വി. കുർബാനയും ദിവ്യകാരുണ്യവും ജീവസ്രോതസ്സായിരുന്നു ത്രേസ്യയ്ക്ക്.

കുരിശിൻ ചുവട്ടിലിരുന്ന് ഈശോയുടെ പീഡാനുഭവം ധ്യാനിച്ചിരുന്ന അവൾ പീഡാനുഭവത്തിൽ പങ്കുചേരാനും ഈശോയുമായി താദാത്മ്യപ്പെടാനും ആഗ്രഹിച്ചതിന് നാഥൻ സമ്മാനമായി നൽകിയ തിരുമുറിവുകൾ അവളെ പഞ്ചക്ഷതം പേറുന്നവളാക്കി. “മതി കർത്താവേ മതി; ഈ കുരിശ് ഞാൻ ചുമന്നുകൊള്ളാം” എന്നുള്ളതു കുരിശും വഹിച്ച് ഈശോ പ്രത്യക്ഷപ്പെട്ടപ്പോഴുള്ള അവളുടെ വാക്കുകളായിരുന്നു. സഹി ക്കുന്നവരിലും ത്രേസ്യ കണ്ടത് പീഡ സഹിക്കുന്ന ഈശോ യെയാണ്. അതുകൊണ്ടു തന്നെ രോഗികൾ, മരണാസന്നർ, അനാഥർ, പാവപ്പെട്ടവർ, പാപികൾ എന്നിവർ മദർ മറിയം ത്രേസ്യയുടെ സ്നേഹത്തിനും കരുണയ്ക്കും പ്രാർത്ഥനയ്ക്കും അർഹരായി. സ്ത്രീകൾക്ക് പുറത്തിറങ്ങാൻ അനുവാദമില്ലാതി രുന്ന കാലത്ത് ഇവരെ തേടി ത്രേസ്യ കുടുംബങ്ങളിലേക്കു ചെന്നു. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കു കയും ശക്തിപ്പെടുത്തുകയും തകർന്ന കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും കൂട്ടിയിണക്കുകയും ചെയ്തിരുന്നു എന്നത് പ്രവാചക ധീരതയോടെയുള്ള ഉപവി പ്രവർത്തനമാണ്. അതുതന്നെയാണ് അവളെ കുടുംബങ്ങളുടെ മദ്ധ്യസ്ഥയും കുടുംബപ്രേഷിതരുടെ മാതൃകയുമാക്കിയത്. അവളിലെ ഉപ

വിയുടെ അലിവ് അറിയാത്തവർ പുത്തൻചിറയിലും പ്രാന്ത പ്രദേശങ്ങളിലും വളരെ വിരളമായിരുന്നു.

സാന്മാർഗിക പുണ്യങ്ങളായ വിവേകത്തിന്റെ പൂർണ്ണ തയും നീതിയുടെ ശബ്ദവും ആത്മസംയമനത്തിന്റെ കരുത്തും, ആത്മധൈര്യത്തിന്റെ ശക്തിയും മറിയം ത്രേസ്യ യുടെ ജീവിതത്തിലും ശുശ്രൂഷാമേഖലകളിലും പ്രസ്പഷ്ട മായിരുന്നു. വിനയം, വിധേയത്വം, വിട്ടുവീഴ്ചാ മനോഭാവം, തപസ്സ്, പ്രായശ്ചിത്തം, പരിത്യാഗം എന്നിവ അവളുടെ സുകൃ തങ്ങളും ജീവിതശൈലിയും ആയിരുന്നു. എളിമയുടെയും അനുസരണത്തിന്റെയും ആൾരൂപമായിരുന്നു അവൾ എന്നാണ് സമകാലീനർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ദൈവൈക്യം ലക്ഷ്യമാക്കിയുള്ള തന്റെ ആത്മീയ യാത്രയിൽ തിരുക്കുടും ബവും പാടുപീഡകൾ സഹിച്ച് ക്രൂശിതനായ ഈശോയും, ദിവ്യകാരുണ്യവുമായിരുന്നു വിശുദ്ധയുടെ ആത്മീയ സ്രോത സ്സുകൾ. ഈ ശക്തിത്രയങ്ങളിലാണ് മദർ മറിയം ത്രേസ്യ തന്റെ ആദ്ധ്യാത്മികത പടുത്തുയർത്തിയത്.

കുടുംബ ശുശ്രൂഷയ്ക്കായി തന്റെ 38-ാമത്തെ വയസ്സിൽ 1914 മെയ് 14-ന് *കോൺഗ്രിഗേഷൻ ഓഫ് ദ ഹോളി ഫാമിലി* എന്ന പേരിൽ ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം കൊടുക്കാനും അനേകം പേരെ അതിലേക്ക് ആകർഷിക്കാനും ദൈവം അനുഗ്രഹമേകി. ഒരാത്മാവുപോലും നഷ്ടപ്പെട്ട് പോക രുത് എന്ന ആഗ്രഹത്താൽ ഹൃദയത്തിൽ ദൈവസ്നേഹാ ഗ്നിയും കാലിൽ ചിറകുമായി കുടുംബങ്ങളെ രക്ഷയിലേക്കാ നയിക്കാൻ മദർ ഓടിനടന്നു. പാപികളുടെ മാനസാന്തരത്തി നായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ശുദ്ധീകരാത്മാ ക്കൾക്കായി പ്രാർത്ഥനയും പരിത്യാഗങ്ങളും നടത്താനും സദാ ഉത്സുകയായിരുന്നു. അറിവുപകരാൻ വിദ്യാലയങ്ങൾ

സ്ഥാപിച്ചും അഗതികൾക്കായി അനാഥമന്ദിരങ്ങൾ പണി തീർത്തും തന്റെയും സമൂഹത്തിന്റെയും പ്രേഷിതരംഗങ്ങൾ മദർ വിപുലീകരിച്ചു.

സാധാരണ ജനത്തിനു ഗ്രഹിക്കാൻ കഴിയാത്ത തരത്തിലുള്ള മൗതികാനുഭവങ്ങൾ, പഞ്ചക്ഷത -ക്രൂശിതാനുഭവങ്ങൾ, പൈശാചികാക്രമണങ്ങൾ എന്നിവ നിറഞ്ഞതും കാലഘട്ടത്തിനപ്പുറമുള്ള ഉന്നതമായ ചിന്താഗതികളോടെ വെല്ലുവിളികളെ സധൈര്യം ഏറ്റെടുത്തുകൊണ്ടുള്ളതും സംഭവബഹുലവും പ്രശ്നസങ്കുലിതവുമായിരുന്നു 50 വർഷം നീണ്ട ത്രേസ്യയുടെ ജീവിതം. ഈ ജീവിതത്തിൽ 24 വർഷം ത്രേസ്യയ്ക്കു ശക്തിയും പ്രചോദനവുമായി നിലകൊണ്ടതും മാർഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നിർലോഭം നൽകി നയിച്ചതും ആത്മീയപിതാവ് ധന്യൻ ജോസഫ് വിതയത്തിൽ അച്ചനാണ്. കോൺഗ്രിഗേഷൻ സ്ഥാപിച്ച് 12-ാമത്തെ വർഷത്തിൽ 1926 ജൂൺ 8-ാം തീയതി മദർ പരലോകം പുൽകി. മൂന്നാമത്തെ ഭവനമായ തുമ്പൂർ മഠത്തിന്റെ വെഞ്ചിരിപ്പു വേളയിലുണ്ടായ തിക്കിലും തിരക്കിലും പള്ളിയുടെ ക്രാസിക്കാൽ മറിഞ്ഞുണ്ടായ മുറിവാണ് മരണകാരണമായി മാറിയത്. മദറിന്റെ മരണസമയത്തു തന്നെ മൂന്ന് ഭവനങ്ങളും 55 അംഗങ്ങളും 2 സ്കൂളുകളും 10 കുട്ടികളുമുള്ള അനാഥാലയവും ഉണ്ടായിരുന്നു എന്നത് ദൈവകൃപ എന്നേ പറയാൻ കഴിയുള്ളൂ. കാരണം 100 വർഷങ്ങൾക്കുമുമ്പ് ഒന്നാം ലോകമഹായുദ്ധത്തിന്റെ കെടുതികളുള്ള കാളവണ്ടി യുഗത്തിലാണ് ഈ വളർച്ച എന്നതു തികച്ചും അത്ഭുതാവഹമാണ്.

ഒരോ കാലഘട്ടത്തിന്റെയും സംസ്കാരത്തിന്റെയും വ്യത്യസ്തതകളും വെല്ലുവിളികളും അനുസരിച്ച് തങ്ങൾക്കു ലഭിച്ച ദൈവാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിച്ചവരാണ് വിശുദ്ധർ.

ധാർമ്മികത ഉയർത്തിപ്പിടിക്കുന്ന വഴികളുപയോഗിച്ച് തങ്ങളുടെ ഇച്ഛാശക്തിയെ വരുതിയിലാക്കി ശുദ്ധമനസ്സാക്ഷിയോടെ ദൈവത്തെ പ്രാപിക്കാൻ ശ്രമിച്ചവരാണവർ. അങ്ങനെ അവർ ആത്മീയ യോദ്ധാക്കളായി മാറി. കാരണം, അതിന് ഒരുപാട് അച്ചടക്കപരമായ അഭ്യാസം (asceticism) ആവശ്യമാണ്. അത് സ്നേഹത്തിന്റെ വഴികൂടിയാണ്. സ്നേഹത്തിന്റെ പാതയിൽ വ്യക്തിയുടെ ആത്മാവ് ദൈവാത്മാവുമായി യോജിക്കപ്പെടുന്നു. അത് ചിലപ്പോൾ മറ്റുള്ളവർക്കു ഗ്രഹിക്കാൻ തക്കവണ്ണം പ്രകാശിതമാകുന്നു. അതിന്റെ പ്രതിഫലനമാണ് പഞ്ചക്ഷതവും മറ്റും. ഇക്കാര്യങ്ങൾ മറിയം ത്രേസ്യയിൽ സാക്ഷാത്കരിക്കപ്പെട്ടു എന്നു പറയാം. അതിനാലാണ് അവൾ വിശുദ്ധരുടെ പട്ടികയിൽ ചേർക്കപ്പെടുവാൻ യോഗ്യയാണെന്ന് സഭ കരുതുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നത്. നമ്മൾ അതിൽ സന്തോഷിക്കുകയും ദൈവത്തിന് സ്തുതികളർപ്പിക്കുകയും ചെയ്യുന്നു.

ഗഹനങ്ങളായ ഉദ്ബോധനങ്ങൾ മറിയം ത്രേസ്യയിൽ കാണുന്നില്ല. സാധാരണത്വം നിറഞ്ഞ, അതേസമയം ഏറെ പ്രയോഗികമായ, കാര്യങ്ങളാണവൾ നിർദ്ദേശിക്കുകയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തത്. “നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക;” “തമ്മിൽ തമ്മിൽ സ്നേഹിക്കുക; തമ്മിൽ തമ്മിൽ സഹായിക്കുക” എന്ന് തുടങ്ങിയ വചനങ്ങളിലൂടെ ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിക്കുവാൻ വി. മറിയം ത്രേസ്യ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധയുടെ ജീവിത മാതൃക ഉൾക്കൊണ്ട് വിശുദ്ധ ജീവിതം നയിക്കാൻ നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം. ഒക്ടോബർ 13-ന് റോമിൽവച്ചു നടക്കുന്ന നാമകരണ കർമ്മങ്ങളിലും നവംബർ 16-ന് കുഴിക്കാട്ടുശ്ശേരിയിൽ നട

ക്കുന്ന കൃതജ്ഞതാബലിയിലും ആത്മീയമായും നേരിട്ടും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് വിശ്വാസികളേവരെയും ആഹ്വാനം ചെയ്യുന്നു. കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയിലൂടെ ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി
**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി
**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

**N.B.** 2019 സെപ്തംബർ 29-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref. 3221/K-5/KCBC/OL/DS 23 August 2019

# ലോകമിഷൻ ദിനം - 2019

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ

പ്രിയ സഹോദരീസഹോദരന്മാരേ,

ബനഡിക്ട് പതിനഞ്ചാമൻ പാപ്പാ 1919 നവംബർ 30 -ന് പുറപ്പെടുവിച്ച "മാക്സിമും ഇല്ലൂദ്" ("ഏറ്റവും വലിയ ആ കാര്യം") എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയനുസ്മരണ കാലഘട്ടത്തിൽ സഭയുടെ പ്രേഷിതത്വ പ്രബുദ്ധതയും സമർപ്പണവും 2019 ഒക്ടോബർ മാസത്തിൽ പുനരുജ്ജീവിപ്പിക്കാൻ മുഴുവൻ സഭയോടും ഞാൻ ആവശ്യപ്പെട്ടിരുന്നു. ആ ലേഖനത്തിന്റെ ദീർഘവീക്ഷണമുള്ളതും പ്രവാചകപരവുമായ പ്രേഷിതത്വദർശനം ഒരിക്കൽ കൂടി സഭയുടെ പ്രേഷിതത്വസമർപ്പണം നവീകരിക്കുന്നതിന്റെ പ്രാധാന്യം എന്നെ ബോധ്യപ്പെടുത്തി. അതോടൊപ്പം മരിച്ച് ഉത്ഥാനം ചെയ്ത യേശുക്രിസ്തു നല്കുന്ന രക്ഷ ലോകത്തിനു നല്കുന്നതിന്റെയും സഭയുടെ സുവിശേഷപ്രവർത്തനത്തിന് പുതിയ സുവിശേഷാത്മക പ്രചോദനം നല്കുന്നതിന്റെയും പ്രാധാന്യവും എനിക്കു വ്യക്തമായി.

ഈ സന്ദേശത്തിന്റെ തലവാചകം ഒക്ടോബറിലെ മിഷണറി മാസസന്ദേശത്തിന്റേതു തന്നെയാണ്. ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: ലോകത്തിൽ മിഷൻ പ്രവർത്തനം നടത്തുന്ന ക്രിസ്തുവിന്റെ സഭ. ഈ മിഷനറി മാസാചരണം ഒന്നാമതായി യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പ്രേഷിതത്വപരമായ മാനം വീണ്ടും കണ്ടെത്താൻ

നമ്മെ സഹായിക്കും. മാമ്മോദീസയിൽ നമുക്കു സൗജന്യ മായി നല്കപ്പെട്ട വിശ്വാസമാണത്. ദൈവവുമായുള്ള നമ്മുടെ പുത്രസഹജമായ ബന്ധം കേവലം സ്വകാര്യബന്ധമല്ല; എപ്പോഴും സഭയുമായി ബന്ധപ്പെട്ടിരിക്കുന്നതാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തോടുള്ള സമ്പർക്ക ത്തിലൂടെ നമ്മൾ നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം പുതിയ ജീവനിലേക്കു ജനിക്കുന്നു. ഈ ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല (നമ്മൾ മതപരിവർത്തനം അഭ്യസിക്കുന്നവരല്ല); പിന്നെയോ, അത് നല്കപ്പെടാനും പങ്കു വയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. അതാണ് പ്രേഷിതത്വത്തിന്റെ അർത്ഥം. ഈ ദാനം നമുക്കു സൗജന്യമായി കിട്ടി. ആരെയും ഒഴിവാക്കാതെ സൗജന്യമായി നാം അതു പങ്കുവയ്ക്കുകയും ചെയ്യുന്നു (cf. മത്താ 10:8). രക്ഷയുടെ സാർവത്രിക കൂദാശയായ സഭയുടെ ശുശ്രൂഷ വഴി എല്ലാ ജനതകളും സത്യം അറിയുകയും തന്റെ കാരുണ്യം അനുഭവിക്കുകയും ചെയ്ത് രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (cf. 1 തിമോ 2:4; ലൂമെൻ ജെൻസിയും 48).

സഭ ലോകത്തിൽ മിഷനറിയാണ്. എല്ലാ വസ്തുക്ക ളെയും സുവിശേഷവെളിച്ചത്തിൽ കാണുവാൻ യേശുക്രി സ്തുവിലുള്ള വിശ്വാസം നമ്മെ ശക്തരാക്കുന്നു. നാം പങ്കുവ യ്ക്കുന്ന ദൈവിക ജീവന്റെ ശാശ്വത ചക്രവാളങ്ങളെ പ്രത്യാശ നമുക്ക് തുറന്നു തരുന്നു. കൂദാശകളിലും സഹോദര സ്നേഹ ത്തിലും നാം മുൻകൂട്ടി രുചിച്ചറിഞ്ഞ പരസ്നേഹം ലോക ത്തിന്റെ അതിരുകൾ വരെ മുന്നേറാൻ നമ്മെ നിർബന്ധിക്കു ന്നു (cf. മിക്കാ 5:4; മത്താ 28:19; അപ്പ 8, റോമാ 10:18). ഏറ്റവും അകലെയുള്ള അതിർത്തിവരെ മുന്നേറാൻ സ്വയം നിർബന്ധി ക്കുന്ന ഒരു സഭയ്ക്ക് സുസ്ഥിരവും തുടർച്ചയുള്ളതുമായ മിഷ ണറി മാനസാന്തരം ആവശ്യമാണ്. അപരിമിതമായ ഈ തുറ വി, കാരുണ്യത്തിലുള്ള ഈ മുന്നേറ്റം, യഥാർത്ഥത്തിൽ സാധ്യവും യഥാർത്ഥവുമാണെന്ന് എത്രയോ വിശുദ്ധന്മാരും

വിശ്വാസികളായ എത്രയോ സ്ത്രീപുരുഷന്മാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്! അത് സ്നേഹത്താൽ നയിക്കപ്പെടുന്നു. അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം ദാനമാണ്, ബലിയാണ്, സൗജന്യമാണ് (cf. 2 കോറി 5:14–21)! ദൈവത്തെപ്പറ്റി പ്രസംഗിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ മനുഷ്യനായിരിക്കണം (cf. Maximum Illud).

ഈ പ്രേഷിത കല്പന നമ്മെ വ്യക്തിപരമായി സ്പർശിക്കുന്നു. ഞാൻ എപ്പോഴും ഒരു മിഷൻ ആണ്. നീ എപ്പോഴും ഒരു മിഷൻ ആണ്. മാമ്മോദീസാ മുങ്ങിയ ഓരോ സ്ത്രീയും പുരുഷനും ഒരു മിഷൻ ആണ്. സ്നേഹിക്കുന്ന ആളുകൾ ഒരിക്കലും നിശ്ചലരായി നില്ക്കുന്നില്ല. അവർ അവരിൽ നിന്നു തന്നെ പുറത്തേക്കു വരുന്നു. അവർ ആകർഷിക്കപ്പെടുന്നു, മറ്റുള്ളവരെ ആകർഷിക്കുന്നു. അവർ തങ്ങളെത്തന്നെ മറ്റുള്ളവർക്ക് കൊടുക്കുന്നു; ജീവൻ നല്കുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നു. ദൈവത്തിന്റെ സ്നേഹത്തെ സംബന്ധിച്ചിടത്തോളം ആരും ഉപയോഗമില്ലാത്തവരോ പ്രാധാന്യമില്ലാത്തവരോ അല്ല. നമ്മിൽ ഓരോരുത്തനും ലോകത്തിനുള്ള ഒരു മിഷൻ ആണ്. എന്തെന്നാൽ, നമ്മിൽ ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഫലമാണ്. മാതാപിതാക്കൾക്ക് നുണകൊണ്ടും വിദ്വേഷംകൊണ്ടും അവിശ്വസ്തതകൊണ്ടും തങ്ങളുടെ സ്നേഹത്തെ ഒറ്റിക്കൊടുക്കാൻ കഴിയുമെങ്കിലും ദൈവം ഒരിക്കലും താൻ നല്കിയ ജീവന്റെ ദാനം തിരിച്ചെടുക്കുന്നില്ല. നിത്യത മുതൽ തന്റെ മക്കളിൽ ഓരോ വ്യക്തിയും തന്റെ ദൈവികവും ശാശ്വതവുമായ ജീവനിൽ പങ്കുചേരണമെന്ന് അവിടന്ന് നിശ്ചയിച്ചിട്ടുണ്ട് (cf. എഫേ 1:3–6).

ഈ ജീവൻ മാമ്മോദീസായിൽ നമുക്കു നല്കപ്പെട്ടു. മാമ്മോദീസ നമുക്ക് പാപത്തെയും മരണത്തെയും കീഴടക്കിയ യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന ദാനം നല്കുന്നു. മാമ്മോദീസ നമുക്ക് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമുള്ള പുനർജനനം നല്കുകയും സഭയാകുന്ന ക്രിസ്തുശ

രീരത്തിന്റെ അവയവങ്ങളാക്കുകയും ചെയ്യുന്നു. ഈ അർത്ഥ ത്തിൽ മാമ്മോദീസ യഥാർത്ഥത്തിൽ രക്ഷയ്ക്ക് അത്യാവശ്യ മാണ്. കാരണം, നാം എപ്പോഴും എല്ലായിടത്തും പിതാവിന്റെ ഭവനത്തിലെ പുത്രീപുത്രന്മാരാണെന്നും ഒരിക്കലും അനാ ഥനോ അപരിചിതരോ അടിമകളോ അല്ലെന്നും അത് ഉറപ്പു നല്കുന്നു.

ഒരു കൗദാശിക യാഥാർത്ഥ്യമായി ക്രൈസ്തവ നിലുള്ളതും പരിശുദ്ധ കുർബാനയിൽ പൂർത്തീകരണം കണ്ടെ ത്തുന്നതുമായ മാമ്മോദീസ മാനസാന്തരവും രക്ഷയും തേടുന്ന ഓരോ വ്യക്തിയിലും വിളിയും ലക്ഷ്യവുമായി നിലകൊള്ളു ന്നു. എന്തെന്നാൽ, മാമ്മോദീസ ദൈവികദാനത്തിന്റെ വാഗ്ദാനം പൂർത്തിയാക്കുന്നു. അത് ഓരോ വ്യക്തിയെയും ദൈവപുത്രനിൽ പുത്രനോ പുത്രിയോ ആക്കുന്നു. നമ്മൾ നമ്മുടെ സ്വാഭാവിക മാതാപിതാക്കളുടെ സന്തതികളാണ്. എന്നാൽ മാമ്മോദീസായിൽ നാം എല്ലാ പിതൃത്വത്തിന്റെയും യഥാർത്ഥ മാതൃത്വത്തിന്റെയും ഉറവിടത്തെ സ്വീകരിക്കുന്നു: സഭ അമ്മയായിട്ട് ഇല്ലാത്ത ഒരുവനും ദൈവം പിതാവായിരി ക്കുകയില്ല (cf. Saint Cyprian, De Cath. Eccl., 6)

നമ്മുടെ മിഷൻ അതുകൊണ്ട് ദൈവത്തിന്റെ പിതൃത്വ ത്തിലും സഭയുടെ മാതൃത്വത്തിലും വേരുറച്ചതാണ്. ഉത്ഥിത നായ ക്രിസ്തു ഈസ്റ്ററിൽ നല്കിയ കല്പന മാമ്മോദീസാ യിൽ ഉൾച്ചേർന്നിരിക്കുന്നു: പിതാവ് എന്നെ അയച്ചതുപോലെ ഞാൻ പരിശുദ്ധാത്മാവിനാൽ നിറച്ച് നിന്നെ അയയ്ക്കുന്നു - ലോകത്തിന്റെ അനുരഞ്ജനത്തിനു വേണ്ടിത്തന്നെ ( യോഹ 20,19-23; മത്താ 28:16-20). ഈ മിഷൻ ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ തനിമയുടെ ഭാഗമാണ്. പിതാവിന്റെ ദത്തു പുത്രരാകാനുള്ള തങ്ങളുടെ വിളി മനസ്സിലാക്കാൻ എല്ലാ മനു ഷ്യരെയും പ്രാപ്തരാക്കാനുള്ള കടമ ഇതു നമുക്കു നല്കു ന്നു. അവരുടെ വ്യക്തിപരമായ മഹത്ത്വം മനസ്സിലാക്കാനും ഗർഭ ാവസ്ഥ മുതൽ സ്വാഭാവിക മരണംവരെ ഓരോ മനുഷ്യജീവ

നുമുള്ള ആന്തരിക യോഗ്യത വിലമതിക്കാനും ഇതു നമ്മെ കടപ്പെടുത്തുന്നു. ഇന്നത്തെ അനിയന്ത്രിതമായ സെക്കുലറിസം നമ്മുടെ ചരിത്രത്തിൽ ദൈവത്തിന്റെ സജീവ പിതൃത്വത്തെ അക്രമപരമായുള്ള സാംസ്കാരിക പരിത്യജിക്കൽ ആയിത്തീരുമ്പോൾ യഥാർത്ഥ മാനുഷിക സാഹോദര്യത്തിന് തടസ്സമായിത്തീരുന്നു. ഓരോ വ്യക്തിയുടെയും ജീവനോടുള്ള പരസ്പര ബഹുമാനത്തിന്റെ പ്രകാശനം കണ്ടെത്തുന്നത് യഥാർത്ഥ മാനുഷിക സാഹോദര്യത്തിലാണല്ലോ. യേശുക്രിസ്തു പകർന്നുതന്ന ദൈവത്തെക്കൂടാതെ മനുഷ്യജാതിയിൽ സാഹോദര്യ സ്വീകാര്യതയും ഫലപ്രദമായ ഐക്യവും അസാധ്യമാക്കുംവിധം ഓരോ വ്യത്യസ്തതയും നാശകരമായ ഒരു ഭീഷണിയായി ചുരുങ്ങുന്നു.

ദേശീയതാവാദത്തിന്റെയും വംശവാദത്തിന്റെയും എല്ലാ രൂപങ്ങളെയും അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നതിന് ബനഡിക്ട് 15-ാമൻ മാർപാപ്പായെ യേശുക്രിസ്തുവിൽ ദൈവം നല്കിയ ദാനത്തിന്റെ സാർവത്രികത പ്രേരിപ്പിച്ചു. കോളനിവാഴ്ചക്കാരുടെ സാമ്പത്തികവും സൈനികവുമായ താത്പര്യങ്ങളോട് സുവിശേഷപ്രഘോഷണത്തെ കൂട്ടിച്ചേർക്കുന്നത് അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്യാനും അത് അദ്ദേഹത്തെ പ്രേരിപ്പിച്ചു. മാക്സിമും ഇല്ലൂദ് എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ മാർപാപ്പാ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ട്. സഭയുടെ സാർവത്രിക മിഷൻ ഒരുവന്റെ രാജ്യത്തിലെയും വംശീയ ഗ്രൂപ്പിലെയും അംഗത്വത്തെക്കുറിച്ചുള്ള പരവർജ്ജനപരമായ ആശയങ്ങൾ മാറ്റിവയ്ക്കണമെന്നതാണ് ആ കാര്യം. സംസ്കാരത്തെയും സമൂഹത്തെയും യേശുക്രിസ്തുവിന്റെ രക്ഷാകരമായ നവീനതയിലേക്കു തുറക്കുന്നതിന് വംശപരമോ സഭാപരമോ ആയ ഏതു തരത്തിലുമുള്ള ഉൾവലിവ് ഉപേക്ഷിക്കണം. തങ്ങളുടെ മാമ്മോദീസായുടെ ശക്തികൊണ്ട് വീടും കുടുംബവും രാജ്യവും ഭാഷയും പ്രാദേശികസഭയും ഉപേക്ഷിക്കാനുള്ള വിളിയോട് ഉദാരതയോടെ ഉത്തരം പറയുന്ന സ്ത്രീപുരുഷന്മാരെ

യേശുക്രിസ്തുവിന്റെ കൂദാശകളോ അവിടത്തെ വിശുദ്ധ സഭയോ ഇനിയും രൂപാന്തരപ്പെടുത്താത്ത, രാജ്യങ്ങളിലേക്ക് ലോകത്തേക്ക് അയയ്ക്കപ്പെടാൻ ഇന്നും ദൈവവചനം പ്രഘോഷിച്ചുകൊണ്ടും സുവിശേഷത്തിന് സാക്ഷ്യം വഹിച്ചു കൊണ്ടും പരിശുദ്ധാത്മാവിന്റെ ജീവൻ ആഘോഷിച്ചു കൊണ്ടും അവർ മാനസാന്തരത്തിനായി ക്ഷണിക്കുന്നു, മാമ്മോദീസാ മുക്കുകയും ക്രൈസ്തവ രക്ഷ നല്കുകയും ചെയ്യുന്നു. ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തോടുള്ള ബഹുമാനത്തോടും അവർ അയയ്ക്കപ്പെട്ടിരിക്കുന്ന സംസ്കാരങ്ങളോടും മതങ്ങളോടും ജനതകളോടും സംഭാഷണത്തിൽ ഏർപ്പെട്ടുമാണ് അങ്ങനെ ചെയ്യുന്നത്. മിസ്സിയോ ആദ് ജെന്തെസ് (വിജാതീയരിലേക്കുള്ള മിഷൻ പ്രവർത്തനം) സഭയ്ക്ക് എപ്പോഴും ആവശ്യമാണ്. എല്ലാ ക്രൈസ്തവരിലും തുടർമാനസാന്തരപ്രക്രിയയ്ക്ക് മൗലികമായ വിധത്തിൽ അതു സംഭാവന ചെയ്യുന്നു. യേശുവിന്റെ ഈസ്റ്റർ സംഭവത്തിലുള്ള വിശ്വാസം, മാമ്മോദീസയിൽ സ്വീകരിച്ച സഭാപരമായ ദൗത്യം, തന്നിൽ നിന്നു തന്നെയും തന്റെ ഭവനത്തിൽ നിന്നും ഭൂമിശാസ്ത്രപരവും സംസ്കാരികവുമായ അകല്ച്ച, പാപത്തിൽ നിന്നുള്ള രക്ഷ, വ്യക്തിപരവും സാമൂഹികവുമായ തിന്മയിൽ നിന്നു വിമോചനം എന്നിവയ്ക്കെല്ലാം ഭൂമിയുടെ അതിർത്തികൾ വരെ എത്തിച്ചേരുന്ന മിഷൻ ആവശ്യമാണ്.

ശതവത്സരാഘോഷവും ആമസോണിലെ സഭകളെ സംബന്ധിച്ച പ്രത്യേക സിനഡും ദൈവപരിപാലനയിൽ ഒന്നിച്ചു സംഭവിക്കുന്നു. യേശു നമ്മെ ഏല്പിച്ചതും പരിശുദ്ധാത്മാവിന്റെ ദാനത്തോടു കൂടിയതുമായ മിഷൻ ആ പ്രദേശങ്ങൾക്കും അവയുടെ ജനങ്ങൾക്കും എങ്ങനെ കാലോചിതവും അത്യാവശ്യവുമാണെന്ന് ഊന്നിപ്പറയാൻ ഇത് എന്നെ അനുവദിക്കുന്നു.

ഒരു സംസ്കാരവും അതിൽത്തന്നെ അടച്ചുപൂട്ടിയിരിക്കാതിരിക്കാനും ഒരു ജനതയും വിശ്വാസത്തിന്റെ സാർവ

ത്രിക ഐക്യത്തിൽ നിന്ന് വിഛേദിക്കപ്പെടാതിരിക്കാനുമായി സഭയുടെ കവാടങ്ങളെ മലർക്കെ തുറന്നിടുന്നത് ഒരു പുത്തൻ പെന്തക്കൊസ്തയാണ്. ആത്മനിമഗ്നതയിലും (Self-indulgence) വംശീയവും മതാത്മകവുമായ സ്വത്വബോധത്തിലും ആരും കുടുങ്ങിപ്പോകരുത്. സ്ത്രീപുരുഷന്മാരുടെ മഹത്ത്വത്തോടുള്ള ബഹുമാനത്തിൽ വളരാൻ, എല്ലാവർക്കും യഥാർത്ഥ ജീവൻ നല്കുന്ന ഉത്ഥിതനായ കർത്താവിന്റെ സത്യത്തിലേക്ക് കൂടുതൽ ആഴത്തിൽ മാനസാന്തരപ്പെടാൻ, ആഹ്വാനം ചെയ്തുകൊണ്ട് യേശുവിന്റെ ഈസ്റ്റർ സംഭവം ലോകങ്ങളുടെയും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടുങ്ങിയ പരിധികൾ തകർത്തു മുന്നേറുന്നു.

ബ്രസീലിൽ അപ്പരേസീദയിൽ (Aparecida) 2007-ൽ നടന്ന ലത്തീൻ അമേരിക്കൻ മെത്രാന്മാരുടെ സമ്മേളനത്തിന്റെ ആരംഭത്തിൽ ബനഡിക്ട് 16-ാമൻ മാർപാപ്പാ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ അനുസ്മരിക്കുന്നു. താഴെപ്പറയുന്ന ആ വാക്കുകൾ ആവർത്തിക്കാനും എന്റേതാക്കാനും ഞാൻ ആഗ്രഹിക്കുന്നു: "ലത്തീൻ അമേരിക്കയിലെയും കരീബിയനിലെയും രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവവിശ്വാസം പുൽകൽ എന്താണർത്ഥമാക്കിയത്? തങ്ങളുടെ പൂർവികർ തിരിച്ചറിയാതെ തന്നെ തങ്ങളുടെ സമ്പന്നമായ മതപാരമ്പര്യങ്ങളിൽ അന്വേഷിച്ചുകൊണ്ടിരുന്ന അജ്ഞാത ദൈവമായ ക്രിസ്തുവിനെ അറിയുകയും സ്വാഗതം ചെയ്യുകയും ചെയ്യുക എന്നതാണത്. അവർ നിശ്ശബ്ദരായി ആഗ്രഹിച്ചുകൊണ്ടിരുന്ന രക്ഷകൻ ക്രിസ്തു ആണ്. മാമ്മോദീസയുടെ ജലത്തിൽ ദത്തുവഴി അവരെ ദൈവമക്കളാക്കിയ ദൈവിക ജീവൻ അവർ സ്വീകരിച്ചുവെന്നും അതിന് അർത്ഥമുണ്ട്. കൂടാതെ, മനുഷ്യാവതാരം ചെയ്ത വചനം തങ്ങളുടെ സംസ്കാരങ്ങളിൽ പാകിയിരുന്ന അനേകം വിത്തുകളെ വികസിപ്പിച്ചുകൊണ്ടും ആ സംസ്കാരങ്ങളെ ശുദ്ധീകരിച്ചുകൊണ്ടും, അങ്ങനെ സുവിശേഷപാതകളിലൂടെ തങ്ങളെ നയിച്ചുകൊണ്ടും തങ്ങളുടെ

സംസ്കാരങ്ങളെ ഫലദായകമാക്കാൻ വന്ന പരിശുദ്ധാത്മാവിനെ അവർ സ്വീകരിച്ചു. ദൈവവചനം യേശുക്രിസ്തുവിൽ മാംസമായിത്തീർന്നുകൊണ്ട് ചരിത്രവും സംസ്കാരവുമായി ത്തീരുകയും ചെയ്തു. ക്രിസ്തുവിൽ നിന്നും സാർവത്രിക സഭയിൽ നിന്നും വേർപെടുത്തിക്കൊണ്ട് കൊളംബസിനു മുൻപുള്ള മതങ്ങൾക്ക് പുനർശ്വാസം നല്കുകയെന്ന അപ്രായോഗിക സങ്കല്പം മുന്നോട്ടുള്ള ഒരു ചുവടുവയ്പായിരിക്കുകയില്ല. തീർച്ചയായും അത് ഒരു പിന്നോട്ടടിക്കലാകും. യഥാർത്ഥത്തിൽ ഭൂതകാലത്ത് ഉറപ്പിക്കപ്പെട്ട ചരിത്രത്തിലെ ഒരു ഘട്ടത്തിലേക്കുള്ള പിൻവാങ്ങലായിരിക്കും അത് (Address at the Inaugural Session 13 May 2007. Insegnamenti III, I (2007) 855–856).

സഭയുടെ മിഷൻ നാം നമ്മുടെ അമ്മയായ മറിയത്തെ ഏല്പിക്കുന്നു. പരിശുദ്ധ കന്യക മനുഷ്യാവതാരത്തിന്റെ നിമിഷംമുതൽ തന്റെ തീർത്ഥാടനം തുടങ്ങി. അവൾ യേശുവിന്റെ മിഷനിൽ പൂർണമായി ഉൾപ്പെട്ടിരുന്നു. കുരിശിൻചുവട്ടിൽ തന്റേതായിത്തീർന്ന മിഷൻ ആണ് അത്. ആത്മാവിലും വിശ്വാസത്തിലും ദൈവത്തിന്റെ പുതിയ പുത്രീപുത്രന്മാരെ ജനിപ്പിക്കുന്നതിൽ സഹകരിക്കുന്ന മിഷൻ ആണത്.

മാക്സിമും ഇല്ലൂദ് ഒരു മിഷണറി ഉറവിടമായി പണ്ടേ നിർദേശിച്ചിട്ടുള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞുകൊണ്ട് ഇത് ഉപസംഹരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ സഭയുടെ സാർവത്രികതയ്ക്ക് സേവനം ചെയ്യുന്നു. മാർപാപ്പായ്ക്ക് മിഷണറി സമർപ്പണത്തിൽ നല്കുന്ന പിന്തുണയുടെ ആഗോള നെറ്റുവർക്കായിട്ട് അതു പ്രവർത്തിക്കുന്നു. ലോകത്തെങ്ങുമുള്ള ക്രിസ്ത്യാനികളിൽ നിന്നുള്ള പ്രാർത്ഥന, പ്രേഷിത ചൈതന്യം, പരസ്നേഹപരമായ ദാനങ്ങൾ എന്നിവകൊണ്ടാണ് പിന്തുണ നല്കുന്നത്. വ്യക്തിസഭകളുടെ സുവി

ശേഷവത്കരണ പരിശ്രമങ്ങളിലും (വിശ്വാസ പ്രചാരത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റി) പ്രാദേശിക വൈദിക പരിശീലനത്തിലും (വിശുദ്ധ പത്രോസ് അപ്പസ്തോലന്റെ പൊന്തിഫിക്കൽ സൊസൈറ്റി) കുട്ടികളിൽ മിഷണറിബോധം ഉണർത്തുന്നതിലും (പൊന്തിഫിക്കൽ സൊസൈറ്റി ഓഫ് മിഷണറി ചൈൽഡ് ഹുഡ്) ക്രൈസ്തവ വിശ്വാസത്തിന്റെ മിഷണറിമാനത്തെ പ്രോത്സാഹിപ്പിക്കുന്നതിലും (പൊന്തിഫിക്കൽ മിഷണറി യൂണിയൻ) അവ മാർപാപ്പായെ സഹായിക്കുന്നു. ഈ സൊസൈറ്റികൾക്കുള്ള എന്റെ പിന്തുണ ഞാൻ നവീകരിക്കുന്നു. 2019 ഒക്ടോബറിലെ അസാധാരണ മിഷൻമാസാചരണം അവയുടെ മിഷണറി നവീകരണത്തിന് സഹായകമാകുമെന്നും അങ്ങനെ അവ എന്റെ ശുശ്രൂഷയെ കൂടുതൽ സഹായിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

മിഷണിമാരായ സ്ത്രീപുരുഷന്മാർക്കും, മാമ്മോദീസായുടെ ശക്തിയാൽ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ എന്തെങ്കിലും വിധത്തിൽ പങ്കുചേരുന്നവർക്കും എന്റെ ഹൃദയംഗമമായ ആശീർവാദം ഞാൻ അയയ്ക്കുന്നു.

വത്തിക്കാനിൽ നിന്ന്, 9 ജൂൺ 2019

പെന്തക്കുസ്താത്തിരുനാൾ ദിവസം

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

Ref. 3220/K-5/KCBC/OL/DS 20 August 2019

## ഒക്ടോബർ, 2019

# അസാധാരണ പ്രേഷിതമാസത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്. 1919-ൽ ബെനഡിക്ട് 15-ാമൻ പാപ്പാ പ്രസിദ്ധീകരിച്ച *മാക്സിമൂം ഇല്ലൂദ്* ("ഏറ്റവും വലിയ ആ കാര്യം") എന്ന പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ നടത്തിയിട്ടുള്ളത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബെനഡിക്ട് 15-ാമൻ പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നല്കാൻ ശ്രമിച്ചത്. അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "കാരുണ്യവാനായ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം മൂലം സത്യവിശ്വാസം ലഭിക്കുകയും അതിന്റെ നിരവധി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നവർ, മിഷൻ വേലകളെ സഹായിക്കുക പരിശുദ്ധമായ ഒരു കടമയാണെന്ന് അവഗാഢം ചിന്തിക്കട്ടെ. എന്തുകൊണ്ടെന്നാൽ സ്വന്തം സഹോദരങ്ങളെ സംബന്ധിക്കുന്ന ഒരു പ്രമാണം ദൈവം എല്ലാവർക്കുമായി നല്കിയിരിക്കുന്നു." കൊളോണിയലിസത്തിന്റെ തേർവാ

ഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവിക തയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കാൻ സുവി ശേഷവത്കരണം മാത്രമാണ് ഏകമാർഗമെന്ന് പാപ്പാ ഉദ്ബോ ധിപ്പിച്ചു. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് തിരുസഭ നടത്തിയ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാ ണ്.

"തീർത്ഥാടക സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാ ണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനു സരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത്" (AG 2). "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷി തദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാ ണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യ രോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോ ലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോക ത്തിലെല്ലായിടത്തും ആ സ്നേഹസന്ദേശം എത്തിക്കാൻ ത്യാഗ പൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാ ലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദ നങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ സ്വജീവൻ ബലിയായി അർപ്പിക്കുകയും ചെയ്യേണ്ടിവന്നു. വിശുദ്ധ പൗലോസ്അപ്പോസ്തലൻ ഏഷ്യമൈനർ, ഗ്രീസ്, ടർക്കി തുട ങ്ങിയ ദേശങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രചരി പ്പിച്ചു. അക്കാലത്ത് സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന വഴക്കു

കൾ തീർക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതി.

പ്രഥമ പ്രേഷിതരായ അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ *ഓപ്പൂസ് ദിവിനീസ്സിമും ("ഏറ്റവും മഹത്തായ ദിവ്യകർമ്മം")* എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ, "എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്." രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയിലും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിടത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു" (PO 2).

"സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പോസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "സുവിശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമയുണ്ട്" (EG 14). അതുകൊണ്ട്, "നമുക്ക് നിസ്സംഗതയോടെ പള്ളിക്കെട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല" (EG 15). നവസുവിശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്: (1) സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ആരാ

ധനാസമൂഹത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ (കർത്താവിന്റെ ദിവസത്തിൽ) ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസികൾക്കുവേണ്ടിയുള്ളതാണത്. (2) മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടിയുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയാണത്. (3) യേശുക്രിസ്തുവിനെ ഇതുവരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തുവിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജിവിക്കുന്നവർക്കുവേണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കുവേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവിശേഷവത്കരണം.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലുകാര്യങ്ങളെക്കുറിച്ച് "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖയിൽ പറയുന്നുണ്ട്: 1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപരവും സമൂഹപരവുമായ പ്രർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലുള്ള ജീവിതം. 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളുടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം. 3 വിശുദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്ന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം. 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ വിദേശ മിഷനറിമാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷിതചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിന്റെ പ്രഖ്യാപനം അതിന് അവസരമാക്കിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈ പ്രേഷിതമാസം കാര്യക്ഷമമാക്കാൻ ചിലകാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.
2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ-ഫൊറോനാ-ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.
3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരുക്കുകയും അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.
5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ

തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.

6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.

7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പിഒസിയിൽ നടന്നുവരുന്ന വിറ്റ്നസസ് ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.

10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.

11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.

12. "അസാധാരണ പ്രേഷിതമാസത്തിന്റെ" (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.

14. വൈദിക-സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.

15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.

16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.

17. അല്മായ പ്രേഷിത സംരംഭങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.

18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും നടത്തുക.

**ഉപസംഹാരം**

സാർവത്രിക സഭയിലെ അംഗങ്ങൾ എന്ന നിലയിൽ കേരളത്തിലെ സഭകൾ സുവിശേഷ പ്രഘോഷണരംഗത്ത്

കാലാകാലങ്ങളായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാരതം മുഴുവനും സഭയുടെ മിഷൻ മേഖലയായി കണ്ടുകൊണ്ട് മൂന്നു പ്രാദേശിക സഭകളും മിഷൻ മേഖലയിൽ കൈകോർക്കുന്ന ഒരു പുതിയ മിഷനറി മുന്നേറ്റത്തിന്റെ നൂറ്റാണ്ടിനു തുടക്കം കുറിക്കാൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സഹായകമാകട്ടെ. പ്രേഷിത പ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസ പാക്യം**

പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**

വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**

സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

---

**N.B.** 2019 സെപ്തംബർ 1-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിനായി നൽകപ്പെട്ടതാണ്.

Prot. No. 1345/2019

സർക്കുലർ

## 2019 ഓഗസ്റ്റ് 19 മുതൽ 30 വരെ മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സിനഡിനു ശേഷം സീറോ മലബാർ സഭയിലെ പിതാക്കന്മാർ സംയുക്തമായി പുറപ്പെടുവിക്കുന്ന സർക്കുലർ.

മിശിഹായിൽ പ്രിയമുള്ളവരേ,

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവിന്റെ ജനനത്തിരുനാളിന് നാം ഒരുങ്ങുകയാണല്ലോ. ദൈവകൃപയാലും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യതയാലും സീറോ മലബാർ സഭയ്ക്ക് നാളിതുവരെ ലഭിച്ചിട്ടുള്ള എല്ലാ നന്മകൾക്കും നമുക്ക് ദൈവത്തിന് നന്ദി പറയാം. ഭാരതം മുഴുവനും പ്രേഷിത പ്രവർത്തനത്തിന് വഴി തുറന്നു കിട്ടിയതും ഭാരതത്തിനു വെളിയിൽ വിവിധ ഭൂഖണ്ഡങ്ങളിൽ രൂപതകൾ ഉൾപ്പെടെ അജപാലന സൗകര്യങ്ങൾ ലഭിച്ചതും നമ്മുടെ സഭയോടുള്ള ദൈവത്തിന്റെ കരുതലായി നമുക്ക് മനസ്സിലാക്കാം.

എന്നാൽ, സീറോ മലബാർ സഭയുടെ ചരിത്രത്തിലെ വളരെ വേദനാജനകമായ നാളുകളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. സഭ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്ക് ദൈവഹിതപ്രകാരമുള്ള പരിഹാരം കണ്ടെത്തുവാനായി ദൈവജനം മുഴുവൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു എന്നത് ഞങ്ങൾ നന്ദിയോടെ ഓർമ്മിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയുടെ ഫലം സിനഡു പിതാക്കന്മാരുടെ ചർച്ചകളിൽ പ്രകടമായിരുന്നു. ദൈവതിരുമുമ്പിൽ ഏറെ വിനയത്തോടും പരിശുദ്ധാത്മ പ്രേരണയാലുള്ള കൂട്ടായ്മയിലുമാണ് സിനഡിലെ ചർച്ചകൾ നടന്നത്. ഇത്തവണത്തെ

സിനഡിന്റെ കൂടുതൽ ദിവസങ്ങളും എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാനാണ് സിനഡ് പ്രാർത്ഥനാപൂർവ്വം ചിലവഴിച്ചത്. ഇക്കാര്യത്തിൽ പരിശുദ്ധ സിംഹാസനത്തിന്റെ മാർഗ്ഗനിർദേശങ്ങളും സിനഡിനു മുന്നിലുണ്ടായിരുന്നു.

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമി വിവാദം, വ്യാജരേഖ കേസ്, അതിരൂപതയിലെ ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാനുള്ള ക്രമീകരണങ്ങൾ, അതിരൂപതയിൽ സംഭവിച്ച അച്ചടക്ക ലംഘനങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് പ്രധാനമായും ഈ സിനഡിൽ ചർച്ച ചെയ്തത്. ഓരോ വിഷയത്തിലും സിനഡു പിതാക്കന്മാർ എല്ലാവരും തങ്ങളുടെ അഭിപ്രായങ്ങൾ ഹൃദയം തുറന്ന് പങ്കുവച്ചത് വലിയ കൃപയുടെ നിമിഷങ്ങളായിരുന്നു. സഭാഗാത്രത്തിലെ പ്രതിസന്ധികളിൽ വേണ്ട രീതിയിൽ ഇടപെട്ട് യഥാസമയം പരിഹരിക്കാൻ കഴിയാതിരുന്നതിലും ദൈവജനത്തിന് സുവിശേഷാധിഷ്ഠിത സാക്ഷ്യം നല്കുന്നതിൽ വീഴ്ച വന്നതിലും സിനഡു പിതാക്കന്മാരായ ഞങ്ങൾക്ക് പറ്റിയ തെറ്റ് ദൈവത്തിനും ദൈവജനത്തിനും മുമ്പിൽ എളിമയോടെ ഏറ്റുപറഞ്ഞ് മാപ്പ് ചോദിക്കുന്നു.

**ഭൂമി വിവാദം**

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിവാദങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിലധികമായി സഭയെ ആഴത്തിൽ മുറിവേൽപ്പിച്ചു കൊണ്ടിരിക്കുകയാണ്. ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടത് സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിനെതിരേയാണ് എന്നത് പ്രതിസന്ധികളെ കൂടുതൽ ഗുരുതരമാക്കി. ഭൂമിവിവാദവുമായി ബന്ധപ്പെട്ട വിവിധ പഠനങ്ങളും വിലയിരുത്തലുകളും സിനഡിൽ വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

വിവാദമായ ഭൂമി ഇടപാടിൽ അതിരൂപതയിലെ കാനോനിക സമിതികളുടെയും സഹായ മെത്രാന്മാരുടെയും മെത്രാപ്പോലീത്തയുടെയും കൂട്ടായ ഉത്തരവാദിത്തത്തിൽ വീഴ്ചകളുണ്ടായിട്ടുണ്ട് എന്ന് സിനഡ് മനസ്സിലാക്കുന്നു. വിവിധ പഠനങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാകുന്നത് കർദിനാളോ സഹായ മെത്രാന്മാരോ, അതിരൂപതയിലെ വൈദികരോ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് യാതൊരുവിധ സാമ്പത്തിക നേട്ടവും ഉണ്ടാക്കിയിട്ടില്ല എന്നാണ്. ഇടനിലക്കാർ റിയൽ എസ്റ്റേറ്റ് രീതിയിൽ സാമ്പത്തിക നേട്ടം മുന്നിൽ കണ്ടു പ്രവർത്തിച്ചത് യഥാസമയം കണ്ടെത്താനോ നടപടികൾ എടുക്കാനോ അതിരൂപതാ നേതൃത്വത്തിനോ കാനോനിക സമിതികൾക്കോ കഴിഞ്ഞില്ല എന്നതാണ് യാഥാർത്ഥ്യം. ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടിരുന്ന വൈദികർ തങ്ങളുടെ ഉത്തരവാദിത്വത്തിൽ സാരമായ വീഴ്ച വരുത്തിയിട്ടുണ്ട്. ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധക്കുറവും ഇടനിലക്കാരുടെ അന്യായമായ ലാഭേഛയുംമൂലം അതിരൂപതയുടെ വസ്തുക്കൾ നഷ്ടപ്പെട്ട് പോകുമോ എന്നോർത്ത് അതിരൂപതയിലെ വൈദികരും സന്യസ്തരും അല്മായരും പ്രകടിപ്പിച്ച വികാരങ്ങൾ ഞങ്ങൾ മനസ്സിലാക്കുന്നു.

ഭൂമി ഇടപാടിലൂടെ അതിരൂപതയ്ക്ക് നഷ്ടം വന്നിട്ടുണ്ടെങ്കിൽ അത് ശാസ്ത്രീയമായ പഠനങ്ങളിലൂടെ കണ്ടെത്തേണ്ടതും വീണ്ടെടുക്കേണ്ടതുമാണ്. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിയമിതനായ മെത്രാപ്പോലീത്തൻ വികാരി നേതൃത്വമെടുത്ത് സ്ഥിരം സിനഡ് അംഗങ്ങളുടെ സഹായത്തോടെ ഇതിനായി സമയബന്ധിതമായി പരിശ്രമിക്കുന്നതാണ്. ഭൂമി വിവാദത്തിന് ശാശ്വതമായ ഒരു പരിഹാരമുണ്ടാക്കുവാനായി സിനഡ് നേതൃത്വം നല്കുന്ന കർമ്മപദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മുൻവിധികൾ മാറ്റിവച്ച് തുറന്ന മനസ്സോടെ, അതിരൂപത ഒരു കുടുംബമാണ് എന്ന ചിന്തയോടെ, പരിശ്രമിച്ചാൽ ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ നമുക്ക് കഴി

യും. അതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങൾക്കും ഈ സിനഡ് പ്രതിജ്ഞാബദ്ധമാണ്.

**വ്യാജരേഖാ വിവാദം**

ഭൂമി ഇടപാടുമായി ബന്ധപ്പെട്ട ആരോപണങ്ങളെ സാധൂകരിക്കുന്ന തരത്തിലുള്ള ചില വ്യാജരേഖകളും പ്രത്യക്ഷപ്പെട്ടു എന്നത് ഏറെ ദൗർഭാഗ്യകരമാണ്. ഈ വ്യാജരേഖകളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തുവാനായി സിനഡിന്റെ അംഗീകാരത്തോടെ നൽകിയ കേസിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവും ബഹു. പോൾ തേലക്കാട്ടച്ചനും പ്രതിചേർക്കപ്പെട്ടത് വ്യാജരേഖാ കേസിന് പുതിയ മാനങ്ങൾ നല്കി. സിനഡിനു വേണ്ടി പരാതി നൽകിയ വൈദികന്റെ മൊഴിക്ക് വിരുദ്ധമായി പ്രതിചേർക്കപ്പെട്ട ഇവരെ പ്രതിപട്ടികയിൽ നിന്നും ഒഴിവാക്കാൻ പരാതിക്കാരൻ ഇൃജഇ 164 വകുപ്പ് പ്രകാരം മജിസ്ട്രറ്റിനു മുമ്പിൽ മൊഴി നൽകിയിട്ടുണ്ട്. ഈ കേസിനോടനുബന്ധിച്ച് പരാതിക്കാരന്റേതായി നിയമപരമായി നിലനിൽക്കുന്ന ഏക മൊഴി ഇതു മാത്രമാണ്. ഈ കേസിൽ സിനഡിനുവേണ്ടി നല്കിയ പരാതിയിൽ ഇവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താൻ സിനഡ് ഉദ്ദേശിച്ചിരുന്നില്ല എന്ന നിലപാട് ഔദ്യോഗികമായി ആവർത്തിക്കുന്നു. പരാതിയിൽ ഉന്നയിച്ച വസ്തുതകൾക്ക് വിരുദ്ധമായി വ്യത്യസ്ത പ്രഥമവിവര മൊഴികൾ (FIS) പോലീസ് ഹാജരാക്കിയതിനു പിന്നിൽ ചില സഭാവിരുദ്ധ ബാഹ്യശക്തികളുടെ ഇടപെടൽ ഉണ്ട് എന്ന് സിനഡ് സംശയിക്കുന്നു. ഈ കേസുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോ അല്മായരോ അകാരണമായി അപമാനിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ദുഖത്തിൽ സിനഡു പിതാക്കന്മാർ പങ്കുചേരുന്നു. വ്യാജരേഖയുടെ യഥാർത്ഥ ഉറവിടം കണ്ടെത്തണം എന്ന ലക്ഷ്യത്തിലുറച്ചു നിൽക്കുമ്പോഴും ഈ കേസുമായി ബന്ധപ്പെട്ട് അന്യായമായി ആരും

പീഡിപ്പിക്കപ്പെടരുതെന്ന് സിനഡിന് നിർബന്ധമുണ്ട്. ഇക്കാര്യത്തിൽ നിയമപരമായി സാധ്യമായ ഇടപെടലുകൾ നടത്തുന്നതാണ്.

**അച്ചടക്ക ലംഘനം.**

വിവാദങ്ങൾക്കിടയിലും സഭയുടെ പൊതു നന്മയെ മുൻ നിർത്തി ആത്മസംയമനത്തോടെ സഭാശുശ്രൂഷ നിർവ്വഹിച്ച എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരേയും സ ന്യസ്തരേയും അല്മായരേയും സിനഡ് നന്ദിപൂർവ്വം ഓർ മ്മിക്കുന്നു. എന്നാൽ, ഭൂമി വിവാദത്തോടനുബന്ധിച്ചുണ്ടായ പ്രതിഷേധങ്ങളിൽ പലതും സഭയിൽ പാലിക്കേണ്ട അച്ചടക്കത്തിന്റെ സകല സീമകളും ലംഘിക്കുന്നതായിരുന്നു. സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പിന്റെ കോലം കത്തിച്ച ചില വ്യക്തികളുടെ നടപടി സഭയ്ക്ക് തീരാകളങ്കമാണ് വരുത്തിവച്ചത്. വൈദികർ അതിരൂപതാ കാര്യാലയത്തിലേക്കു പ്രതിഷേധ പ്രകടനമായി ചെന്ന് നിവേദനം നല്കിയതും അതിരൂപതാധ്യക്ഷനെതിരേ ആക്ഷേപകരമായ വിശേഷണങ്ങളോടെ പത്രസമ്മേളനങ്ങൾ ആവർത്തിച്ചു നടത്തിയതും കത്തോലിക്കാ പൗരോഹിത്യ സംസ്കാരത്തിന് അന്യവും സഭയുടെ ശത്രുക്കൾക്ക് വിരുന്നൊരുക്കുന്നതുമായ നടപടികളായിരുന്നു.

അതിമെത്രാസന മന്ദിരത്തിൽ ഒരു വൈദികൻ ഉപവാസ സമരം നടത്തിയതും അതിന് ഏതാനും വൈദികർ പിന്തുണ പ്രഖ്യാപിച്ചതും സഭാഗാത്രത്തിൽ വലിയ ക്ഷതമാണ് ഏൽ പ്പിച്ചത്. ഇത്തരം തെറ്റായ നടപടികളെ സീറോ മലബാർ സഭയുടെ സിനഡ് ശക്തമായി അപലപിക്കുകയും സഭയുടെ മുഴുവൻ ദുഖം ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്യുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ദൈവജനത്തിനുണ്ടായ മനോവേദനയും ദുർമാതൃകയും എത്ര വലുതായിരുന്നുവെന്ന് ഇതിൽ ഉൾപ്പെട്ടവർ മനസ്സിലാക്കുമെന്ന് സിനഡ്

പ്രത്യാശിക്കുന്നു. ഇത്തരം അച്ചടക്ക ലംഘനങ്ങൾ ആവർത്തിക്കരുതെന്ന് സിനഡ് എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയെ ആഴത്തിൽ മുറിവേൽപ്പിച്ച ഈ പ്രതികരണങ്ങളിലൂടെ സീറോ മലബാർ സഭ മാത്രമല്ല ഭാരതസഭ മുഴുവൻ അപമാനിതമാകുന്ന സാഹചര്യമുണ്ടായി. അതിരൂപതയുടെ നഷ്ടങ്ങളെക്കുറിച്ച് പ്രതികരിച്ചപ്പോൾ തന്റെ തിരുരക്തം വിലയായി കൊടുത്ത് സഭയെ നേടിയ മിശിഹായാണ് (അപ്പ 20:28) വിസ്മരിക്കപ്പെട്ടത്.

'എന്റെ സുഹൃത്തുക്കളുടെ ഭവനത്തിൽ വച്ച് എനിക്കു മുറിവേറ്റു' (സഖ 13:6) എന്ന കർത്താവിന്റെ വിലാപത്തിന് നാം ചെവി കൊടുക്കണം. സഭയിൽ സംജാതമായ ഈ അച്ചടക്കരാഹിത്യത്തെ തിരുത്താനുള്ള ഉത്തരവാദിത്തം എറണാകുളം-അങ്കമാലി അതിരൂപതയിൽ പുതുതായി നിയമിതനായ മെത്രാപ്പോലീത്തൻ വികാരിയെ സിനഡ് ഭരമേൽപ്പിക്കുകയാണ്. ബന്ധപ്പെട്ടവർക്ക് അനുതാപത്തിനും അനുരഞ്ജനത്തിനുമുള്ള വഴി സുഗമമാക്കുന്നതിന് മെത്രാപ്പോലീത്തൻ വികാരിയെ സഹായിക്കാൻ സിനഡ് ഒരു മെത്രാൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തുറന്ന മനസ്സോടെ ഈ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കണമെന്ന് സിനഡ് ആവശ്യപ്പെടുകയാണ്. സമീപകാലത്ത് സഭയിൽ വിവാദം സൃഷ്ടിച്ച പല സംഭവങ്ങളിലും വൈദികരുടെയും സന്യസ്തരുടെയും അച്ചടക്കരാഹിത്യം എത്രമേൽ അപകടകരമാകാമെന്നതിന് സഭയൊന്നാകെ സാക്ഷ്യം വഹിച്ചതാണ്. എല്ലാ മക്കളെയും ചേർത്തു നിർത്താൻ ആഗ്രഹിക്കുന്ന അമ്മയുടെ മനസ്സോടെയാണ് സഭാ നേതൃത്വം ഈ നിലപാടുകൾ സ്വീകരിക്കുന്നത്.

വിവാദങ്ങളുടെ മറവിൽ, സഭയിൽ വിഭാഗീയത വളർത്താനുള്ള ശ്രമങ്ങൾ വിവിധ സോഷ്യൽ മീഡിയാ ഗ്രൂപ്പുകളിലൂടെ നടന്നു എന്നതും അപലപനീയമാണ്.

സഭാതലവന്റെ സംരക്ഷകർ എന്ന് സ്വയം വിശേഷിപ്പിച്ച് എറണാകുളം-അങ്കമാലി അതിരൂപതയെയും അതിരൂപതയിലെ വൈദികരെയും സഹായമെത്രാന്മാരെയും അപമാനിക്കുന്ന വിധത്തിൽ പ്രതികരിച്ചവരും ഇവർക്കെതിരായി പ്രതികരിച്ചവരും ചേർന്ന് ചാനലുകളിലും ഇതര മാധ്യമങ്ങളിലും സൃഷ്ടിച്ച പ്രകോപനങ്ങൾ സഭാവിരുദ്ധ പ്രവൃത്തിയാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുന്ന വിവിധ ഗ്രൂപ്പുകളെ നിയന്ത്രിക്കാൻ എല്ലാ രൂപതകളും ശ്രദ്ധിക്കണം. "ഭിന്നതയുടെ മതിലുകൾ തകർത്ത് നമ്മെ ഒന്നിപ്പിച്ച ഈശോയാണ് നമ്മുടെ സമാധാനം" (എഫേ 2:14). സഭയിൽ ഭിന്നത വളർത്താൻ മാത്രം ഉപകരിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങളെയും സിനഡ് ഏകസ്വരത്തിൽ അപലപിക്കുന്നു. ചാനൽ ചർച്ചകളിൽ പങ്കെടുക്കുന്നതിനും പത്രക്കുറിപ്പുകൾ നല്കുന്നതിനും വൈദികർക്ക് മെത്രാന്റെ അനുമതി ആവശ്യമാണെന്ന കാര്യം വീണ്ടും ഓർമ്മിപ്പിക്കുന്നു.

കത്തോലിക്കാ സഭയിലെ അല്മായർക്ക് അഭിപ്രായ പ്രകടനത്തിനും സഭാഭരണത്തിലെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി വ്യവസ്ഥാപിത മാർഗ്ഗങ്ങളും സംഘടനാ സംവിധാനങ്ങളുമുണ്ട്. എന്നാൽ, അടുത്ത കാലത്ത് നിക്ഷിപ്ത താല്പര്യങ്ങളുള്ള ചില വ്യക്തികൾ സഭയിലെ അല്മായരുടെയും സന്യസ്തരുടെയും അവകാശസംരക്ഷകർ എന്ന വ്യാജേന സ്വന്തം നിലയിൽ സംഘടനകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഘടനകൾ പലപ്പോഴും സഭാവിരുദ്ധ ശക്തികളുടെ കൈകളിലെ പാവകളായി വർത്തിക്കേണ്ടിവരുന്നതായും സിനഡ് സംശയിക്കുന്നു. സഭയിൽ വിഭാഗീയത വളർത്താനും സഭയെ സമൂഹമധ്യത്തിൽ അവഹേളിതയാക്കുവാനുമാണ് ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങൾ ഇടവരുത്തിയിട്ടുള്ളത്. അതിനാൽ അതിരൂപതാ സുതാര്യതാ സമിതി (A.M.T.), അതിരൂപതാ സംരക്ഷണ സമിതി, അല്മായ മുന്നേറ്റം, ഇന്ത്യൻ കാത്തലിക്ക് ഫോറം, വേൾഡ് ക്രിസ്ത്യൻ

കൗൺസിൽ, സേവ് അവർ സിസ്റ്റേഴ്സ് തുടങ്ങിയ സംഘടനകളുടെ സഭാവിരുദ്ധ പ്രവർത്തനങ്ങളെ സിനഡ് പൂർണ്ണമായും നിരാകരിക്കുന്നു. ഇവയെ സഭാസംഘടനകളായി അംഗീകരിക്കുന്നില്ല എന്ന് സിനഡ് അറിയിക്കുന്നു.

**മുന്നോട്ടുള്ള വഴി**

അഭിപ്രായഭിന്നതകൾ അവസാനിപ്പിച്ച് എറണാകുളം -അങ്കമാലി അതിരൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും മുന്നോട്ടു പോകേണ്ടതുണ്ട്. "നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ച്, ഒരേ സ്നേഹത്തിൽ വർത്തിച്ച് ഒരേ ആത്മാവും ഒരേ അഭിപ്രായവുമുള്ളവരാകുവിൻ" (ഫിലി 2:2) എന്ന ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമ്മിക്കാം. ഇതിന് ആവശ്യമായ ഒരു കർമ്മപദ്ധതി കൂടിയാലോചനകളിലൂടെ സിനഡ് രൂപീകരിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് സീറോ മലബാർ സഭയിലുള്ള പ്രമുഖസ്ഥാനം സിനഡ് പ്രത്യേകമായി ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു. തങ്ങളിൽനിന്ന് സഭയും കാലഘട്ടവും പ്രതീക്ഷിക്കുന്ന ആത്മീയ ഔന്നത്യവും ഉദാരതയും എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരും സന്യസ്തരും അല്മായരും പ്രകടമാക്കും എന്ന് സിനഡ് പ്രത്യാശിക്കുന്നു.

മേജർ ആർച്ചുബിഷപ്പിന്റെ ആഗോളതലത്തിലുള്ള ഭാരിച്ച ഉത്തരവാദിത്തങ്ങൾ പരിഗണിച്ച് എറണാകുളം-അങ്കമാലി അതിരൂപതയുടെ ദൈനംദിന ഭരണനിർവ്വഹണത്തിന് ഒരു മെത്രാപ്പോലീത്തൻ വികാരിയെ നിയമിക്കുന്ന കാര്യം സിനഡ് 2007 മുതൽ ചർച്ച ചെയ്തിരുന്നതാണ്. ഇതു സംബന്ധിച്ചുള്ള തീരുമാനം 2019 ജനുവരി സിനഡിൽ റോമിന്റെ അംഗീകാരത്തിനായി അയച്ചിരുന്നു. എറണാകുളം-അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്തൻ വികാരിയായി മണ്ഡ്യ രൂപതാദ്ധ്യക്ഷനും അതിരൂപതാംഗവുമായ മാർ ആന്റണി കരിയിൽ സി.എം.ഐ. യെ സിനഡ് തെരഞ്ഞെടുത്തിട്ടുണ്ട്. അതിരൂപതയുടെ മെത്രാപ്പോലീത്തയായ മേജർ ആർച്ചു

ബിഷപ്പിനോടും അതിരൂപതാ മെത്രാപ്പോലീത്തൻ വികാരി യോടും ചേർന്ന് ഒരേമനസ്സോടെ അതിരൂപത സുവിശേഷ ത്തിന്റെ വെളിച്ചത്തിൽ മുന്നോട്ട് നീങ്ങുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. "മിശിഹായിൽ നാമെല്ലാവരും ഒന്നാണെന്ന" ശ്ലീഹായുടെ ആഹ്വാനം (ഗലാ 3:28) നമ്മെ നയിക്കട്ടെ. മലമേൽ പണിത ഗോപുരംപോലെ അതിരൂപതയുടെ മഹത്വം വർദ്ധമാനമാകട്ടെ എന്ന് സിനഡ് പ്രാർത്ഥിക്കുന്നു. സഹോദര ർ ഒരുമിച്ചു വസിക്കുന്നതിന്റെ വൈശിഷ്ട്യവും സൗന്ദര്യവും അതിരൂപതയിൽ വർദ്ധിച്ചു വരട്ടെ.

എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോ ലിക് അഡ്മിനിസ്ട്രേറ്ററായി സേവനം ചെയ്ത അഭിവന്ദ്യ ജേക്ക ബ് മനത്തോടത്ത് പിതാവിനോട് സിനഡിനുള്ള ആത്മാർത്ഥമാ യ നന്ദി അറിയിക്കുന്നു. അപ്പസ്തോലിക് അഡ്മിസ്നിട്രേറ്റർ എന്ന നിലയിൽ അഭിവന്ദ്യ പിതാവ് സ്വീകരിച്ച നടപടികൾ പ്രശ്നപരിഹാരങ്ങൾക്ക് ഏറെ സഹായകമായിട്ടുണ്ട്. അതി രൂപതയുടെ സഹായമെത്രാന്മാരായിരുന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നീ പിതാക്ക ന്മാർക്ക് പുതിയ അജപാലന സ്ഥാനങ്ങൾ നിർണ്ണയിക്കണം എന്ന ഉത്തരവാദിത്തം പരിശുദ്ധ സിംഹാസനം സിനഡിനെ ഭരമേൽപ്പിച്ചിരുന്നു. ഈ പിതാക്കന്മാരെ തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്തിയത് ശിക്ഷാനടപടിയായി വ്യാഖ്യാനി ക്കുന്നത് ശരിയല്ലെന്നും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണ നിർവ്വഹണം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പരിശുദ്ധ സിംഹാസനമെടുത്ത നടപടിയുടെ ഭാഗമായിരുന്നു എന്നും അറിയിച്ചിട്ടുണ്ട്. എറണാകുളം-അങ്കമാ ലി അതിരൂപതയുടെ സഹായ മെത്രാന്മാരെന്ന നിലയിൽ ഇ വർ ചെയ്ത സേവനങ്ങളെ സിനഡ് നന്ദിയോടെ ഓർമ്മിക്കുന്നു. അഭിവന്ദ്യ സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിനെ മണ്ഡ്യ രൂ പതയുടെ മെത്രാനായും അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവിനെ ഫരിദാബാദ് രൂപതയുടെ സഹായ മെത്രാനായും

സിനഡ് തിരഞ്ഞെടുത്തിട്ടുണ്ട്. പുതിയ അജപാലന മേഖലകളിൽ എല്ലാവിധ ന യും പിന്തുണയും ഈ പിതാക്കന്മാർക്ക് സിനഡ് വാഗ്ദാനം ചെയ്യുന്നു. ഈ പിതാക്കന്മാർ പുതിയ ദൗത്യം ഏറ്റെടുക്കുന്നതുവരെ എറണാകുളം-അങ്കമാലി അതിമെത്രാസനഭവനത്തിൽ താമസിച്ച് മെത്രാപ്പോലീത്തൻ വികാരിയെ സഹായിക്കുന്നതാണ്.

എറണാകുളം-അങ്കമാലി അതിരൂപതയിലെ മേൽപറഞ്ഞ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കോടതികളിൽ നിലവിലുള്ള വിവിധ കേസുകൾ നിയമപരമായും അനുരഞ്ജനാരൂപിയിലും പരിഹരിക്കേണ്ടത് അതിരൂപതയുടെ സുഗമമായ പ്രയാണത്തിന് ആവശ്യമാണെന്ന് സിനഡു വിലയിരുത്തുന്നു. ഇതിനായി വിരമിച്ച പ്രഗൽഭ ന്യായാധിപന്മാരുടെ ഒരു സമിതിയെ സിനഡ് നിയോഗിച്ചിട്ടുണ്ട്. ഈ സമിതിയുടെ സഹായത്തോടെ വ്യവഹാരങ്ങൾ പരിഹരിക്കാൻ മെത്രാപ്പോലീത്തൻ വികാരിയെ സിനഡ് ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ട്.

അഖിലേന്ത്യാ തലത്തിലും ആഗോള തലത്തിലും സീറോ മലബാർ സഭയുടെ വളർച്ചയ്ക്ക് നമ്മുടെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരിപ്പിതാവ് നല്കിക്കൊണ്ടിരിക്കുന്ന നേതൃത്വത്തെ സിനഡ് നന്ദിയോടെ ഓർമ്മിക്കുന്നു. വ്യക്തിപരമായ ആരോപണങ്ങൾ ഉയർന്നപ്പോഴും സമചിത്തതയോടെയും ക്രിസ്തീയ അരൂപിയിലും പ്രതികരിച്ച അഭിവന്ദ്യ പിതാവിന്റെ മാതൃക അനുകരണീയമാണ്. സീറോ മലബാർ സഭയെ ഏറെ സ്നേഹിക്കുകയും പ്രതിസന്ധി ഘട്ടങ്ങളിൽ വ്യക്തമായ ഇടപെടലുകൾ നടത്തുകയും ചെയ്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പയെയും പൗരസ്ത്യ തിരുസംഘത്തെയും സിനഡ് ഏറെ ആദരവോടെയും നന്ദിയോടെയും അനുസ്മരിക്കുന്നു. വിവാദങ്ങളുടെ ഭാഗമായി ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ പരസ്പരം ക്ഷമിക്കാനും മറക്കാനും നമ്മുടെ കർത്താവിന്റെ സ്നേഹത്തിന്റെ അരൂപിയിൽ എല്ലാവരും തയ്യാറാകണം. നമ്മുടെ സഭയ്ക്ക് തുറ

ന്നു കിട്ടിയ പുതിയ പ്രേഷിത സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഇതാവശ്യമാണ്. ഇതിന് സഹായകമായ അനുരഞ്ജനശ്രമങ്ങൾ എല്ലാ തലത്തിലും ഉണ്ടാകണം. നാമെല്ലാം ഒന്നാകണമെന്ന ഈശോയുടെ സ്വപ്നം (യോഹ. 17:23) സഫലമാക്കാൻ നമുക്ക് ഒരുമിച്ച് നീങ്ങാം.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യത നമുക്ക് സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ വിശുദ്ധ കുരിശിനാൽ നിങ്ങളെല്ലാവരെയും ആശീർവ്വദിച്ചുകൊണ്ട്

സീറോ മലബാർ സഭയുടെ **സിനഡ് പിതാക്കന്മാർ**

---

NB. ഈ സർക്കുലർ 2019 സെപ്റ്റംബർ 1 ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ പള്ളികളിലും വായിക്കുന്നതിനായി നൽകപ്പെട്ടതാണ്.

**സർക്കുലർ - 252**

## പ്രളയക്കെടുതിയും ദുരിതാശ്വാസവും

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട അച്ചൻമാരേ, സന്യാസിനിസന്യാസികളേ, സഹോദരീ സഹോദരന്മാരെ,

നമ്മുടെ നാടിനെ മുഴുവൻ വീണ്ടും ദുഃഖത്തിലാഴ്ത്തിയ പ്രളയക്കെടുതിയെപ്പറ്റി വിശിഷ്യാ, വയനാട്ടിൽ - പുത്തൂർമലയിലും, മലപ്പുറത്ത് നിലമ്പൂർ-കവളപ്പാറയിലും, മണ്ണാർക്കാട് - അട്ടപ്പാടിയിലും സംഭവിച്ച അതിവ വേദനാജനകമായ സംഭവങ്ങൾ മാദ്ധ്യമങ്ങളിലൂടെ നമുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടല്ലോ. നമ്മുടെ സഹോദരങ്ങളുടെ വേദനയിലും, നിസ്സാഹായതയിലും, ദൈവാനുഗ്രഹത്താൽ പ്രളയക്കെടുതിയുടെ ക്ലേശങ്ങൾ ഒഴിവായി കിട്ടിയ നമ്മൾ പങ്കുചേരുകയും, അവരെ കഴിയുന്നത്ര സഹായിക്കുകയും ചെയ്യുക നമ്മുടെ കടമയും ഉത്തരവാദിത്വവും അതിലുപരി മനുഷ്യസ്നേഹത്തിന്റെ ഭാഗവുമാണല്ലോ. പ്രളയക്കെടുതി അനുഭവിക്കുന്ന വർക്കുവേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം. ഉപരിയായി, കഴിയുന്ന സഹായങ്ങൾ എത്തിച്ചു കൊടുത്ത് അവരെ കൈപിടിച്ചുയർത്താൻ പ്രത്യേകം ശ്രദ്ധിക്കാം.

ആകയാൽ നാളെ ആഗസ്റ്റ് 15-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അറിയിച്ച് ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിലേയ്ക്ക് സംഭാവന ശേഖരണം നടത്തി രൂപതാകേന്ദ്രത്തിൽ താമസംവിനാ എത്തിക്കുമല്ലോ. നമ്മുടെ ഔദാര്യപൂർവ്വവും അനുകമ്പാദ്രവുമായ സഹകരണം നടത്തി പ്രളയ ദുരത്തിനിടയാക്കിയ നമ്മുടെ സഹോദരരെ സഹായിക്കാം.

കാരുണ്യവാനായ ദൈവം നമ്മെ എല്ലാവരെയും കാത്തുപരിപാലിക്കുമാറാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം.

+ Jos Kallarangatt

മെത്രാസനമന്ദിരം

പാലാ, 14.08.2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ രൂപത മെത്രാൻ

---

**N.B.** 2019 ആഗസ്റ്റ് 15-ാം തീയതി എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകപ്പെട്ടതാണ്.

Ref.3219/K-5/KCBC/OL/DS     16 August 2019

## 2019-ലെ മഴക്കെടുതി സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരരേ,

2019 ആഗസ്റ്റ് മാസം 5 മുതൽ കേരളത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായ കനത്തമഴയും വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മൂലം ഇക്കൊല്ലവും നമ്മൾ ദുരിതദിനങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വടക്കൻ ജില്ലകളെയും ഹൈറേഞ്ചു മേഖലയെയുമാണ് മഴക്കെടുതി തീവ്രമായി ബാധിച്ചത്. ഓഗസ്റ്റു 16 വരെ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട 108 പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഒലിച്ചുപോയവരിൽ മുപ്പത്തിയഞ്ചോളം പേരുടെ മൃതദേഹങ്ങൾ കണ്ടെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ക്യാമ്പുകളിൽ കഴിയുന്ന രണ്ടു ലക്ഷത്തോളം ആളുകൾ ദുരിതങ്ങളുടെയും നഷ്ടങ്ങളുടെയും ഭാരം പേറുന്നവരാണ്. അവരിൽ പലർക്കും ഉറ്റവരും ഉടയവരും വീടുകളും കൃഷിയും ആടുമാടുകളും കൃഷിഭൂമിയുമുൾപ്പെടെ ജീവിതത്തിന്റെ ഊടും പാവുമായിരുന്നവയെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.

കേരള സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയും പോലീസ് സേനയും സൈന്യവും, ഒപ്പം മുൻവർഷത്തേതുപോലെ നാടിന്റെ നന്മ വിളിച്ചറിയിച്ചുകൊണ്ട് ധാരാളം സന്നദ്ധപ്രവർത്തകരും ദുരിതബാധിതരുടെ സഹായത്തിനെത്തി. ദുരിതമേഖലയിലെ നമ്മുടെ ഇടവകകളും സ്ഥാപനങ്ങളും സന്ന്യാസഭവനങ്ങളും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സജീവമായി രംഗത്തുണ്ടായി. മത്സ്യത്തൊഴിലാളികളും യുവജനങ്ങളും വൈദികരും സന്ന്യസ്തരും ആരോഗ്യ പ്രവർത്തകരുമെല്ലാം സർക്കാർ സംവിധാനങ്ങളോടു കൈകോർത്തു. ജാതിമതഭേദമെന്യേ എല്ലാവിഭാഗം ജനങ്ങളും സഹായഹസ്തങ്ങൾ നീട്ടിയത് ദുരിതബാധിതർക്ക് കുറെയെങ്കിലും ആശ്വാസം പകരുന്നതാണ്.

ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരെ ദൈവസന്നിധിയിൽ ഓർത്ത് പ്രാർത്ഥിക്കാം. വേർപാടിന്റെയും നഷ്ടങ്ങളുടെയും ഭാരവും വേദനയും പേറുന്നവരുടെ ആശ്വാസത്തിനും പുനരധിവാസത്തിനു മായി ആത്മാർത്ഥമായി സഹകരിക്കാം. ദുരിതമേഖലയിൽ കത്തോ ലിക്കാസഭയുടെ സാമൂഹ്യക്ഷേമവിഭാഗം സജീവമായിരുന്നു. കെസി ബിസി സാമൂഹ്യക്ഷേമവിഭാഗം ചെയർമാൻ ആർച്ചുബിഷപ്പ് തോമസ് മാർ കുറിലോസും ദുരിത മേഖലയിലെ സഭാപിതാക്കന്മാരും കേര ള സോഷ്യൽ സർവ്വീസ് ഫോറവും ബത്തേരി, കണ്ണൂർ, കോഴി ക്കോട്, മാനന്തവാടി, പാലക്കാട്, തലശ്ശേരി, താമരശ്ശേരി തുടങ്ങിയ സോഷ്യൽസർവ്വീസ് സൊസൈറ്റികളുടെ ഭാരവാഹികളും അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. കെസിബിസി അടിയന്തരസഹായമായി 10 ലക്ഷം രൂപ അനുവദിച്ചു. കെസിബി സിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഉദാരമായി സംഭാവന നല്കാൻ എല്ലാ ഇടവകകളെയും രൂപതകളെയും സ്ഥാപനങ്ങളെയും സന്ന്യാസസമൂഹങ്ങളെയും ആഹ്വാനം ചെയ്യുന്നു.

2018-ലെ പ്രളയദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങ ളുടെ ഒന്നാം ഘട്ട സമർപ്പണം 2019 ആഗസ്റ്റ് 5-ന് പിഒസിയിൽ നട ന്നു. കാരിത്താസ് ഇന്ത്യയടക്കം വിവിധ ഏജൻസികൾ ഇക്കാര്യ ത്തിൽ നമുക്ക് കൈത്താങ്ങായി . അൻപതിനായിരത്തോളം കുടും ബങ്ങളിൽ ചെറുതും വലുതുമായ സഹായമെത്തിക്കാൻ കേരള ത്തിലെ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു. ഇതിന്റെ വിശദമായ റിപ്പോർട്ടും കണക്കും കേരളസോഷ്യൽ സർവ്വീസ് ഫോറം ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ നമ്മുടെ വിശ്വാസികൾ പുലർത്തിയ സഹോദരസ്നേഹവും സഹാനുഭൂതിയും മാതൃകാ പരമായിരുന്നു.

ആഗസ്റ്റ് 25-ാം തീയതി പ്രർത്ഥനാദിനമായി ആചരിക്കാനും അന്നത്തെ കാണിക്കയും സമാഹരിക്കാൻ കഴിയുന്ന മറ്റു സംഭാവ നകളും ആഗസ്റ്റ് 31-നകം കെസിബിസിയുടെ അക്കൗണ്ടിൽ (Kerala Catholic Bishops' Council; A/c No.0423053000005221; IFSC: SIBL0000423; South Indian Bank Ltd., Vennala Branch) നിക്ഷേ

പിച്ച് വിവരം കെസിബിസി സെക്രട്ടറിയേറ്റിൽ (പിഒസി) അറിയിക്കാൻ അഭ്യർത്ഥിക്കുന്നു.

എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**ആർച്ച്ബിഷപ് എം. സൂസപാക്യം**

പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

**N.B.** 2019 ആഗസ്റ്റ് 18-ാം തീയതിയോ ഏറ്റവും അടുത്ത സൗകര്യപ്രദമായ ദിവസമോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിനായി നൽകപ്പെട്ടതാണ്.

# പാലാ രൂപത കുടുംബക്കൂട്ടായ്മ 23-ാമത് വാർഷികം

**2019 സെപ്റ്റംബർ 20 വെള്ളിയാഴ്ച**

**രാവിലെ 9.30 am - 1 pm വരെ**

സ്ഥലം: **മാർ സ്ലീവാ മെഡിസിറ്റി പാലാ, ചേർപ്പുങ്കൽ**

ഉദ്ഘാടനം:

**അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്**

മുഖ്യപ്രഭാഷണം:

**അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ**

***എല്ലാ ഇടവകകളിലെയും കുടുംബക്കൂട്ടായ്മ ഭാരവാഹികൾ പങ്കെടുക്കുന്നു***

**സമ്മാനദാനം സ്നേഹവിരുന്ന്**

സാന്നിധ്യം:

വെരി റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ,

വെരി. റവ. ഫാ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**

(ഡയറക്ടർ)

# അറിയിപ്പ്

## വാർഷികധ്യാനം

സ്നേഹ ബഹു. അച്ചന്മാരേ,

സെപ്തംബർ മാസത്തിലെ രണ്ടാഴ്ചകളിലായി (08–12, 15–19) നമ്മുടെ വാർഷികധ്യാനം നടക്കുകയാണല്ലോ. അജപാലകർ എന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളാണ് വാർഷികധ്യാനദിനങ്ങൾ. നാം ഈ വാർഷികധ്യാനത്തിനുവേണ്ടി കാത്തിരിക്കുകയാണല്ലോ. ഈശോയുടെ പാദാന്തികത്തിലിരുന്നു വചനം ശ്രവിക്കുന്നതാണ് ഇതെന്നു നമുക്കറിയാം. നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി വേണം ധ്യാനത്തിലേക്ക് പ്രവേശിക്കുവാൻ. ദൈവജനത്തിന്റെ പ്രാർത്ഥന ഉറപ്പാക്കിയിട്ടുവേണം ബഹു. വൈദികർ ധ്യാനത്തിനായി പുറപ്പെടുന്നത്. ദൈവവചനത്തിനും ആരാധനാജീവിതത്തിനും അജപാലന ദൈവശാസ്ത്രത്തിനും പ്രാധാന്യം നൽകുന്ന ധ്യാനങ്ങളാണ് ഈ വർഷത്തേത്. ഈ പ്രസംഗങ്ങൾ കേൾക്കുമ്പോൾ ഈശോയോടു നേരിട്ട് സംസാരിക്കുവാൻ നമുക്ക് എല്ലാവർക്കും കഴിയും. കണ്ണൂർ രൂപതാംഗമായ **റവ.ഡോ. ജോയി പൈനാടത്ത്** ധ്യാനം നയിക്കുന്നതായിരിക്കും.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കണം. ഒരു വൈദികൻ പോലും വാർഷികധ്യാനത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ പാടില്ല. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും വരാൻ സാധിക്കുകയില്ലെങ്കിൽ പിന്നീട് ഏറ്റവും അടുത്ത നാല് പൂർണ്ണ ദിവസങ്ങളിൽ ധ്യാനിക്കേണ്ടതാണ്. ധ്യാനത്തിന് പോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കുമല്ലോ.

## വാർഷിക ധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വി. ഗ്രന്ഥം, യാമപ്രാർത്ഥനാപുസ്തകം, കൊത്തീന, ഊറാറ, സൂനാറ, കുർബ്ബാനക്കണക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

2. ധ്യാനദിവസങ്ങളിലെ സമൂഹബലിയിൽ എല്ലാ ബഹു. വൈദികരും പങ്കെടുക്കണം. ആ ദിവസങ്ങളിൽ ഇടവകകളിലോ സ്ഥാപനങ്ങളിലോ വി. കുർബാന അർപ്പിക്കാനായി പോകേണ്ടതില്ല.

3. 100-ൽ കൂടുതൽ വി. കുർബാന നിയോഗങ്ങൾ കൈവശമുള്ളവർ അവ ധ്യാനാവസരത്തിൽ രൂപതാകച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്.

4. കഴിഞ്ഞ വാർഷിക ധ്യാനത്തിനുശേഷം ബഹു. വൈദികർ രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വി. കുർബാനകൾ (binated and trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ധ്യാനദിവസങ്ങളിൽ ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് വിശ്വാസികളെ ഉദ്ബോധിപ്പിക്കേണ്ടതാണ്.

6. പ്രാരംഭദിവസം വൈകുന്നേരം ആറുമണിക്കുമുമ്പായി എല്ലാ ബഹു. അച്ചന്മാരും അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം, പാലാ
29.8.2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB : വാർഷികധ്യാനത്തിനായി രണ്ട് ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന ബഹു. വൈദികരുടെ ലിസ്റ്റ് മെയ് മാസത്തിലെ സാന്ത്വനപ്രകാശം ബുള്ളറ്റിനിൽ (Vol. LXIX May 2019 No. 5, pp. 409-414) പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

## ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

### വിശുദ്ധ കുർബാന എഴുന്നള്ളിച്ച് കൊടുക്കുവാൻ ബഹു. സിസ്റ്റേഴ്സിനുള്ള പ്രത്യേക പരിശീലനം

**സെപ്റ്റംബർ 13-ാം തീയതി വെള്ളിയാഴ്ച**

വിശുദ്ധ കുർബാന എഴുന്നള്ളിച്ച് കൊടുക്കുവാൻ പുതുതായി നിയോഗിക്കപ്പെടുന്ന ബഹു. സിസ്റ്റേഴ്സിനുള്ള പ്രത്യേക പരിശീലന ക്ലാസ്സുകൾ പ്രതികൂല കാലാവസ്ഥമൂലം ആഗസ്റ്റ് മാസത്തിൽ നടത്തുവാൻ സാധിക്കാതെ പോയ സാഹചര്യത്തിൽ, 2019 സെപ്റ്റംബർ മാസം 13-ാം തിയതി വെള്ളിയാഴ്ച ഉച്ചക്കഴിഞ്ഞ് രണ്ടു മണി മുതൽ വൈകുന്നേരം നാലു മണിവരെ ബിഷപ്സ് ഹൗസിൽ വച്ച് വീണ്ടും നടത്തപ്പെടുന്ന വിവരം അറിയിക്കുന്നു. ഇതിനോടകം രൂപതാ കേന്ദ്രത്തിൽനിന്ന് അത്യാവശ്യ സാഹചര്യത്തിൽ താൽക്കാലിക അനുവാദം ലഭിച്ചിട്ടുള്ളവരും പുതിയതായി അനുമതിപത്രം (സർട്ടിഫിക്കറ്റ്) ആവശ്യമുള്ളവരും ഈ പരിശീലന ക്ലാസ്സുകളിൽ നിർബന്ധമായും പൂർണ്ണമായും പങ്കെടുക്കേണ്ടതാണ്.

ബഹു. വികാരിയച്ചന്റെ രേഖാമൂലമുള്ള ശുപാർശ യോടെ രൂപതാ കേന്ദ്രത്തിൽ ഇതിനോടകം പേരു രജിസ്റ്റർ ചെയ്ത ബഹു. സിസ്റ്റേഴ്സിനെ ഈ പ്രത്യേക പരിശീലന ക്ലാസ്സിലേയ്ക്ക് പറഞ്ഞു വിടണമെന്ന് താല്പര്യപ്പെടുന്നു. ഇനിയും പുതുതായി പേരു രജിസ്റ്റർ ചെയ്യുവാൻ ആഗ്രഹി ക്കുന്നവർ ബഹു. അച്ചന്റെ കത്തു സഹിതം ഹാജരാകേണ്ട താണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+Jacob Murickan

**ബിഷപ് ജേക്കബ് മുരിക്കൻ**
പാലാ രൂപത സഹായമെത്രാൻ

ബിഷപ്സ് ഹൗസ്
പാലാ, 30.08.2019

## കുടുംബസംഗമം

ബഹുമാനപ്പെട്ട അച്ചാ,

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ രൂപതയിലെ 55 വയസ്സിൽ താഴെ 4 കുട്ടികളോ അതിൽ കൂടുതലോ ഉള്ള കുടുംബങ്ങളുടെ ഒരു സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നു. ഇങ്ങനെയുള്ള ദമ്പതികളുടെ ലിസ്റ്റ് സെപ്റ്റംബർ മാസം 20 ന് മുൻപ് ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

**ഫാ. അബ്രാഹം പാലയ്ക്കാത്തടത്തിൽ**
(ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ)



# പാലാ ഹോം പ്രോജക്ട്

## ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ

1. ത്രേസ്യാമ്മ പ്ലാകൂട്ടത്തിൽ, ലൂർദ് മൗണ്ട് - 50,000
2. മിനി മോഹനൻ, മണ്ണകുന്നേൽ ലൂർദ് മൗണ്ട് - 20,000
3. ബീന സിബി വട്ടമല മണികല്ലിൽ, നെല്ലിയാനി - 10,000
4. സാലി ജോളി പൂനിലത്തിൽ, കൊണ്ടാട് - 40,000
5. ബെന്നി വി. പി. വേങ്ങക്കൽ, കൊണ്ടാട് - 60,000
6. ജോൺസൺ തോമസ് കുന്നത്തേൽ, കൊണ്ടാട് - 50,000
7. അന്നക്കുട്ടി ലോറൻസ് ചവരുപാറ, കൊണ്ടാട് - 50,000
8. ടി പി ജോസ് പെരുമറ്റം, മുത്തോലപുരം - 50,000
9. സാലി ചാക്കോ മഞ്ഞനാൽ, മുത്തോലപുരം - 25,000
10. ബിജി മാത്യു മൂലയിൽ, കൂത്താട്ടുകുളം - 25,000
11. മിനി ജോൺ തുരുത്തേൽ, രാമപുരം - 72,000
12. ജോസ് മത്തായി കാരക്കാട്ട് കുന്നേൽ, രാമപുരം - 1,00,000
13. സണ്ണി വർക്കി വേലംകുന്നേൽ, രാമപുരം - 75,000
14. ചിന്നമ്മ ചാക്കോ കുഴിപ്പിള്ളിൽ, രാമപുരം - 50,000
15. സോജൻ മാത്യു ഏഴുപറയിൽ, മരങ്ങോലി - 20,000
16. മേരി തോമസ് വടക്കേക്കരയിൽ, മരങ്ങോലി - 40,000
17. ചാക്കോ വെള്ളിഞ്ഞാലിൽ, മണ്ണാറപ്പാറ - 40,000
18. ബെന്നി സെബാസ്റ്റ്യൻ കോതമ്പനാനിയിൽ, പ്ലാശനാൽ - 50,000

## പാലാ ഹോം പ്രോജക്ടിലേക്ക് സ്ഥലം സംഭാവന ചെയ്തവർ

1. തങ്കച്ചൻ മുണ്ടിയാങ്കൽ, നീലൂർ - 10 സെന്റ്

## പാലാ ഹോം പ്രൊജക്റ്റിൽ ഈ മാസം പണി പൂർത്തീകരിച്ച വീടുകൾ

1. മേരി ജോസ് വടയാറ്റു കുന്നേൽ, ലൂർദ് മൗണ്ട്
2. ത്രേസ്യാമ്മ പ്ലാകൂട്ടത്തിൽ, ലൂർദ്മൗണ്ട്
3. മിനി മോഹനൻ മണ്ണക്കുന്നേൽ, ലൂർദ് മൗണ്ട്

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

# ഫാമിലി അപ്പോസ്തലേറ്റ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് - സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഒരു കോഴ്സ് ആരംഭിക്കുന്നു. കുടുംബങ്ങളെ സംബന്ധിച്ച് അൽമായർക്കായി സഭാപ്രബോധനങ്ങളെ ആധാരമാക്കിയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. ക്ലാസ്സിന്റെ വിഷയങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഒക്ടോബർ മാസം ആരംഭിക്കുന്ന കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ സെപ്റ്റംബർ 30 ന് മുൻപായി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് 04822 210049, 8547150049.

## കുടുംബങ്ങളെ സംബന്ധിച്ച സഭാപ്രബോധനങ്ങൾ

1. കുടുംബം വിശുദ്ധ ഗ്രന്ഥത്തിൽ (പഴയനിയമം)
   - റവ.ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിയ്ക്കൽ
2. കുടുംബം വിശുദ്ധ ഗ്രന്ഥത്തിൽ (പുതിയനിയമം)
   - റവ.ഡോ. തോമസ് വടക്കേൽ
3. സ്നേഹത്തിന്റെ സന്തോഷം
   - റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ
4. മനുഷ്യജീവൻ - റവ.ഡോ. ജോസഫ് തടത്തിൽ
5. കുടുംബം ഒരു കൂട്ടായ്മ - റവ.ഫാ. ജോസ് കോട്ടയിൽ
6. കുടുംബ ധാർമ്മികത - റവ. ഡോ. ഡൊമിനിക് വെച്ചൂർ
7. കുടുംബം സീറോ മലബാർ പാരമ്പര്യത്തിൽ
   - റവ.ഡോ. ജോസ് കുറ്റിയാങ്കൽ
8. തീയോളജി ഓഫ് ബോഡി - റവ.ഡോ. എമ്മാനുവൽ പാറേക്കാട്ട്
9. കുടുംബം രണ്ടാം വത്തിക്കാൻ കൗൺസിലും കത്തോലിക്ക സഭയുടെ മതബോധനത്തിലും
   - റവ.ഡോ. തോമസ് പുന്നത്താനത്ത്
10. കുടുംബത്തിലെ വെല്ലുവിളികൾ, പ്രതിവിധികൾ
    - പ്രൊഫ. റ്റി.സി തങ്കച്ചൻ
11. കുടുംബ വിശുദ്ധർ - റവ.ഫാ. ജോർജ് പൈമ്പിള്ളിൽ
12. ഫാമിലി കൗൺസിലിങ് - റവ.ഫാ.മാത്യു ചേന്നാട്ട്

**റവ. ഡോ. അബ്രാഹം പാലയ്ക്കത്തടത്തിൽ**
(ഡയറക്ടർ)

## പുസ്തകം പ്രസിദ്ധീകരിക്കുന്നു.

വിശുദ്ധനാട് തീർഥാടകർക്ക് നല്ലൊരു വഴി കാട്ടിയും സന്ദർശനം സാധിക്കാത്തവർക്ക് ഉത്തമമായ പഠന സഹായിയുമായി വിശുദ്ധനാടിനെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെയും ചരിത്രത്തിന്റെയും വിവരണങ്ങളോടെ വിശദമായ ഒരു പഠനം യാത്രവിവരണ ശൈലിയിൽ നിരവധി കളർ ചിത്രങ്ങളോടെ തയ്യാറാക്കി ഉടൻ പ്രസിദ്ധീകരിക്കുന്നു.

ഗ്രന്ഥകർത്താവ്:

**വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട്**

പ്രസിദ്ധീകരണം

**ബൈബിൾ അപ്പസ്തോലേറ്റ് പാലാ രൂപത.**

പേജ് 289 വില: 200

പ്രീ പബ്ലിക്കേഷൻ വില: 150

കോപ്പികൾക്ക് :

**ബൈബിൾ അപ്പസ്തോലേറ്റ് ഓഫീസ്**

ഷലോം പാസ്റ്ററൽ സെന്റർ, പാല

ഫോൺ : 9447145934

2019 സെപ്തംബർ 29-ാം തീയതി പാലാ കാരിത്താസിന്റെ നടത്തിപ്പിനായി മുൻകൂട്ടി അറിയിച്ചതനുസരിച്ച് അന്നേദിവസം പിരിഞ്ഞുകിട്ടുന്ന തുക ഒക്ടോബർ 20-ന് മുമ്പായി രൂപതാ പ്രൊക്യൂറേറ്ററെ ഏല്പിക്കേണ്ടതാണ്.

ദുരിതാശ്വാസത്തിനായി പിരിച്ചുകിട്ടിയ തുക സെപ്റ്റംബർ 15-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

ലേഖനം

# പ്രളയം ഓർമ്മയും ഓർമ്മപ്പെടുത്തലും

ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്

അതിജീവിതത്തിന്റെ നാളുകളിലൂടെയാണ് കേരളം കടന്നുപോകുന്നത്. പ്രളയം ഒരു ഭീഷണിയായും ആകുലതയായും നമ്മുടെ മുന്നിൽ വന്നപ്പോൾ കേരളസമൂഹം പരസ്പരം കൈകോർത്തു. പ്രളയം വരുത്തിയ ദുരന്തങ്ങൾ മറക്കാനും മുറിവുകളെ ഉണക്കാനും കേരളത്തെ കൂടുതൽ മികച്ച ഇടമാക്കി മാറ്റുവാനും ഒരു ദർശനം ആവശ്യമാണ്. കേരളത്തിന്റെ ഭാവിക്കുമേൽ കിടക്കുന്ന രണ്ട് വാളുകളാണ് വൻതോതിലുള്ള കാലാവസ്ഥ വ്യതിയാനവും അതിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ ഫലങ്ങളും. പ്രളയത്തിന് പരിഹാരം പ്രാദേശികമായി കണ്ടെത്താനാകില്ല. അത് ഏതാനും നേതാക്കളുടെയോ വ്യവസായികളുടേയോ കൈകളിലല്ല. നമ്മുടെ കേരളത്തെ ജീവിക്കുവാൻ കൂടുതൽ മികച്ച ഇടമാക്കി മാറ്റാനുള്ള ദർശനങ്ങളും പദ്ധതികളുമാണ് നാം അവതരിപ്പിക്കേണ്ടത്. നമ്മുടെ ജീവിതശൈലിയെ പുതുക്കാനും ഭൂമിയെ കൂടുതൽ സുരക്ഷിതമായ ആവാസവ്യവസ്ഥയാക്കി മാറ്റാനും സുസ്ഥിര ജീവിത മാർഗ്ഗങ്ങൾ കെട്ടിപ്പടുക്കാനും നാം ഭൂമിയേയും പ്രകൃതിയേയും മനസ്സിലാക്കേണ്ടതുണ്ട്.

പ്രകൃതിയ്ക്ക് നാം നൽകുന്നതിനേക്കാൾ കൂടുതൽ പ്രകൃതിയിൽനിന്നും ചൂഷണം ചെയ്യുന്ന മൂല്യക്രമം മാറണം. നാം ഇന്നു ജീവിക്കുന്ന രീതിയിൽ കാര്യമായ എന്തോ തകരാറുണ്ടെന്ന ടോണി ജൂബിറ്റിന്റെ വാക്കുകൾ കേരളാ സമൂഹത്തെക്കുറിച്ചു ശരിയായ നീരിക്ഷണമാണ്. നമ്മൾ സാമ്പത്തിക വികസന പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുമ്പോൾ പ്രകൃതിയെ വിസ്മരിക്കരുതെന്ന് പ്രളയം ഓർമ്മിപ്പിക്കുന്നു. എന്നാൽ നൊമ്പരങ്ങൾക്കൊപ്പം മാനവികതയുടെ, സമന്വയത്തിന്റെ, ഹൃദയവിശാലതയുടെ അതിജീവനത്തിന്റെ പുതിയ ചരിത്രം എഴുതുവാൻ മലയാളികൾക്ക് പ്രളയകാലം നിമിത്തമായി. എല്ലാത്തരം സംഘർഷങ്ങളെ മറക്കാനും സമൃദ്ധിയുടെ ലക്ഷ്യത്തിലേക്കു നീങ്ങാനും ഇന്ന് മലയാളിക്ക് മഹത്തായ ദർശനം ആവശ്യമാണ്. ജീവിക്കുവാൻ മെച്ചപ്പെട്ട ഭൂമിയെ വാർത്തെടുക്കു

വാൻ ഒരു പുതിയ വികസനദർശനം തന്നെ ഉടലെടുക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

വെള്ളപ്പൊക്കം അവസാനിച്ചു. ഇനി ദുരിതത്തിന്റെ രണ്ടാം ഘട്ടമാണ്. ഇവിടെയാണ് ഒരുമയോടെ കേരളസമൂഹം ഉണരേണ്ട ത്. ദുരന്തത്തിന്റെ ബാക്കി പത്രമായ അവശിഷ്ടങ്ങളിൽ ഒരായി സ്സിന്റെ മുഴുവൻ അദ്ധ്വാനവും ഹൃദയമിടിപ്പും കണ്ടെത്തുവാൻ കഴി യും. മാനസികമായി പ്രളയക്കെടുതിക്കിരയായവരെ ശക്തിപ്പെടു ത്തേണ്ടത് നമ്മുടെ കടമയാണ്. സർക്കാരും, സമുദായവും, വിവിധ സംഘടനകളും ഒപ്പമുണ്ട് എന്ന് പ്രളയബാധിതർക്ക് തോന്നണം. തോന്നിയാൽ മാത്രം പോരാ ഒപ്പം നിൽക്കണം. പ്രളയത്തിന്റെ ശുചീ കരണത്തിനുമുൻപ് മലയാളി സമൂഹം നടത്തേണ്ട ഒരു ശുചീകര ണമുണ്ട് മനോഭാവത്തിന്റെ, സ്വാർത്ഥതയുടെ വിവേചനത്തിന്റെ മാലിന്യങ്ങൾ മനസ്സിൽനിന്നും ആദ്യം വൃത്തിയാക്കണം.

മലയാളി അതിജീവനത്തിന് സ്വന്തമാക്കേണ്ടത് ആത്മബോ ധവും മനസാക്ഷിയും ഇച്ഛാശക്തിയുമാണ്. പ്രകൃതി വിഭവങ്ങളാൽ സമ്പന്നമാണ് കേരളം. പക്ഷെ നമ്മുടെ നാടിന്റെ പല ഭാഗങ്ങളും പ്രകൃതി ക്ഷോഭങ്ങളാൽ ദുരിതം അനുഭവിക്കുന്നു. ഉരുൾപൊട്ടലും, പേമാരിയും പ്രളയവും കൊടുങ്കാറ്റും തുടങ്ങിയ പ്രകൃതിക്ഷോഭ ങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞെന്നു വരില്ല എന്നാൽ അതുമൂലം ഉണ്ടാ കുന്ന ആളപായവും ദുരിതങ്ങളും സാമ്പത്തിക നഷ്ടവും കുറയ്ക്കു വാൻ കഴിയണം. അതിസമ്പന്നരുടെ ധനാർത്തിയുടെ മുൻപിൽ അതിജീവനത്തിന് കഷ്ടപ്പെടുന്നവരുടെ വിയർപ്പും കണ്ണീരും വിസ്മ രിക്കപ്പെടരുത്. കേരളം ഒറ്റകെട്ടായി പ്രളയ കാരണങ്ങളെക്കുറിച്ച് പഠിച്ച് ശരിയായ നടപടികൾ സ്വീകരിക്കുവാനുള്ള ആർജ്ജവത്വം കാണിക്കണം. ഒലിവർ ഗോൾഡ് സ്മിത്ത് എഴുതിയ ദ ഡസർട്ടസ് വില്ലേജ് എന്ന കവിതയിൽ കോറിയട്ടതുപോലെ വ്യാധികൾ മണ്ണിനെ വേട്ടയാടുന്നു

സമ്പത്ത് കുമിഞ്ഞ് കൂടുന്നിടത്ത് മനുഷ്യർ ദുഷിക്കുന്നു
ധീരരായ കൃഷിവേലന്മാർ ത്യാഗത്തിന്റെ അഭിമാനം
ഒരിക്കൽ നശിപ്പിക്കപ്പെട്ടാൽ അവർ പീന്നിടൊരിക്കലും തിരികെ വരുന്നില്ല.

പശ്ചിമഘട്ടത്തിലെ പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ പക്വമായ മുൻഗണനാക്രമം വരേണ്ടിയിരിക്കുന്നു. ഇതിനായി നിയമനിർമ്മാണപരമായ നിർവ്വഹണപരവുമായ പ്രോത്സാഹനപരമായ നടപടികൾ തുടർച്ചയായി സ്വീകരിക്കേണ്ടതുണ്ട്. അപകട സാധ്യതകൾ മനസ്സിലാക്കുക, വിലയിരുത്തുക, തുടർനിരീക്ഷണങ്ങൾ നടത്തുക എന്നിവയെല്ലാം നമ്മുടെ ഭരണസംവിധാനങ്ങളുടെ ഭാഗമാകണം. ദുരന്തനിവാരണപദ്ധതിയും സൂക്ഷ്മവശങ്ങളിലേക്ക് നാം ശ്രദ്ധ പതിപ്പിക്കണം.

പരിസ്ഥിതിയോടും പ്രകൃതിയോടുമുള്ള നമ്മുടെ മനോഭാവങ്ങളിൽ ഒരു പുനർ വായനയും പുനർസൃഷ്ടിയും ആവശ്യമാണ്. ഫ്രാൻസീസ് മാർപ്പാപ്പയുടെ പ്രഖ്യാതമായ ചാക്രികലേഖനം Laudato Si (കർത്താവേ അങ്ങേക്കു സ്തുതി), നമ്മുടെ പ്രകൃതിക്കുവേണ്ടിയുള്ള അതിശക്തമായ പക്ഷം ചേരലാണ്. നമ്മുടെ പൊതുഭവനവും സഹോദരിയുമായ പ്രകൃതിയെ നാം അവഗണിക്കുന്നതിലുള്ള വ്യഥകളും ദുരുപയോഗിച്ചു പിച്ചിചീന്തുന്നതിലുള്ള കടുത്ത ധർമ്മരോഷവും മാർപ്പാപ്പ പ്രകടിപ്പിക്കുന്നുണ്ട്. പരിശുദ്ധ പിതാവ് പറയുന്നു. ഈ ഭൂമി തന്നെയാണ് നമ്മുടെ നിതാന്ത പരിഗണന അർഹിക്കുന്ന ഏറ്റവും വലിയ ദരിദ്ര. അവൾ വ്യാകുലപ്പെടുകയാണ്. നാം ഈ ഭൂമിയുടെ പൊടിക്കൊണ്ട് സൃഷ്ടിക്കപ്പെട്ടവരാണെന്ന വസ്തുത നാം മറക്കരുത്. നമ്മുടെ ശരീരം ഭൂമിയുടെ പദാർത്ഥങ്ങൾകൊണ്ട് നിർമ്മിതമാണെന്നത് നാം ഓർക്കണം. അവളുടെ വായുവും ജലവുമാണ് നമ്മുടെ ജീവൻ നിലനിർത്തുന്നതും നമ്മുടെ പോഷണവുമെന്നതും നാം വിസ്മരിക്കരുത്.

ഭൂമിയുടെ യജമാൻമാരായി നാം നമ്മെ തന്നെ കാണുന്നതുമൂലമാണ് നാം പ്രകൃതിയെ കൊള്ളയടിച്ച് ചൂഷണവിധേയയാക്കുന്നത്. മനസാക്ഷി ഇല്ലാത്തവിധം പ്രകൃതിയെ നാം ദ്രോഹിക്കുന്നതും  അവസാനിപ്പിക്കണം. മറിച്ച് നാം എല്ലാവരും സകല ജീവജാലങ്ങളും മണ്ണും, മഞ്ഞും, മഴയും, പൂവും, പുഴകളും പരസ്പരബന്ധിതരും ആശ്രയിച്ചു നിൽക്കുന്നവരുമാണെന്ന തിരിച്ചറിവ് പ്രകൃതിയെ സ്നേഹിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കാരണമാകും.

പ്രകൃതിയുടെ ആത്യന്തികനിയോഗം മനുഷ്യർക്കു ഉപയോഗിക്കുവാനുള്ള ഒരു വസ്തുവെന്നതല്ല. ഈ പ്രപഞ്ചം മുഴുവനും നിത്യമായ ഒരു സഞ്ചാരത്തിലാണ്, ദൈവത്തിലേയ്ക്കുള്ള ഭ്രമണ പഥത്തിലാണ്. എല്ലാ മതങ്ങൾക്കും പ്രകൃതിയെ സംബന്ധിച്ച ഉൽകൃഷ്ട ദർശനങ്ങളുണ്ട്. വിശുദ്ധ ബൈബിൾ നിഷ്കർഷിക്കുന്നത് മനുഷ്യൻ എന്നതുപോലെ പ്രകൃതിക്കും ഭൂമിക്കും വിശ്രമം വേണമെന്നാണ്. ജൂബിലി വർഷത്തിന്റെ ഒരു കല്പന ആ വർഷം ഭൂമിയിൽ കൃഷി ഇറക്കരുത് എന്നതാണ്. ഇതുവഴി കൃഷിസ്ഥലത്തിനും മനുഷ്യർക്കും ഒപ്പം വിശ്രമം ലഭിക്കുന്നുവെന്നതാണ്.

ഭൂമിയെ വിശ്രമിക്കാൻ അനുവദിക്കുക. അമേരിക്കൻ നേറ്റീവ് ഇൻഡ്യൻസ് ലോകത്തിൽ ഏറ്റവും അധികം പ്രകൃതി സ്നേഹികളായിരുന്ന ആദിമസമൂഹങ്ങളുടെ മുൻനിരയിൽ നിൽക്കുന്നവരാണ്. അവരുടെ വിജ്ഞാനശകലങ്ങൾ ശ്രദ്ധേയമാണ്. "ഒരു ദിവസം ഈ ഭൂമി വിലപിക്കും. അവളുടെ ജീവൻ നശിപ്പിക്കരുതേയെന്ന് നമ്മോട് കേഴും. അവൾ രക്തക്കണ്ണീർ പൊഴിച്ച് കരയും. നിങ്ങൾ ഒരു തീരുമാനം എടുക്കുവാൻ നിർബന്ധിതരാകും. ഒന്നെങ്കിൽ അവളെ സഹായിക്കുക അല്ലെങ്കിൽ അവളെ മരണത്തിനായി വിട്ടേയ്ക്കുക. അതോടെ നിങ്ങളും മരിക്കും" എന്ന ജോൺ ഹോളോ ഹോണിന്റെ വാക്കുകൾ പ്രസക്തമാണ്. ഒരു ഭൂമി, ഒരു ജീവിതം, ഒരു ആകാശം എന്ന സഹോദര്യചിന്ത നാം വളർത്തണം. പ്രകൃതിയെ ചൂഷണം ചെയ്യുന്നവർ മനുഷ്യവർഗ്ഗത്തിന്റെ മാത്രമല്ല സകല ജീവജാലങ്ങളുടെയും ശത്രുവാണ്. കാലമാകുന്ന മന്ദമാരുതൻ നമ്മോട് മന്ത്രിക്കുന്നത് നമുക്ക് ശ്രവിക്കാം. പ്രകൃതി നമ്മുടെ അമ്മയാണ്. അവളെ പരിരക്ഷിക്കൂ. ഈ മണ്ണ് നിന്റേതല്ല എന്ന് നീ തിരിച്ചറിയുക. നീ ഈ മണ്ണിന്റേതാണ്. സകലതും ദൈവത്തിന്റേതും. ഫ്രാൻസീസ് മാർപ്പാപ്പ ലോകത്തെ ഓർമ്മിപ്പിച്ച "ലോകത്തിനാവശ്യം ഒരു Ecological Conversion (പാരസ്ഥിതിക പരിവർത്തനം) ആണെന്ന് നാം വിസ്മരിക്കരുത്.

(2019 ആഗസ്റ്റ് 18-ാം തീയതി ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം)

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Puthukulangara Thomas | September 9 |
| Puthumana Joseph | 10 |
| Puzhakkara Sebastian | 11 |
| Pympillil George | 12 |
| Thadathil Cyriac | 13 |
| Thadathil Joseph (Sr) | 14 |
| Thadathil Joseph (Jr) | 15 |
| Thadathil Kurian | 16 |
| Thadathil Mathew | 17 |
| Thadickaparambil Kuriakose | 18 |
| Thakadiyel Abhraham | 19 |
| Thalavayalil Abhraham | 20 |
| Thalodil Joseph | 21 |
| Thanickappara Joseph | 22 |
| Tharappel Jose (Jr) | 23 |
| Tharappel Joseph (Sr) | 24 |
| Thayil Antony | 25 |
| Thayyil Thomas | 26 |
| Thazhathuvarikayil Joseph | 27 |
| Thekkel Joseph (Jr) | 28 |
| Thekkel Mathew | 29 |
| Thengumpallil Joseph | 30 |
| Thengumpallil Sebastian | October 1 |
| Theruvath Augustine | 2 |
| Theruvil George | 3 |
| Theruvil Joseph | 4 |
| Thevarkunnel Mathew | 6 |
| Tholanickal Joseph | 7 |
| Thonikuzhiyil Sebastian | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ചവർ**

മാർ ജോസഫ് സ്രാമ്പിക്കൽ

**ജപമാല മെഴുകുതിരി പ്രദക്ഷിണം**

ശനിയാഴ്ചകളിൽ വൈകുന്നേരം നടത്തപ്പെടുന്ന വി. കുർബാനയ്ക്കും ജപമാല മെഴുകുതിരി പ്രദക്ഷിണത്തിനും ഫാ. കുര്യൻ തടത്തിൽ, ഫാ. തോമസ് പരുത്തിപ്പാറ, ഫാ. എമ്മാനുവൽ പെരിയപ്പുറം എന്നിവർ കാർമ്മികത്വം വഹിച്ചു.

**പ്രത്യേക സേവനം**

തീർത്ഥാടനകേന്ദ്രത്തിൽ പ്രത്യേക സേവനത്തിനായി എം.സി.ബി.എസ്. സഭയിലെ ഡീക്കൻ ജോസഫ് പട്ടേട്ടും പാലാ രൂപതയിലെ സബ് ഡീക്കൻ ജോസഫ് മണർകാട്ടും എത്തിച്ചേർന്നു.

**സ്പിരിച്വൽ ഡയറക്ടർ**

തീർത്ഥാടനകേന്ദ്രത്തിൽ സ്പിരിച്വൽ ഡയറക്ടറായി മുളക്കുളം ഇടവകാംഗമായ ഫാ. എമ്മാനുവൽ പെരിയപ്പുറം ചാർജ്ജെടുത്തു.

**അൽഫോൻസാമ്മയുടെ ജന്മദിനം ആചരിച്ചു.**

ആഗസ്റ്റ് 19-ാം തീയതി അൽഫോൻസാമ്മയുടെ 109-ാം ജന്മദിനം ശിശുദിനമായി ആചരിച്ചു. മൂന്നുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കുവേണ്ടി വി. കുർബാനയും ആരാധനയും പ്രത്യേക ആശീർവ്വാദപ്രാർത്ഥനകളും നടത്തപ്പെട്ടു. ഭരണങ്ങാനം ലിറ്റിൽ തെരേസാസ് സ്കൂളിലെ കുട്ടികൾ റാലിയായി അൽഫോൻസിയൻ ഗീതങ്ങൾ ആലപിച്ചുകൊണ്ട് കബറിടത്തിങ്കൽ എത്തിയതും ശ്രദ്ധേയമായി.

റെക്ടർ ഫാ. ജോസ് വള്ളോംപുരയിടം വി. കുർബാന അർപ്പിച്ച് സന്ദേശം നൽകുകയും ഫാ. മാർട്ടിൻ കല്ലറയ്ക്കൽ ആരാധന നയിക്കുകയും ഫാ. ജോസഫ് മേയിക്കൽ, ഫാ. തോമസ് വലിയവീട്ടിൽ, ഫാ. മാത്യു പുത്തൻപുരയ്ക്കൽ, ഫാ. അബ്രാഹം കണിയാംപടിക്കൽ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പാലാ രൂപത കലോത്സവം**

2019-20 വർഷത്തെ രൂപതാ കലോത്സവത്തിന്റെ ഭാഗമായുള്ള രൂപതാതല രചനാമത്സരം 2019 ഓഗസ്റ്റ് 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ 1.45 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തപ്പെട്ടു. രൂപത കലോത്സവം 2019 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 8.45 മുതൽ ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്.എസ്.എസ്. ൽ വച്ച് നടത്തപ്പെടുന്നതാണ്.

**2. സി.റ്റി.പി. കോഴ്സ്**

വിശ്വാസപരിശീലകർക്കുവേണ്ടി നടത്തപ്പെടുന്ന സി.റ്റി.പി കോഴ്സിന്റെ ഓഗസ്റ്റ് മാസത്തെ ക്ലാസുകൾ ഓഗസ്റ്റ് 23,28 ദിവസങ്ങളിൽ നടന്നു. സെപ്തംബർ മാസത്തിലെ ക്ലാസുകൾ:

സെപ്തംബർ 9 : Indian Church History II
സെപ്തംബർ 10 : Indian Church History III
സെപ്തംബർ 13 : Bible III
സെപ്തംബർ 14 : Bible IV
സെപ്തംബർ 21 : Moral Theology

**3. ക്രിസ്റ്റ്യൻ ബോർഡ് മീറ്റിംഗ്**

വിശ്വാസപരിശീലന ഒന്നാം ടേം പരീക്ഷയ്ക്ക് ഒരുക്കമായുള്ള ക്രിസ്റ്റ്യൻ ബോർഡ് മീറ്റിംഗ് 2019 ഓഗസ്റ്റ് 23-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ മീറ്റിംഗിനെ അഭിസംബോധന ചെയ്തു നിർദ്ദേശങ്ങൾ നൽകി.

**4. സ്കൂൾ വിശ്വാസപരിശീലനം**

സ്കൂൾ വിശ്വാസപരിശീലനത്തിന്റെ ഭാഗമായുള്ള സന്മാർഗശാസ്ത്രത്തിന്റെയും മതബോധനത്തിന്റെയും ഒന്നാം ടേം പരീക്ഷ യഥാക്രമം ഓഗസ്റ്റ് 20, 21 തീയതികളിൽ നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. അജപാലന ശുശ്രൂഷകൾ**

പാലാ മിഷനിലെ എല്ലാ കേന്ദ്രങ്ങളിലും ബഹു. വൈദികരുടെയും സമർപ്പിതരുടെയും നേതൃത്വത്തിൽ ബഹുവിധ അജപാലന ശുശ്രൂഷകൾ നടക്കുന്നു. ഭവന സന്ദർശനവും വാർഡ് യോഗങ്ങളും നടക്കുന്നു. മിക്ക കേന്ദ്രങ്ങളിലും പുതിയതായി കൃഷി ചെയ്യുന്നതിനൊരുക്കമായുള്ള വയൽ വെഞ്ചരിപ്പും നടന്നു.

**2. ഭവന നിർമ്മാണസഹായം**

പാലാമിഷന്റെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്നു ഗ്രാമങ്ങളിൽ വീടില്ലാത്ത മൂന്നുകുടുംബങ്ങൾക്ക് 30000 രൂപ വീതം നൽകി ഭവനനിർമ്മാണത്തിന് കൈത്താങ്ങായി. എങ്കിലും ഇനിയും വീടില്ലാത്തവർ ധാരാളം.

**3. പാലാ രൂപതാ പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിലുകളിൽ.**

ആഗസ്റ്റ് അഞ്ചാം തിയതി, പാലാ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന രൂപതാ പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിലുകളുടെ സംയുക്ത സമ്മേളനത്തിൽ ആദിലാബാദ് മിഷൻ കോ-ഓഡിനേറ്റർ ബഹു. ജോർജ്ജ് കാരാംവേലിൽ അച്ചൻ പങ്കെടുക്കുകയും മിഷനെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് അവതരിപ്പിക്കകയും ചെയ്തു.

**4. റീസർവ്വേ നടപടികൾ പൂർത്തിയായി**

പാലാ മിഷന്റെ അധീനതയിലുള്ള എല്ലാ ഭൂപ്രദേശങ്ങളുടെയും റീസർവ്വേ നടപടികൾ വിജയകരമായി പൂർത്തിയായി. എല്ലാസ്ഥലങ്ങളുടെയും പ്രമാണരേഖകളും ഡിജിറ്റലൈസ് ചെയ്തു പൂർത്തിയായി. പാലാ മിഷന് തികച്ചും അഭിമാനകരമായ ഒരു നേട്ടമാണിത്.

**5. കുടുംബവർഷസമാപനം – ഒരുക്കങ്ങൾ**

കുടുംബങ്ങളുടെ സുസ്ഥിരതയും ആദ്ധ്യാത്മിക നവീകരണവും ലക്ഷ്യമിട്ടാണ് കുടുംബവർഷ പ്രഘോഷണം നടന്നത്. അതുകൊണ്ടുതന്നെ പാലാ മിഷന്റെ ജണ്ടാ, വെങ്കിട്ടപുരം മേഖലയിൽ ബഹു. ജോസഫ് പര്യാത്ത് അച്ചന്റെയും ഗൊല്ലപ്പള്ളി മേഖലയിൽ ബഹു. വയലിപ്പറമ്പിൽ, കൊട്ടാരത്തിൽ അച്ചന്മാരുടെയും കോനംപെട്ട മേഖലയിൽ ബഹു. ജോസഫ് കല്ലാച്ചേരിൽ അച്ചന്റെയും നെന്നല കേന്ദ്രത്തിൽ ബഹു. കുറിച്ചിയേൽ, വാഴയിൽ അച്ചൻമാരുടെയും നേതൃത്വത്തിൽ പ്രത്യേകമായ ശുശ്രൂഷകൾ നടക്കുന്നു. ബഹു. സിസ്റ്റേഴ്സും റീജൻസി സഹോദരൻമാരും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകി വരുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**വിവിധ മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു**

ഷംഷാബാദ് രൂപതയുടെ ഭാഗമായ Andhra Pradesh, Chhattisgarh, Orissa എന്നിവിടങ്ങളിലെ മിഷൻ സെന്ററുകൾ അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവിനോടൊപ്പം ഷംഷാബാദ് രൂപതാ ഗുജറാത്ത് റീജിയൻ വികാരി ജനറാൾ മോൺ ജോസഫ് കൊല്ലംപറമ്പിൽ സന്ദർശിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മിഷൻ പ്രവർത്തങ്ങളുടെ തന്നെ ഭാഗമായ വിവിധ സ്ക്കൂളുകളും, ബോർഡിംഗ് ഹൗസുകളും സന്ദർശിച്ചു.

**മാതാവിന്റെ സ്വർഗ്ഗാരോപണതിരുന്നാൾ ആഘോഷിച്ചു**

ഗുജറാത്ത് റീജിയണിലെ വിവിധ ദേവാലയങ്ങളും, കുർബാന സെന്ററുകളിലും ആഗസ്റ്റ് 15–ാം തീയതി ആഘോഷമായ തിരുന്നാൾ കുർബാന നടത്തുകയും, ദേശിക പതാക ഉയർത്തുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ സന്തോഷ സൂചകമായി മധുരം വിളമ്പി.

**രാത്രി ആരാധനനടത്തപ്പെട്ടു.**

നവരംഗപുര സെന്റ് അൽഫോൻസാ കമ്മ്യൂണിറ്റിയിൽ ഷാജി ജോസഫിന്റെ ഭവനത്തിൽവച്ച് ആഗസ്റ്റ് പതിനൊന്നിന് രാത്രി 11 മണി വരെ രാത്രി ആരാധനയും പരിശുദ്ധ കുർബാനയും വചന ശുശ്രൂഷയും നടത്തപ്പെട്ടു. വികാരി ഫാ. മാത്യു വെങ്ങാലൂർ വി. കുർബാന അർപ്പിച്ചു. മണിനഗർ സെന്റ് കുര്യാക്കോസ് പള്ളി വികാരി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ രാത്രി ആരാധനാ നയിച്ച് വചനസന്ദേശം നല്കി. രാത്രി 12:30 ഓടെ ലഘുഭക്ഷണത്തിനുശേഷം എല്ലാവരും പിരിഞ്ഞു.

**മാതൃസംഘവും കുട്ടികളും ചേർന്ന് വൺഡേ പിക്നിക് നടത്തി**

നവരംഗപുര സെന്റ് അൽഫോൻസാ കമ്മ്യൂണിറ്റിയിലെ മാതൃസംഘവും കുട്ടികളും ചേർന്ന് ആഗസ്റ്റ് 24–ന് ഒരു വൺഡേ പിക്നിക് റൈപീരിയൻ റിസോർട്ടിലേക്ക് നടത്തി. രാവിലെ 6.30 ന് റീജിയണൽ ഹൗസിൽ വി. കുർബാനയോടെ ആരംഭിച്ച യാത്ര വൈകുന്നേരം 7.30ന് അവസാനിച്ചു. കുടുംബത്തോടും സുഹൃത്തുകളൊടുമൊപ്പമുള്ള യാത്ര എല്ലാവരും ആസ്വദിച്ചു.

**കുടുംബകൂട്ടായ്മകൾ നടത്തപ്പെട്ടു**

അഹമ്മദാബാദ് റീജിണിലെ വിവിധ ഇടവകളിൽ കുടുംബ കൂട്ടായ്മകൾ ആരംഭിച്ചു. ഇടവകയെ വിവിധ വാർഡുകളായി തിരിച്ച് വൈകുന്നേരങ്ങളിലാണ് പ്രാർത്ഥന ശ്രുശൂഷകൾ നടത്തി വരുന്നത്. കുട്ടായ്മയിൽ മികച്ച പങ്കാളിത്തമാണ് കണ്ടുവരുന്നത്.

**വൈദികദിനം ആചരിച്ചു**

ആഗസ്റ്റ് 4–ാം തീയതി ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിയാനിപുണ്യാളന്റെ തിരുനാളിനോട് അനുബന്ധിച്ച് നവരംഗപുര സെന്റ് അൽഫോൻസ ഇടവകയിൽ 'വൈദികദിനം' ആചരിച്ചു. പരിശുദ്ധ

കുർബാനക്കുശേഷം ബഹുമാനപ്പെട്ട വൈദികർക്കു ആശംസകൾ അർപ്പിച്ചു ഇടവക പ്രതിനിധികൾ സംസാരിച്ചു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2019 ജൂലൈ 31-ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി ശ്രീ. മനു ചെറുകാട്ടിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**2. മികച്ച മേഖലകൾ, ശാഖകൾ**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയിലെ 2018-2019 വർഷത്തെ മികച്ച മേഖലകളായി കുറവിലങ്ങാട്, പ്രവിത്താനം, കോതനല്ലൂർ എന്നിവയെയും മികച്ച ശാഖകളായി കയ്യൂർ, തുരുത്തിപ്പള്ളി, മോനിപ്പള്ളി എന്നിവയെയും തെരഞ്ഞെടുത്തു.

**3. ജീവദർശൻ കോഴ്സ്**

രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജീവദർശൻ കോഴ്സിലെ രണ്ടാമത്തെ ക്ലാസ് ജൂലൈ 31-ാം തീയതി ബുധനാഴ്ച നടന്നു. ശ്രീ. ജോബി ആലയ്ക്കാപ്പറമ്പിൽ, ശ്രീ. തോമസ് അടുപ്പുകല്ലുങ്കൽ, ശ്രീ. ബെന്നി മുത്തനാട്ട് എന്നിവർ ക്ലാസുകൾ നയിച്ചു. ആഗസ്റ്റ് മാസത്തിലെ ക്ലാസുകൾ ആഗസ്റ്റ് 23,28 തീയതികളിലും നടന്നു. സെപ്തംബർ മാസത്തിലെ ക്ലാസ് സെപ്തംബർ 9-ാം തീയതി തിങ്കളാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

**4. രൂപതാ രചനാമത്സരം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത രചനാമത്സരങ്ങൾ 2019 ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു.

**5. സീനിയേഴ്സ് ക്യാമ്പ്**

ശാഖാ ഭാരവാഹികളായ സീനിയർ വിഭാഗം (9,10,11,12) ക്ലാസുകളിലെ കുട്ടികൾ) മിഷൻലീഗ് അംഗങ്ങൾക്കായുള്ള നേതൃത്വപരിശീലനക്യാമ്പ് 2019 സെപ്തംബർ 9,10 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ നടക്കും. രജിസ്ട്രേഷൻ ഫീസ് 300 രൂപ. ശാഖാഭാരവാഹികളായ ഒരാൺകുട്ടിയെയും ഒരു പെൺകുട്ടിയെയും (സെക്രട്ടറി, ജോ. സെക്രട്ടറി) ഈ ക്യാമ്പിലേക്ക് പറഞ്ഞയക്കുമല്ലോ.

**മേഖലാ വാർത്തകൾ**

**1. പാലാ – കുഞ്ഞേട്ടൻ അനുസ്മരണം**

പാലാ മേഖലയുടെ ആഭിമുഖ്യത്തിൽ ചെറുപുഷ്പമിഷൻലീഗ് സ്ഥാപക നേതാവ് പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ (കുഞ്ഞേട്ടൻ) അനുസ്മരണസ മ്മേളനം നടത്തി. പ്രസിഡന്റ് അരുൺ ജി. പുളിക്കാട്ട് അധ്യക്ഷത വഹിച്ചയോഗം ഉരുളികുന്നം പള്ളി വികാരി ഫാ. മൈക്കിൾ ചീരാംകുഴി ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. ജോസഫ് മണിയങ്ങാട്ട് ആമുഖപ്രഭാഷണവും ദേശീയജന റൽ സെക്രട്ടറി സുജി പുല്ലുകാട്ട് അനുസ്മരണപ്രഭാഷണവും നടത്തി. രൂപതാ പ്രസിഡന്റ് ജസ്റ്റിൻ വയലിൽ, മേഖലാ ജനറൽ ഓർഗനൈസർ സിറിൽ തൊമ്മ നാമറ്റം എന്നിവർ പ്രസംഗിച്ചു.

**കലാമത്സരം**

പാലാ മേഖലാ കലോത്സവം സെപ്തംബർ 21-ാം തീയതി ശനിയാഴ്ച നട ക്കും.

**അരുവിത്തുറ –ഏയ്ഞ്ചൽ മീറ്റ്**

മേഖലയിലെ ശാഖകളിൽ ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടിക ളുടെ സംഗമം ഏയ്ഞ്ചൽ മീറ്റ് ആഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് തിടനാട് സെന്റ് ജോസഫ് പള്ളിയിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ വി. കുർബാന അർപ്പിച്ചു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി.

**കോതനല്ലൂർ**

**വിശുദ്ധരുടെ വഴിയേ** : മേഖലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'വിശുദ്ധരുടെ വഴിയേ' പ്രോഗ്രാമിന്റെ ഭാഗമായി വിശുദ്ധരുടെ മ്യൂസിയം മത്സരം നടത്തി. (മേഖലാ സീനിയേഴ്സ് ക്യാമ്പ് സെപ്തംബർ മാസം നടക്കും.)

**ചേർപ്പുങ്കൽ**

**അൾത്താരബാലസംഗമം :** മേഖലയിലെ ശാഖകളിലെ അൾത്താരബാല ന്മാരുടെ സംഗമം 2019 സെപ്തംബർ 7-ാം തീയതി ശനിയാഴ്ച നടക്കും.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. അൽഫോൻസാ കളറിംഗ് മത്സരം – രൂപതാതലം**

സെപ്റ്റംബർ 19-ാം തീയതി വ്യാഴാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ അൽഫോൻസാ കളറിംഗ് മത്സരം നടത്തുന്നതായിരിക്കും.

**2. പഠനപുസ്തക വിതരണം**

ഈ വർഷത്തെ കെ. സി. എസ്. എൽ പഠനപുസ്തകങ്ങളായ 'വിശുദ്ധി വിരിയുന്ന കൗമാരം', 'വി. റൊമേറോ എന്നിവ സ്കൂളുകളിൽ വിതരണം നടത്തി.

ഈ വർഷത്തെ കെ. സി. എസ്. എൽ പഠന പ്രവർത്തനങ്ങൾ ഈ പുസ്തകത്തെ ആസ്പദമാക്കിയായിരിക്കും.

**3. ടീച്ചേഴ്സ് എക്സിക്യൂട്ടീവ്**

ഓഗസ്റ്റ് 21 -ാം തീയതി ബുധനാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ടീച്ചേഴ്സ് എക്സിക്യൂട്ടീവ് കൂടി. യോഗത്തിൽ രൂപത കെ. സി. എസ്. എൽ ന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. യോഗം 5.30-ന് അവസാനിച്ചു.

**4. സെൻട്രൽ കൗൺസിൽ മീറ്റിംഗ് - പി. ഒ. സി**

ഓഗസ്റ്റ് 23 വെള്ളിയാഴ്ച എറണാകുളം പി. ഒ. സി യിൽ വച്ച് നടന്ന സെൻട്രൽ കൗൺസിൽ മീറ്റിംഗിൽ പാലാ രൂപതയിൽ നിന്നും പ്രസിഡന്റ് സാലി കെ. ജെ, സ്റ്റേറ്റ് വൈസ്പ്രസിഡന്റ് ആഷ്‌ലി ടെസ്സ് ജോൺ, സ്റ്റേറ്റ് ചെയർപേഴ്സൺ മരിയ ഷാജി, യു. പി. സെക്രട്ടറി എമ്മാനുവൽ തോമസ്, റീജന്റ് ബ്രദർ നെവിൻ നങ്ങാപറമ്പിൽ തുടങ്ങിയവർ സംബന്ധിച്ചു.

**5. സാഹിത്യോത്സവം**

ഈ വർഷത്തെ രൂപതാ സാഹിത്യോത്സവം സെപ്റ്റംബർ മാസം 28-ാം തീയതി (ശനി) പാലാ അൽഫോൻസാ കോളേജിൽ വച്ച് രാവിലെ 10 മണിക്ക് ആരംഭിക്കും.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

## എസ്.എം.വൈ.എം.

**1. സംഘടനകളുടെ മീറ്റിംഗ്**

ആഗസ്റ്റ് 1-ാം തീയതി വ്യാഴാഴ്ച ബിഷപ്പ്സ് ഹൗസിൽ നടന്ന സംഘടനകളുടെ മീറ്റിംഗിൽ എസ്.എം.വൈ.എം.നെ പ്രതിനിധീകരിച്ച് എസ്.എം.വൈ.എം. ഡയറക്ടർ ഫാ. തോമസ് തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി., പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോമസ് തോട്ടത്തിൽ, ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കൽ, കൗൺസിലർ ശ്രീമതി അഞ്ചുമോൾ പൊന്നമ്പേൽ എന്നിവർ പങ്കെടുത്തു.

**2. SMYM Directors' Meeting - കേരള റീജിയൺ**

ആഗസ്റ്റ് രണ്ടാം തീയതി വെള്ളിയാഴ്ച കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന എസ്.എം.വൈ.എം. കേരള റീജിയൺ രൂപത ഡയറക്ടേഴ്സ് മീറ്റിംഗിൽ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പങ്കെടുത്തു.

**3. Christus Vivit പഠനശിബിരം**

ആഗസ്റ്റ് മൂന്നാം തീയതി ശനിയാഴ്ച കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന Christus Vivit ഏകദിന പഠനശിബിരത്തിൽ എസ്.എം.വൈ.എം. പാലാ രൂപതയിൽനിന്നും പതിനഞ്ച് യുവജനങ്ങൾ പങ്കെടുത്തു.

**4. രൂപതാ കോർ-എക്സിക്യൂട്ടീവ് മീറ്റിംഗ്**

കായിക മത്സരങ്ങൾ, ഫോട്ടോഗ്രഫി കോൺടസ്റ്റ്, അർദ്ധവാർഷിക പ്രവർത്തന അവലോകനം എന്നിവയെപ്പറ്റി ചർച്ച ചെയ്യാൻ ആഗസ്റ്റ് മാസം 4-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ വച്ച് കോർ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു.

**5. EWS ഭേദഗതിയെപ്പറ്റി മറുപടി**

സംവരണേതര വിഭാഗങ്ങളിലെ പിന്നോക്കക്കാർക്ക് സർക്കാർ ഉദ്യോഗങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 10% സംവരണം ഏർപ്പെടുത്തുന്നതിനായി 103-ാം ഭരണഘടന ഭേദഗതി അനുസരിച്ച് കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശുപാർശ ചെയ്യുന്നതിനായി രൂപീകരിച്ച കമ്മീഷൻ, പ്രസ്തുത മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് പാലാരൂപത എസ്.എം.വൈ.എം. സംഘടന തിരുത്തലുകളും നിർദ്ദേശങ്ങളും ആഗസ്റ്റ് മാസം എട്ടാം തീയതി വ്യാഴാഴ്ച EWS കമ്മീഷന് അയച്ചു.

**6. പ്രളയസഹായ ശേഖരണം**

പാലാ രൂപത എസ്.എം.വൈ.എം. ഓഫീസിൽ പ്രളയാന്തര ദുരിതാശ്വാസ സഹായം ആഗസ്റ്റ് 11 മുതൽ 21 വരെ ശേഖരിച്ചു.

**7. ബൈബിൾ കൺവെൻഷൻ മീറ്റിംഗ്**

ആഗസ്റ്റ് 12-ാം തീയതി തിങ്കളാഴ്ച നടന്ന രൂപതാ ബൈബിൾ കൺവെൻഷൻ മീറ്റിംഗിൽ എസ്.എം.വൈ.എം.നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കൽ എന്നിവർ പങ്കെടുത്തു.

**8. പ്രളയസഹായ വിതരണം**

എസ്.എം.വൈ.എം. ന്റെയും മറ്റു സംഘടനകളുടെയും ആഭിമുഖ്യത്തിൽ പ്രളയത്തിൽ ദുരിതമനുഭവിക്കുന്ന മാനന്തവാടി, താമരശ്ശേരി രൂപതകളിലേയ്ക്കുള്ള സഹായങ്ങൾ ആഗസ്റ്റ് മാസം 15,16, 22 തീയതികളിലായി രൂപതാ നേതൃത്വം എത്തിച്ചു.

**9. ഫോട്ടോഗ്രഫി കോൺടസ്റ്റ്**

ഓഗസ്റ്റ് 19 ഫോട്ടോഗ്രഫി ദിനത്തോടനുബന്ധിച്ച് പ്രകൃതിയും മനുഷ്യനും എന്ന വിഷയത്തെ ആധാരമാക്കി എസ്.എം.വൈ.എം. പാലാ രൂപത 'Capture 2K19' എന്ന പേരിൽ ഫോട്ടോഗ്രഫി കോൺടസ്റ്റ് നടത്തി. ജിയോവാലി യൂണിറ്റിലെ ശ്രീ. ജോഫി കൂട്ടുങ്കൽ വിജയിയായി.

**10. പ്രളയസഹായം**

അന്തീനാട്, മണലുങ്കൽ, പാലക്കാട്ടുമല, ചെമ്മലമറ്റം, കൂത്താട്ടുകുളം, മരങ്ങാട്ടുപിള്ളി, കളത്തൂക്കടവ്, കുറവിലങ്ങാട്, ചേറ്റുതോട്, ചക്കാമ്പുഴ, പൂഞ്ഞാർ, തിടനാട്, ളാലം പുത്തൻപള്ളി, സ്ലീവാപുരം, പൈങ്ങുളം, തീക്കോയി, മുളക്കുളം, അരുവിത്തുറ, തോടനാൽ, മണിയംകുന്ന്, ഇളന്തോട്ടം എന്നീ യൂണിറ്റുകൾ പ്രളയദുരിതാശ്വാസസഹായ സാധനങ്ങൾ എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ എത്തിച്ചു.

**11. ധനസഹായങ്ങൾ**

പൈങ്ങുളം, മരങ്ങാട്ടുപിള്ളി, ഉള്ളനാട്, മണ്ണയ്ക്കനാട്, മോനിപ്പള്ളി, വാകക്കാട്, ഇളന്തോട്ടം മറ്റു സ്വകാര്യവ്യക്തികൾ ചേർന്ന് ഏകദേശം 50000 രൂപയോളം സഹായം എസ്.എം.വൈ.എം. രൂപതാ ഓഫീസിൽ എത്തിച്ചു.

**12. വാർഷികാഘോഷം**

ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച എസ്.എം.വൈ.എം. കാട്ടാമ്പാക്ക് യൂണിറ്റിന്റെ 20-ാം വാർഷികാഘോഷത്തിൽ രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ എന്നിവർ സംബന്ധിച്ചു.

**13. യുവജനങ്ങൾക്ക് ക്ലാസ്**

a. ആഗസ്റ്റ് 4-ാം തീയതി ഞായറാഴ്ച സ്ലീവാപുരം ഇടവകയിൽ എം. എസ്.വൈ.എം. രൂപത ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പരി.കുർബാനയർപ്പിച്ചു. തുടർന്ന് യുവജനങ്ങൾക്ക് ക്ലാസ് നയിച്ചു.

b. ആഗസ്റ്റ് 11 ഞായറാഴ്ച കരൂർ ഇടവകയിൽ ഫാ. സിറിൽ തയ്യിൽ, ശ്രീ. റിബിൻ അരഞ്ഞാണിയിൽ എന്നിവർ യുവജനങ്ങൾക്ക് ക്ലാസ് നയിച്ചു.

c. ആഗസ്റ്റ് 25 ഞായറാഴ്ച മാന്നാർ ഇടവകയിൽ എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ യുവജനങ്ങൾക്ക് സുറിയാനി ക്ലാസ് നയിച്ചു.

**14. ഫുട്ബോൾ ടൂർണമെന്റ്**

ആഗസ്റ്റ് 28 ബുധനാഴ്ച മാർ സെബാസ്റ്റ്യൻ വയലിൽ ഫുട്ബോൾ ടൂർണമെന്റ് പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽവച്ച് നടത്തപ്പെട്ടു. 13 ഫൊറോനകൾ പങ്കെടുത്തു. രാമപുരം ഫൊറോന ഒന്നാംസ്ഥാനത്തെത്തി.

**15. ഡി.സി.എം.എസ്. ജസ്റ്റിസ് സൺഡേ**

ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച ഡി.സി.എം.എസിന്റെ നേതൃത്വത്തിൽ രാമപുരത്ത് വച്ച് നടന്ന ജസ്റ്റീസ് സൺഡേ ദിനാചരണത്തിൽ എസ്.എം. വൈ.എം നെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കൽ എന്നിവർ പങ്കെടുത്തു.

## നടക്കാനിരിക്കുന്നവ

**1. രൂപതാതല കായിക മത്സരങ്ങൾ**

സെപ്റ്റംബർ 12-ാം തീയതി വ്യാഴാഴ്ച പാറേമ്മാക്കൽ മാർ തോമ്മാ ഗോവർണദോർ ബാഡ്മിന്റൺ ടൂർണമെന്റ് രാമപുരത്തുവച്ചും മാർ നിധീരിക്കൽ മാണികത്തനാർ മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ഒക്ടോബർ 8-ാം തീയതി ചൊവ്വാഴ്ച കുറവിലങ്ങാട് വച്ചും നടത്തപ്പെടുന്നു.

**2. പൂർവ്വകാല നേതാക്കളുടെ സമ്മേളനം**

ഒക്ടോബർ 2 ബുധനാഴ്ച വൈകിട്ട് 5.30 ന് കിഴതടിയൂർ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് സായാഹ്നത്തിൽ പാലായിൽ വച്ച് എസ്.എം.വൈ.എം. സംഘടനയെ നയിച്ച പൂർവ്വകാല നേതാക്കളുടെയും വൈ.എ.റ്റി.പി. ആദ്യ രണ്ട് ബാച്ചുകളുടെയും സമ്മേളനം നടത്തപ്പെടുന്നു.

**3. ചേർപ്പുങ്കൽ ആശുപത്രി സന്ദർസനം**

പാലാ രൂപതയിലെ എല്ലാ യുവതീയുവാക്കൾക്കും ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ സെപ്തംബർ 22-ാം തീയതി ഞായറാഴ്ച 2 pm മുതൽ 4 pm വരെ സന്ദർശിക്കാൻ അവസരമുണ്ട്. എല്ലാ യുവതീയുവാക്കളെയും പറഞ്ഞ യക്കുമല്ലോ.

**പ്രത്യേകം ശ്രദ്ധിക്കുക**

15 വയസുമുതൽ 30 വയസുവരെയുള്ള യുവതീയുവാക്കളുടെ സൺഡേ സ്കൂൾ പാസ്സായ വർഷം വച്ചുള്ള ബാച്ച്വൈസ് ലിസ്റ്റ് ശേഖരിക്കുന്നു. നവം ബർ ഒന്നിനു മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ഒർമ്മിക്കുമല്ലോ. ബാച്ചടി സ്ഥാനത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നിശ്ചിതഫോർമേ ഷൻ പ്രോഗ്രാമുകൾ നടത്തുന്നതാണ്.

**ഫാ. സിറിൽ തയ്യിൽ (ഡയറക്ടർ)**

# ജീസസ് യൂത്ത്

**1. യുവജന സെമിനാർ - ഇലഞ്ഞിസ്കൂൾ**

ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥി കൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ സെമിനാർ ജൂലൈ 29-ന് നടന്നു. ഫാ. കുര്യൻ മറ്റം, ജോർജ്കുട്ടി ആഗസ്തി എന്നിവർ ക്ലാസുകൾ നയിച്ചു. ഫാ. സെബാ സ്റ്റ്യൻ ചാമക്കാലായിൽ, സി. ലിസറ്റ് എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി.

**2. രാത്രി ആരാധന**

ജീസസ് യൂത്തിന്റെ രാത്രി ആരാധന ഓഗസ്റ്റ് 2-ന് അരുണാപുരം ഇട വക ദൈവാലയത്തിൽ നടന്നു. ഫാ. എബി തകടിയേൽ വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻമറ്റം, ക്ലിജോ കണിയാംപടി, റോയി ജോസഫ്, ആഷിഷ്, ജിയോ മൈക്കിൾ, നന്ദുകിഷോർ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**3. കാമ്പസ് ടീം സമ്മേളനം**

രൂപതയിലെ കോളേജുകളിലെ ജീസസ് യൂത്ത് കോർ ടീം അംഗങ്ങ ളുടെ ഏകദിനസമ്മേളനം ഓഗസ്ററ് 10-ന് ഷലോമിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, സുബിൻ ലൂക്കോസ്, വിന്നി ജോർജ്, തോമസുകുട്ടി, ആര്യ, ദീപ്തി എന്നി വർ നേതൃത്വം നൽകി. നടക്കാൻ പോകുന്ന 'വെരിത്താസ് 2019' പ്രോഗ്രാമിന്റെ ഒരുക്കങ്ങൾ വിലയിരുത്തി.

**4. നേതൃത്വ പരിശീലന ക്യാമ്പ്**

പ്രേഷിത തീക്ഷ്ണതയുള്ള യുവജനങ്ങളെ രൂപപ്പെടുത്തുവാൻവേണ്ടി യുള്ള നേതൃത്വപരിശീലനക്യാമ്പ് ഭരണങ്ങാനം അൽഫോൻസാ റസിഡൻഷ്യൽ സ്കൂളിൽ ഓഗസ്റ്റ് 3,4 തീയതികളിൽ നടന്നു. മുൻ കെ.ജെ.വൈ.സി. കോർഡി നേറ്റർ അഭിഷേക് എം.കെ, സജി പന്നിയാർകുട്ടി, ഫാ. കുര്യൻ മറ്റം, ക്ലിജോ

കണിയാംപടി, ജോൺ വിവേക് റോയി, തോമസുകുട്ടി എന്നിവർ നേതൃത്വം നൽകി.

**5. ദുരിതാശ്വാസപ്രവർത്തനങ്ങൾ**

ജീസസ് യൂത്തിന്റെ കേരളാ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'നല്ല അയല്ക്കാരൻ' പദ്ധതിയുടെ ഭാഗമായി പാലായിൽനിന്ന് ധാരാളം ജീസസ് യൂത്ത് പ്രവർത്തകർ വയനാട്ടിലേയ്ക്ക് പോകുകയും മണിമൂളി പാസ്റ്ററൽ സെന്ററിൽ താമസിച്ചുകൊണ്ട് പ്രളയബാധിതരുടെ കുടുംബങ്ങൾക്ക് സാന്ത്വനവും സഹായവും ചെയ്തു. പാലായിൽനിന്നുള്ള സംഘത്തിന് ജസ്റ്റിൻ വടക്കേൽ, പ്രിൻസ് സിറിയക്, ജോർജ് തുരുത്തിപ്പള്ളി, മാർട്ടിന്, ജൂബിൻ, അമല ട്രീസ, മരിയാമോൾ എന്നിവർ നേതൃത്വം കൊടുത്തു.

**6. മദ്ധ്യസ്ഥ പ്രാർത്ഥന കൂട്ടായ്മ**

ജീസസ് യൂത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ കൂട്ടായ്മ ഓഗസ്റ്റ് 18-ന് പാലാ ഷലോമിൽ ചേർന്നു. ഫാ. കുര്യൻമറ്റം വചനസന്ദേശം നല്കി. റോയി ജോസഫ്, കെവിൻ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**7. കോളേജ്, സ്കൂൾ സന്ദർശനം**

'വെരിത്താസ് 19' ന്റെ മുന്നോടിയിൽ ഫാ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിൽ രൂപതയിലെ കോളേജുകളും ഹയർസെക്കണ്ടറി സ്കൂളുകളും സന്ദർശിച്ചു. ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, ജോർജ് പൂവത്തോട് എന്നിവർ സന്ദർശനസംഘത്തിലുണ്ടായിരുന്നു.

**8. ജറീക്കോ പ്രാർത്ഥന**

'വെരിത്താസ് 19' ന് ഒരുക്കമായി പാലാ സെന്റ് തോമസ് കോളേജിന്റെ ചാപ്പലിൽ മദ്ധ്യസ്ഥപ്രാർത്ഥനയും ഓഡിറ്റോറിയത്തിനുചുറ്റും ജറീക്കോ പ്രാർത്ഥനയും ഓഗസ്റ്റ് 7 മുതൽ ദിവസേന നടന്നു. റോയി ജോസഫ്, കെവിൻ, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**9. പ്രവർത്തനോദ്ഘാടനം – ബി.എസ്. കോളേജ്**

ജീസസ് യൂത്തിന്റെയും സി.എസ്.എം.ന്റെയും പ്രവർത്തനങ്ങളുടെ സംയുക്ത ഉദ്ഘാടനം പാലാ സെന്റ് തോമസ് ടീച്ചർ എഡ്യൂക്കേഷൻ കോളേജിൽ ഓഗസ്റ്റ് 22-ന് നടന്നു. ഫാ. കുര്യൻ മറ്റം സമ്മേളനഉദ്ഘാടനവും, ഫാ. കുര്യാക്കോസ് പ്രവർത്തനരൂപരേഖയുടെ പ്രകാശനവും നിർവ്വഹിച്ചു. പ്രിൻസിപ്പൽ സി. പവിത്ര അധ്യക്ഷത വഹിച്ചു. ആശിസ് ജോസ്, അനിറ്റ് ജോസ് എന്നിവർ ജീവിതസാക്ഷ്യങ്ങൾ നല്കി. ബ്ലൂസ്ലിൻ ജാക്സൺ സ്വാഗതവും ഐഡ മാത്യു നന്ദിയും പറഞ്ഞു. പ്രൊഫ. മേരി തോമസ്, പ്രൊഫ. അലക്സ് കാവുകാട്ട്, പ്രൊഫ. സോനു, പ്രൊഫ. ലവീന എന്നിവർ നേതൃത്വം കൊടുത്തു.

**10. ഫോർമേഷന്റെ പ്രാദേശികസമ്മേളനം**

ജീസസ് യൂത്ത് ഫോർമേഷന്റെ കോട്ടയം വിലയിരുത്തൽ സമ്മേളനം ഓഗസ്റ്റ് 23-ന് ഷലോമിൽ നടന്നു. ജീസസ് യൂത്തിന്റെ അടിസ്ഥാന രൂപീകരണം എല്ലാ യുവാക്കളിലേയ്ക്കും എത്തിക്കാനുള്ള കർമ്മപരിപാടികൾ ഏകദിനസമ്മേളനത്തിൽ ആവിഷ്കരിച്ചു. റെനി ഞാറക്കുളം (കോഴിക്കോട്), അഡ്വ.

ജോജോ മാത്യു (തൃശ്ശൂർ), ബൈജു (തൊടുപുഴ), ഫാ. കുര്യൻമറ്റം, റെജി കുന്നേൽ, ടെസ്സി കുന്നേൽ, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി എന്നിവർ പ്രോഗ്രാമിനു നേതൃത്വം കൊടുത്തു.

**11. കാമ്പസ് കോൺഫ്രൻസ് – തൃക്കാക്കര**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ അഖിലകേരള കാമ്പസ് കോൺഫ്രൻസ് തൃക്കാക്കര ഭാരതമാതാ കോളേജിൽ ഓഗസ്റ്റ് 23,24,25 തീയതികളിൽ നടന്നു. പാലായിൽനിന്നുള്ള പ്രതിനിധികൾക്കു പുറമേ ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, വിവേക് ജോൺ റോയി, മെറിൻ ചൊവ്വാറ്റുകുന്നേൽ, വിന്നി ജോർജ് എന്നിവർ കോൺഫ്രൻസിൽ പങ്കെടുത്തു.

**12. വെരിത്താസ് 19**

ജീസസ് യൂത്തിന്റെ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള 'വെരിത്താസ് 19' എന്ന മെഗാ പ്രോഗ്രാം (ജീവിതദർശനക്യാമ്പ്) സെപ്തംബർ 7,8,9,10 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിക്കും. ഫാ. തോമസ് കാഞ്ഞിരക്കോണിൽ, ഫാ. തോമസ് മണ്ണൂർ, ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, ശശി ഇമ്മാനുവൽ, ഡോ. ആൻസി ജോർജ്, ജോർജുകുട്ടി ആഗസ്തി, ലിസി ഫെർണാണ്ടസ്, കുര്യൻ മാളിയേക്കൽ, ബോണി എന്നിവർ ശുശ്രൂഷകൾ നയിക്കും.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡിറക്ടേഴ്സ്)

---

# കുടുംബകൂട്ടായ്മ

---

1 1-8-2019 വ്യാഴാഴ്ച 9.30 മുതൽ ഷലോം ചാപ്പലിൽ വച്ച് ദിവ്യകാരുണ്യാരാധനയും മദ്ധ്യസ്ഥപ്രാർത്ഥനയും റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ റവ. സി. ജെയിനി എന്നിവർ നേതൃത്വം നൽകി. രൂപത കൗൺസിലംഗങ്ങൾ പങ്കെടുത്തു.

2 1-8-2019 10.30 മുതൽ കുടുംബകൂട്ടായ്മ രൂപത കൗൺസിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. 23-ാമത് കുടുംബകൂട്ടായ്മ വാർഷികത്തെക്കുറിച്ച് ചർച്ച ചെയ്തു. മുൻ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. 2019 സെപ്തംബർ 20-ാം തീയതി 9.30 മുതൽ 1 മണി വരെ മാർ സ്ലീവ മെഡിസിറ്റി ചേർപ്പുങ്കലിൽ വച്ച് കുടുംബകൂട്ടായ്മ വാർഷിക സമ്മേളനം നടത്താൻ തീരുമാനിച്ചു. കഴിഞ്ഞ മൂന്നു വർഷത്തെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഇടവകകളെ എ,ബി,സി,ഡി വിഭാഗങ്ങളായി തിരിച്ച് എവറോളിംഗ് ട്രോഫിയും പ്രശംസാപത്രങ്ങളും നൽകാൻ തീരുമാനിച്ചു.

3 1-8-2019 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് മെത്രാസനമന്ദിരത്തിലെ കോൺഫ്രൻസ് ഹാളിൽ വച്ചു നടന്ന രൂപതയുടെ സപ്തതി ആഘോഷങ്ങളുടെ ഉദ്ഘാടനസമ്മേളനത്തിൽ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ,

ശ്രീ. ജോണി സിറിയക് വേലംകുന്നേൽ, സിജു അഗസ്റ്റിൻ വെള്ളപ്ലാക്കൽ, തോമസ് വടക്കേൽ, പ്രൊഫ. ഫ്ളവർ ജോസ് തുടങ്ങിയവർ കുടുംബകൂട്ടായ്മ പ്രതിനിധീകരിച്ച് പങ്കെടുത്തു.

4 4-8-2019 ഞായറാഴ്ച 7 മണിക്ക് കടുത്തുരുത്തി ഫൊറോന പള്ളിയിൽ ബഹു. വിൻസെന്റച്ചൻ വി. കുർബാന അർപ്പിക്കുകയും രണ്ടു കുർബാന മദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

5 4-8-2019 വി. കുർബാനയ്ക്കു ശേഷം നടന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിലും ബഹു. വിൻസെന്റച്ചൻ പങ്കെടുക്കുകയും യൂണിറ്റുതല ബോധവല്ക്കരണക്ലാസിലേക്ക് എല്ലാവരേയും കൂട്ടികൊണ്ടു വരുവാൻ ഭാരവാഹികളുടെ വിളിയെക്കുറിച്ചും സംസാരിച്ചു.

6 4-8-2019 ഞായറാഴ്ച 5 മണി മുതൽ കടുത്തുരുത്തി ഇടവകയിലെ 15 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീമംഗങ്ങൾ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്തെല്ലാം ചെയ്യണം? തുടങ്ങിയവിഷയങ്ങളിൽ ക്ലാസ്സെടുത്തു.

7 11-8-2019 ഞായറാഴ്ച 5 മണി മുതൽ കടുത്തുരുത്തി ഇടവകയിലെ 12 കൂടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ബോധവല്ക്കരണ ക്ലാസ് നടത്തി.

8 13-8-2019 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കുടുംബകൂട്ടായ്മ രൂപത കൗൺസിലിന്റെ പ്രത്യേക സമ്മേളനം കൂടി. 23-ാമത് രൂപത വാർഷികത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു. ഒരിടവകയിൽ നിന്ന് പേരെ വീതം സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. വാർഷിക റിപ്പോർട്ടുകൾ പരിശോധിച്ച് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 27 കൂടുംബകൂട്ടായ്മകൾ നടത്തിയ ഇടവക കണ്ടെത്താൻ കോ-ഓഡിനേറ്റർ, സെക്രട്ടറി എന്നിവരെയും ചുമതലപ്പെടുത്തി.

9 18-8-2019 ഞായറാഴ്ച പ്രവിത്താനം ഫൊറോന പള്ളിയിൽ രാവിലെ 7 മണിക്ക് കുടുംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വിശുദ്ധ കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. വി. കുർബാനയ്ക്കുശേഷം നടന്ന കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിൽ ഭാരവാഹികളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ബോധവല്ക്കരണ ക്ലാസ് നൽകി.

10 18-8-2019 ഞായറാഴ്ച 5.15 മുതൽ പ്രവിത്താനം ഇടവകയിലെ 33 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ബോധവല്ക്കരണക്ലാസ് നടത്തി.

11 22-8-2019 വ്യാഴാഴ്ച 9.30 മുതൽ 3.30 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ന്യൂ റിസോഴ്സ് ടീമിന്റെ തുടർപരിശീലനം നടന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തോമസ് വടക്കേൽ, ഫ്ളവർ ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.

12 25-8-2019 ഞായറാഴ്ച വൈകുന്നേരം 5.15 മുതൽ പ്രവിത്താനം ഇടവക യിലെ 16 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം ബോധവല്ക്കര ണക്ലാസ് നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**1. ദളിത് ക്രൈസ്തവ ഐക്യദാർഢ്യ സമ്മേളനവും ജസ്റ്റീസ് സൺഡേ ദിനാ ചരണവും**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ ഡി.സി.എം. എസ്. രൂപതാ സമിതിയുടെ സംയുക്താഭിമുഖ്യത്തിൽ 'ജസ്റ്റീസ് സൺഡേ' ദിനാ ചരണത്തിന്റെ ഭാഗമായി 'ദളിത് ക്രൈസ്തവ ഐക്യദാർഢ്യ'സംഗമം ആഗസ്റ്റ് 25 ഞായർ ഉച്ചയ്ക്ക് 2 ന് രാമപുരം ഫൊറോനപള്ളിയിൽ വച്ച് സംഘടിപ്പി ക്കുന്നു.

ദളിത് ക്രൈസ്തവർക്ക് അർഹമായ സംവരണ ആനുകൂല്യം ലഭ്യമാ ക്കുക, മതവിവേചനം അവസാനിപ്പിക്കുക, ഭരണഘടനാ അവകാശങ്ങൾ ഉറപ്പു വരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കു ന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങളെ ചേർത്തുനിർത്തി അവർക്കുവേണ്ടി പൊതു സമൂഹത്തിൽനിന്ന് ശബ്ദം ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കത്തോലിക്കാ കോൺഗ്രസ് 'ജസ്റ്റീസ് സൺഡേ' ദിനാചരണത്തിന് നേതൃത്വം വഹിക്കുന്നത്.

ആഗസ്റ്റ് 25-ന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ജസ്റ്റീസ് സൺഡേ ദിനാ ചരണം അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അനുഗ്രഹപ്രഭാഷണം നടത്തിയ സമ്മേളനത്തിൽ കത്തോലിക്ക കോൺഗ്രസ് ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ആമുഖപ്രസംഗവും ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണവും നിർവ്വഹിച്ചു. ഡി.സി.എം.എസ്. പ്രസിഡന്റ് ജസ്റ്റിൻ കുന്നുംപുറത്ത് സ്വാഗതവും ഓർഗനൈസർ പി.ഒ. പീറ്റർ വിഷയാവതര ണവും നടത്തുന്ന സമ്മേളനത്തിൽ സീറോ മലബാർ സഭാ വക്താവ് സാജു അലക്സ് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജു കൈമനാൽ, വിൻസെന്റ് ഡി പോൾ രൂപതാ പ്രസിഡന്റ് പ്രൊഫ. കെ.കെ. ജോസ്, പിതൃ വേദി രൂപതാ പ്രസിഡന്റ് ജോസ് കീലത്ത്, മാതൃവേദി രൂപതാ ജന. സെക്രട്ടറി മേരിക്കുട്ടി അഗസ്റ്റ്യൻ എസ്.എം.വൈ.എം. ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളി ക്കൽ, മിഷൻലീഗ് രൂപതാ പ്രസിഡന്റ് ജസ്റ്റിൻ വയലിൽ, ഡി.സി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് സെലിൻ ജോസഫ് ഡി.സി.എം.എസ്., ജന. സെക്ര ട്ടറി ജോണി പരമല, എ.കെ.സി.സി. ജനറൽ സെക്രട്ടറി ഇമ്മാനുവൽ നിധീരി, ഫൊറോനപ്രസിഡന്റ് ജോബിൻ പുതിയിടത്തുചാലിൽ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടത്തിൽ പ്രത്യേക പ്രാർത്ഥനാശുശ്രൂഷ നടത്തി.

**2. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കേരളത്തിലെ വിവിധ പ്രളയബാധിത പ്രദേശങ്ങളിൽ നിത്യോപയോഗസാധനങ്ങൾ ഉൾപ്പെടെയുള്ളവ വിതരണം ചെയ്യുകയും വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും സഹായങ്ങൾ എത്തിക്കുകയും ചെയ്തു. രൂപതയുടെ കിഴക്കൻ പ്രദേശങ്ങളിലെ ഉരുൾപൊട്ടൽ സാധ്യതമേഖലകളിൽ ദുരിതാശ്വാസക്യാമ്പുകൾ സംഘടിപ്പിക്കാനും ക്രമീകരിക്കാനും ഭാരവാഹികൾ നേതൃത്വം നൽകി.

**3. രൂപതാതല സംഘടനാസമ്മേളനം**

ബിഷപ്പ് ഹൗസിൽ നടത്തപ്പെട്ട രൂപതയിലെ വിവിധ സംഘടനകളുടെ നേതൃസമ്മേളനത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ 15 രൂപതാഭാരവാഹികൾ പങ്കെടുത്തു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് സമ്മേളനത്തിൽ വിശദീകരിച്ച് സംസാരിച്ചു.

**4. നേതൃത്വയോഗം രാമപുരത്ത്**

കത്തോലിക്കാ കോൺഗ്രസിന്റെയും ഡി.സി.എം.എസിന്റെയും രൂപതാ നേതൃയോഗം രാമപുരത്ത് വച്ച് ആഗസ്റ്റ് 18-ന് നടത്തപ്പെട്ടു. ജസ്റ്റിസ് സൺഡേ ദിനാചരണത്തെക്കുറിച്ച് ചർച്ചകൾ നടത്തപ്പെട്ട യോഗത്തിൽ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ജോസ് വടക്കേക്കുറ്റ്, രാജീവ് കൊച്ചുപറമ്പിൽ, ജസ്റ്റിൻ കുന്നുംപുറത്ത് എന്നിവർ പ്രസംഗിച്ചു.

**5. മുട്ടുചിറ ഫൊറോന വാർഷികം**

കത്തോലിക്ക കോൺഗ്രസ് മുട്ടുചിറ ഫൊറോന സമിതി വാർഷിക സമ്മേളനവും അടുക്കളത്തോട്ട മത്സര ഫൊറോന വിജയികൾക്കുള്ള സമ്മാന ദാനവും കാഞ്ഞിരത്താനം പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മുട്ടുചിറ ഫൊറോന വികാരി വെരി റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യ പ്രഭാഷണവും കാഞ്ഞിരത്താനം പള്ളി വികാരി റവ.ഫാ. ജോൺ പുതിയാമറ്റം അനുഗ്രഹപ്രഭാഷണവും നടത്തി. ഫൊറോന പ്രസിഡന്റ് തോമസ് അരൂകുഴുപ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സീറോ മലബാർ സഭാ വക്താവ് സിജു അലക്സിനെ പൊന്നാടയണിയിട്ട് ആദരിച്ചു. ജോസ് വട്ടുകുളം, റ്റോമി കൊട്ടുകാപ്പള്ളി, രാജു ലൂക്കോസ് എന്നിവർ പ്രസംഗിച്ച സമ്മേളനത്തിൽ 10, +2 പരീക്ഷകളിൽ ഫുൾ എപ്ലസ് വാങ്ങിയ വിദ്യാർത്ഥികൾക്ക് ഉപഹാരങ്ങൾ നൽകി.

**6. കടുത്തുരുത്തി ഫൊറോന നേതൃയോഗം**

കത്തോലിക്കാ കോൺഗ്രസ് കടുത്തുരുത്തി ഫൊറോന നേതൃയോഗം ആഗസ്റ്റ് 11-ന് കടുത്തുരുത്തി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന വികാരി വെരി. റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ഇമ്മാനുവൽ നിധീരി, വൈസ് പ്രസിഡന്റ് ജോസ് വട്ടുകുളം എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ വച്ച് സന്തോഷ് നടുപറമ്പിലിന്റെ ഫൊറോന പ്രസിഡന്റായി തെരഞ്ഞെടുത്തു.

**7. പാലാക്കാട് യൂണിറ്റ് വാർഷികം**

കത്തോലിക്കാ കോൺഗ്രസ് പാലാക്കാട് യൂണിറ്റ് വാർഷികം ആഗസ്റ്റ് 18-ന് നടത്തപ്പെട്ടു. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സാജു അലക്സ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ഫാ. തോമസ് വെട്ടുകാട്ടിൽ മുഖ്യപ്രഭാഷണം നടത്തി.

**8. തുരുത്തിപ്പള്ളി പുതിയ യൂണിറ്റ്**

തുരുത്തിപ്പള്ളി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ് പുതിയ യൂണിറ്റ് ആരംഭിച്ചു. വികാരി ഫാ. ജോസ് കുന്നപ്പള്ളി ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ വൈസ് പ്രസിഡന്റ് ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. ജോയി കുഴിവേലിൽ, ജോസഫ് വാരപ്പടവിൽ എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.

**ഇമ്മാനുവൽ നിധീരി** (ജന. സെക്രട്ടറി)

---

# ഫാമിലി അപ്പോസ്തലേറ്റ്

---

**ഫാമിലി അപ്പോസ്തലേറ്റ്**

## A. Counselling Course

**1. സെപ്റ്റംബർ മാസം കോഴ്സ് തീയതികൾ**

സെപ്റ്റംബർ മാസം **ഡിപ്ലോമ കോഴ്സ് 14,15** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 6,27** തീയതികളിലും നടത്തപ്പെടുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ആഗസ്റ്റ് 5-7,19-21** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 352 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**സെപ്റ്റംബർ 2-4, 23-25** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **ഒക്ടോബർ 7-9, 21-23** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ആഗസ്റ്റ് മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 690 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**4. മാർസ്ലീവാ ഹോസ്പിറ്റൽ സന്ദർശനം**

ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള എല്ലാ സംഘടന അംഗങ്ങളും സെപ്റ്റംബർ 17-ാം തീയതി 9.30 ന് എത്തിചേർന്ന് ചേർപ്പുങ്കൽ മാർ സ്ലീവാ ഹോസ്പിറ്റൽ സന്ദർശിക്കുന്നതാണ്.

## C. പിതൃവേദി

### 1. യൂണിറ്റ് സന്ദർശനം – മൂന്നിലവ്

പിതൃവേദിയുടെ മൂന്നിലവ് യൂണിറ്റ് ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ, രൂപത പ്രസിഡന്റ് ജോസ് കീലത്ത് എന്നിവർ സന്ദർനം നടത്തി യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

### 2. സ്കോളർഷിപ്പ് വിവരങ്ങൾ – പാലാ

ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കിവരുന്ന സ്കോൾഷിപ്പുകളെക്കുറിച്ച് അറിയിക്കുന്നതിനായി പിതൃവേദി ഭാരവാഹികളുടെ നേതൃത്വത്തിൽ എല്ലാ ഇടവകകളിലും സ്കോളർഷിപ്പ് വിജ്ഞാപന നോട്ടീസ് വിതരണം ചെയ്തു.

## D. മാതൃവേദി

### 1. സെമിനാർ

ആഗസ്റ്റ് 9 ന് മുട്ടുചിറ മേഖലയുടെ ആഭിമുഖ്യത്തിൽ മലപ്പുറം യൂണിറ്റിൽ വച്ച് "കുടുംബം നേരിടുന്ന വെല്ലുവിളി"കളെ ആധാരമാക്കി വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സെമിനാർ നയിച്ചു.

രാമപുരം യൂണിറ്റ് "ന്യൂനപക്ഷ അവകാശസംരക്ഷണം" എന്ന വിഷയത്തിൽ റവ. ഫാ. ജോസഫ് ആലഞ്ചേരി യുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു. കൂടാതെ സി. മർസിയാന സി.എം.സി ദണ്ഡവിമോചനം എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.

### 2. തീർത്ഥാടനം – വെള്ളിയാമറ്റം

വെള്ളിയാമറ്റം യൂണിറ്റ് ഭരണങ്ങാനത്ത് വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥനകൾ നടത്തി. കൂടാതെ രാമപുരം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റേയും പാലാ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റയും കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു.

### 3. ദുരിതാശ്വാസപ്രവർത്തനങ്ങൾ

വെള്ളപ്പൊക്കവും മഴക്കെടുതിയും മൂലം ദുരിതമനുഭവിക്കുന്ന മലബാർ മേഖലകളിലെ സഹോദരങ്ങളെ സഹായിക്കുന്നതിനായി പാലാ രൂപതയിലെ മാതൃവേദി അംഗങ്ങൾ ഫണ്ട് സമാഹരിച്ചും നിത്യ ഉപയോഗ സാധനങ്ങൾ സ്വരൂപിച്ചും രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലിനെ ഏൽപിക്കുകയും അച്ചന്റെ നേതൃത്വത്തിൽ മാനന്തവാടി, താമരശ്ശേരി രൂപതകളിലെ കാവുമന്നം, കുറുമണ്ണി എന്നിങ്ങനെയുള്ള 5 ഇടവകകളിൽ എത്തിച്ചു.

### 4. നസ്രാണിസംഗമം

സെപ്റ്റംബർ 1-ന് കുറവിലങ്ങാട് എപ്പാർക്കി ഓഫ് മർത്ത്മറിയം ചർച്ചിൽ വച്ച് നടത്തപ്പെടുന്ന നസ്രാണിസംഗമത്തിൽ രൂപതയിലെ മാതൃവേദി അംഗങ്ങൾ പങ്കെടുക്കുന്നതാണ്.

**5. മത്സരങ്ങൾ- പാലാ**

വാർഷികത്തിനു മുന്നോടിയായി പാലാ ഷലോം പാസ്റ്ററലിൽ വച്ചു നടത്തപ്പെടുന്ന മത്സരങ്ങൾ താഴെ കൊടുക്കുന്നു

1. ഭക്തഗാനരചനാമത്സരം - സെപ്റ്റംബർ 20 വെള്ളി 10 am
2. കായികമത്സരങ്ങൾ - സെപ്റ്റംബർ 20 വെള്ളി 11 am
3. ബൈബിൾ ക്വിസ് - സെപ്റ്റംബർ 27 വെള്ളി 10 am
4. പ്രസംഗമത്സരം - ഒക്ടോബർ 4 വെള്ളി 10 am
5. ബൈബിൾ മനനം - ഒക്ടോബർ 4 വെള്ളി 11.30 am
6. മാതൃവേദി ആന്തം - ഒക്ടോബർ 18 വെള്ളി 10 am
7. ലളിതഗാനം - ഒക്ടോബർ 18 വെള്ളി 12 noon

കൂടാതെ **അഖില കേരള ഫാമിലി ബൈബിൾ ക്വിസ് മത്സരം** ഉണ്ടായിരിക്കും. ഫൊറോനതലം 3-11-2019, രൂപതാതലം 04-01-2020.

**E. ഹോംമിഷൻ**

**1. അടുക്കം**

അടുക്കം ഇടവകയിൽ 18 സിസ്റ്റേഴ്സ് 153 കുടുംബങ്ങളിൽ നടത്തിയ ഹോംമിഷൻ ആഗസ്റ്റ് 9 ന് അവസാനിച്ചു.

**2. ജോസ്മൗണ്ട് (ഇല്ലിയാരി)**

ആഗസ്റ്റ് 22 മുതൽ ജോസ്മൗണ്ട് ഇടവകയിൽ ആരംഭിക്കുന്ന ഹോംമിഷന് ഒരുക്കമായി ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**F. പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ആഗസ്റ്റ് 18-ാം തീയതി 3 മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**2. ഉപവാസപ്രാർത്ഥന - പാലാ**

വെള്ളപ്പൊക്ക ദുരിതം അനുഭവിക്കുന്നവരുടെ ദുരിതനിവാരണത്തിനായി പ്രാർത്ഥിച്ച് പ്രോലൈഫ് അംഗങ്ങൾ സാന്തോം കോൺവെന്റിൽ വച്ച് ഉപവാസ പ്രാർത്ഥന നടത്തി.

**G. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ആഗസ്റ്റ് മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

### H. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ** കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ , ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ് , കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— **9496571321**

### I. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം ഇടമറ്റം, പൂവത്തോട്, പാദുവ ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **17,500** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പ്രളയ ദുരിതാശ്വാസ സഹായപദ്ധതി**

പി.എസ്. ഡബ്ല്യൂ.എസ്. ന്റെ നേതൃത്വത്തിൽ മലബാർ പ്രദേശങ്ങളിൽ ഉണ്ടായ പ്രളയബാധിത കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ സ്വാശ്രയസംഘങ്ങളുടെയും കർഷകദളങ്ങളുടെയും സഹായത്തോടെ നടന്നു വരുന്നു. അരി, പയർ, വസ്ത്രങ്ങൾ, മറ്റ് ഭക്ഷ്യവസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ ശേഖരിച്ച് മാനന്തവാടി, താമരശ്ശേരി എന്നീ സ്ഥലങ്ങളിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി സഹായം അർഹരായ കുടുംബങ്ങൾക്കു നൽകിവരുന്നു.

**2. അതിജീവൻ പദ്ധതി**

2018 ൽ നമ്മുടെ പ്രദേശത്ത് പ്രളയംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച തീക്കോയി, മൂലമറ്റം, പ്രദേശത്ത് അതിജീവൻ പദ്ധതിപ്രകാരം, വീട് മെയിന്റനൻസ്, കക്കൂസ് പുനരുദ്ധാരണം, പച്ചക്കറികൃഷി, ആട്, കോഴിവളർത്തൽ തുടങ്ങിയ പദ്ധതികൾ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ പൂർത്തീകരിച്ചു വരുന്നു.

**3. 25 ഭവനങ്ങളുടെ നിർമ്മാണ സമർപ്പണം നടത്തി**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കുവൈറ്റ് സീറോ മലബാർ കൾച്ചറൽ അസോസിയേഷന്റെ സഹകരണത്തോടെ നിർമ്മാണം പൂർത്തി

യാക്കിയ 25 ഭവനങ്ങളുടെ താക്കോൽദാനം നടത്തി. പാലാ ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ വച്ച് ശ്രീ. ജോസ് കെ. മാണി എം.പി. പദ്ധതി ഉദ്ഘാടനവും അഭിവന്ദ്യ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് താക്കോൽ ദാനവും നിർവ്വഹിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ ഹോം പാലാ ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ, എസ്. എം.സി.എ. വൈസ് പ്രസിഡന്റ് ഷാജി മങ്കുഴിക്കരി, ഹൗസിംഗ് പ്രോജക്ട് എസ്. എം.സി.എ. കൺവീനർ ഷിന്റോ ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.

**4. 6-ാമത് സംസ്ഥാനകാർഷികമേള**

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വിവിധ വികസന-ധനകാര്യ ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ 6-ാമത് കാർഷികമേള പാലായിൽ വച്ച് നടക്കുന്നു. നവംബർ 26 മുതൽ ഡിസംബർ 2 വരെയുള്ള തീയതികളിൽ നടക്കുന്ന കാർഷിക മേളയുടെ ഒരുക്കങ്ങൾ ആരംഭിച്ചു. 22 ഇനങ്ങളിലായുള്ള വ്യക്തിഗത വിളപ്രദർശനം, ഫൊറോനാ തലത്തിലുള്ള സ്റ്റാൾ ഒരുക്കൽ മത്സരം, കാർഷിക സെമിനാറുകൾ മത്സരങ്ങൾ, സാംസ്കാരിക സമ്മേളനം, കലാസന്ധ്യ, മൂല്യവർദ്ധിത ഉല്പന്നപ്രദർശനം, കരകൗശല ഉല്പന്ന സ്റ്റാൾ, ഫ്ളവർ ഷോ തുടങ്ങിയ വിവിധ പരിപാടികൾ നടക്കും. ഇതോടൊപ്പം കാർഷിക മേളയിൽ നൂറുകണക്കിന് പ്രദർശനം വിപണന സ്റ്റാളുകൾ ഉണ്ടായിരിക്കുന്നതാണ്.

**5. മന്നാ അവാർഡ്**

ഇടവകയിലെ വൈദികരുടെ നേതൃത്വത്തിൽ നടത്തുന്ന പച്ചക്കറി, ഫലവൃക്ഷകൃഷികൾക്ക് മന്നാ അവാർഡ് നൽകി. കാർഷിക മേളയിൽ ആദരിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ പി.എസ്.ഡബ്ല്യു.എസ്. ഓഫീസിൽ പേര് നൽകുക.

**6. അടുക്കളത്തോട്ട മത്സരം**

കാർഷിക മേളയുടെ ഭാഗമായി സോൺ തലത്തിൽ അടുക്കളത്തോട്ട മത്സരം സംഘടിപ്പിക്കുന്നു.

**7. സാമൂഹ്യസുരക്ഷാ പദ്ധതി**

കേന്ദ്രസർക്കാരിന്റെ വിവിധ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ അംഗങ്ങളാക്കാൻ ഇടവക തലത്തിൽ വിവിധ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു.

**8. പച്ചക്കറി തൈ വിതരണം**

സെപ്തംബർ 15 മുതൽ പാലാ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ വിവിധ പച്ചക്കറി തൈകൾ വിതരണം ചെയ്യും.

**9. മൂഴൂർ മിത്രം പ്രോഡക്ടിന് കേന്ദ്ര സർക്കാർ സാങ്കേതികവിദ്യ**

മൂഴൂർ കേന്ദ്രമാക്കി പ്രവർത്തനം നടത്തുന്ന ഫാർമേഴ്സ് ക്ലബിന്റെ സംരംഭമായ മൂഴൂർ മിത്രം പ്രോഡക്ടിന് കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽനിന്നും സാങ്കേതിക വിദ്യ ലഭ്യമായി സി.റ്റി.സി. ആർ & ഐ യുടെ 56-ാം സ്ഥാപകദിനത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ

വച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസേർച്ച് മേധാവി ഡോ. ത്രിലോകൻ മഹാപത്രിയിൽനിന്നും സാങ്കേതികവിദ്യ കൈമാറ്റത്തിനുള്ള ധാരണാപത്രം ഫാർമേഴ്സ് ക്ലബ് പ്രതിനിധികളായ രാജു മാത്യു പറഞ്ഞാട്ട്, എം. ജെ. തോമസ് മാമ്പുഴയ്ക്കൽ, ജോസ് സെബാസ്റ്റ്യൻ എന്നിവരും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ പ്രതിനിധീകരിച്ച് കർഷക ബാങ്ക് പ്രോജക്ട് ഓഫീസർ പി.വി. ജോർജും ധാരണാപത്രം ഏറ്റുവാങ്ങി. ബഹു. കേരള ഗവർണർ ജസ്റ്റീസ് പി. സദാശിവം സി.റ്റി.സി.ആർ.ഐ. 56-ാം സ്ഥാപക ദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

**10. ധനസഹായം നൽകി**

പി.എസ്.ഡബ്ല്യു.എസ്. വിവിധ സ്വയംസഹായസംഘങ്ങളുടെ ഇടവക യൂണിറ്റുകളും കഴിഞ്ഞമാസം 165000 രൂപായുടെ ചികിത്സാസഹായം വിതരണം ചെയ്തു.

**11. സേവ് എ ഫാമിലി പ്ലാൻ**

പി.എസ്.ഡബ്ല്യു.എസ്. ന്റെ സേവ് എ ഫാമിലി പ്ലാൻഡ കുടുംബോദ്ധാരണ പദ്ധതിയിലേക്ക് പുതിയ 7 കുടുംബങ്ങൾക്കുകൂടി അംഗത്വം ലഭിച്ചു.

**12. സ്വാശ്രയസംഘം വാർഷികങ്ങൾ**

വേദഗിരി, വാകക്കാട്, കാളികാവ്, പാലാ, ഉാലം പഴയപള്ളി, മൂലമറ്റം എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.

**13. ആരോഗ്യ സെമിനാർ**

പി.എസ്.ഡബ്ല്യു.എസ്. കുടുംബോദ്ധാരണപദ്ധതി അംഗങ്ങൾക്കായി പാലാ, അരുവിത്തുറ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ വച്ച് ആരോഗ്യ സെമിനാറുകൾ നടത്തി.

**14. ഗാന്ധിദർശൻ സ്റ്റാൾ**

പാലാ അൽഫോൻസ കോളേജിൽ നടന്ന ഗാന്ധിദർശൻ പ്രദർശനത്തിൽ പി.എസ്.ഡബ്ല്യു.എസ്. നാടൻ ഉല്പന്നങ്ങളുടെ സ്റ്റാൾ ഒരുക്കി.

**ഫാ. മാത്യു പുല്ലുകാലായിൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**1. രൂപതാ കൗൺസിൽ**

2019 ആഗസ്റ്റ് 4-ാം തീയതി ഉച്ചയ്ക്ക് 2 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത കമ്മറ്റിയംഗം ശ്രീ. ഫ്രാൻസീസ് അറയ്ക്കപറമ്പിൽ സ്വാഗതം പറഞ്ഞു. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ട് വായിച്ചു. കരിദിനാചരണം, ജസ്റ്റിസ് സൺഡേ, വിവിധ ക്യാമ്പുകൾ, സ്കോളർഷിപ്പുകൾ എന്നിവയെ കുറിച്ച് കൗൺസിലിൽ ചർച്ച ചെയ്തു. ജോ. സെക്രട്ടറി ബിജി അഗസ്റ്റിൻ, രൂപത

ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, ഖജാൻജി റ്റി.ഡി. കുര്യാക്കോസ്, കമ്മറ്റിയംഗ ങ്ങളായ ശ്രീ. ജോയി മാത്യു, ശ്രീ. ബാബു പീറ്റർ, ശ്രീ. ബിനോയി ജോൺ, ശ്രീ. ബേബി ആന്റണി, ശ്രീ. ബിബിൻ ബേബി, ശ്രീമതി മേരി എം.പി. എന്നിവർ യോഗ ത്തിൽ പങ്കെടുത്തു.

**2. സിവിൽ സർവ്വീസ് സ്ക്രീനിംഗ് ടെസ്റ്റ്**

2019 ജൂലായ് 31-ാം തീയതി പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് സിവിൽ സർവ്വീസ് കോച്ചിംഗിന്റെ പുതിയ ബാച്ചിലേയ്ക്ക് കുട്ടികളെ തിര ഞ്ഞെടുക്കുന്നതിനുവേണ്ടി 5,6,7 ക്ലാസിലെ കുട്ടികൾക്ക് ടെസ്റ്റ് നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, രൂപത പ്രസിഡന്റ് ശ്രീ. ജെസ്റ്റിൻ കുന്നും പുറം, സിവിൽ സർവ്വീസ് കോച്ചിംഗ് കൺവീനർ ശ്രീ. ജോയി മാത്യു, ശ്രീ. സദീപ് കെ.പി., ശ്രീ. സിബി ചാക്കോ, ശ്രീമതി ഗീതമ്മ എം.യു. ശ്രീ. ബിന്ദു സെബാ സ്റ്റ്യൻ, ശ്രീമതി ബീന സേവ്യർ, ശ്രീമതി ഹെലൻ രാജു എന്നിവർ നേതൃത്വം നൽകി.

**3. പ്രളയദുരിതബാധിത പ്രദേശം സന്ദർശിച്ചു.**

2019 ആഗസ്റ്റ് 16-ാം തീയതി വെള്ളിയാഴ്ച കുടയത്തൂർ യൂണിറ്റ് പ്രസി ഡന്റ് ശ്രീ. എൻ.ഡി. ജോർജ് നെല്ലിയാങ്കൽ, സെക്രട്ടറി ബിന്ദു സിബി എന്നിവ രുടെ 1 എക്കർ ഭൂമിയോളം ഒലിച്ചുപോയ സ്ഥലം രൂപത ഡയറക്ടർ ജോസ് വട ക്കേക്കുറ്റ്, വൈസ് പ്രസിഡന്റ് എൻ.ഡി. സെലിൻ, രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, ശ്രീ. ബേബി പാറയ്ക്കൽ എന്നിവർ സന്ദർശിച്ചു.

**4. ആലോചന യോഗം**

ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് രൂപത തലത്തിൽ ആഗസ്റ്റ് 25-ാം തീയതി ഐക്യദാർഢ്യദിനാചരണം നടത്തുന്നതിനുക്കുറിച്ച് ആലോചിക്കുന്നതിന് ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 ന് രാമപുരം ഫൊറോന പള്ളിമേടയിൽ ബഹു. റവ.ഡോ. ജോർജ് ഞാറക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കു റ്റ്, എ.കെ.സി.സി. പ്രസിഡന്റ് ശ്രീ. രാജീവ് കൊച്ചുപറമ്പിൽ, ഡി.സി.എം.എസ്. രൂപത പ്രസി. ശ്രീ. ജസ്റ്റിൻ കുന്നുംപുറം രൂപത സെക്രട്ടറി ശ്രീ. ജോൺ പരമല, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, ജോ. സെക്രട്ടറി ശ്രീമതി ബിജി അഗസ്റ്റിൻ മാതൃവേദി, പിതൃവേദി, എസ്.എം.വൈ.എം. ഭാരവാഹികൾ എന്നിവർ പങ്കെടു ത്തു. 25-ാം തീയതി ഐക്യദാർഢ്യദിനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു.

**5. ജസ്റ്റീസ് സൺഡേ ദിനാചരണം – രാമപുരം**

2019 ആഗസ്റ്റ് 18-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോഷി ഏറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി ശ്രീ. തോമസ് കുന്നേൽ സ്വാഗതം പറഞ്ഞു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് ഇടത്തിനാൽ പതാക ഉയർത്തുകയും ആമുഖപ്രസംഗം നട ത്തുകയും ചെയ്തു. രാമപുരം ഫൊറോനപള്ളി വികാരി വെരി. റവ.ഡോ. ജോർജ്

ഞാറക്കുന്നേൽ യോഗം ഉദ്ഘാടനം ചെയ്യുകയും ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ജസ്റ്റീസ് സൺഡേ സന്ദേശം നൽകുകയും ചെയ്തു. ഡി.സി.എം.എസ്. രൂപത ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ, എ.കെ.സി സി. യൂണിറ്റ് പ്രസിഡന്റ് ജോബിൻ മാത്യു, ഡി.സി.എം.എസ്. മേഖല പ്രസിഡന്റ് തോമസ് കൊട്ടിച്ചേരിൽ, പിതൃവേദി സെക്രട്ടറി ബിനു മണിമംഗലത്ത്, മാതൃവേദി രൂപത കമ്മറ്റിയംഗം മേരിക്കുട്ടി അഗസ്റ്റിൻ, എസ്.എം.വൈ.എം. യൂണിറ്റംഗ് ജൂഡ് ജോസഫ്, വിൻസെന്റ് ഡി പോൾ പ്രസിഡന്റ് ശ്രീ. ജോസ് കുരുകിലക്കാട്ട് എന്നിവർ ആശംസപ്രസംഗം നടത്തി. യൂണിറ്റ് വൈസ് പ്രസിഡന്റ് ശ്രീ. ജോസ് കുളത്തുങ്കൽ കൃതജ്ഞതയർപ്പിച്ചു.

**6. ജസ്റ്റീസ് സൺഡേ ദിനാചരണം – കുറവിലങ്ങാട്**

കുറവിലങ്ങാട് ഡി.സി.എം.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2019 ആഗസ്റ്റ് 18–ാം തീയതി ഞായറാഴ്ച രാവിലെ കുറവിലങ്ങാട് പള്ളി പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. സി.ഒ. വർക്കി ചിറയിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ യൂണിറ്റ് സെക്രട്ടറി ശ്രീമതി പെണ്ണമ്മ ജേക്കബ് ചിരട്ടോലിയിൽ സ്വാഗതം പറഞ്ഞു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റി ആമുഖസന്ദേശം നൽകുകയും അസി. വികാരി റവ.ഫാ. കുര്യാക്കോസ് വെള്ളാച്ചാലിൽ യോഗം ഉദ്ഘാടനം ചെയ്യുകയും ജസ്റ്റീസ് സൺഡേ സന്ദേശവും നൽകി. ഡി.സി.എം.എസ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അനുഗ്രഹപ്രഭാഷണം നടത്തുകയും രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. തുടർന്ന് 10,+2 ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുകയും ചെയ്തു. ശ്രീ. ഡിബിൻ വാഴപറമ്പിൽ (എസ്.എം.വൈ.എം) ശ്രീമതി ജോയ്സ് ടോമി (മാതൃവേദി), ശ്രീ. നിധീഷ് മാത്യു നിധീരി (എ.കെ.സി.സി.), ശ്രീ. തങ്കച്ചൻ കെ.എം. (പിതൃവേദി) പാസ്റ്ററൽ കൗൺസിലംഗം ശ്രീ. സിബി ചിറയ്ക്കമലയിൽ എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു.

**7. ഡി.സി.എം.എസ്. ചേർപ്പുങ്കൽ യൂണിറ്റ് വാർഷികം**

ചേർപ്പുങ്കൽ യൂണിറ്റിന്റെ വാർഷികം ജൂൺ 28–ന് 2.30 ന് മാർ സ്ലീവ മിനി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് റ്റി.ഡി. കുര്യാക്കോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം വികാരി റവ.ഫാ. ജോസ് അഞ്ചേരി ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യസന്ദേശം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജെസ്റ്റിൻ മാത്യു, സെക്രട്ടറി ശ്രീ. ജോണി പരമല, ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ യൂണിറ്റ് സെക്രട്ടറി ശ്രീ. സണ്ണി പി.എം., ചേർപ്പുങ്കൽ ഡി.സി.എം.എസ്. മേഖല പ്രസിഡന്റ് ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു. റവ.ഫാ. ജോസ് അഞ്ചേരി സ്കോളർഷിപ്പ് വിതരണം ചെയ്തു. യോഗത്തിന് അജിൻ ടോം സ്വാഗതവും എൽസമ്മ ജോർജുകുട്ടി കൃതജ്ഞതയും പറഞ്ഞു. സ്നേഹവിരുന്നോടുകൂടി പരിപാടി അവസാനിച്ചു.

**8. ജസ്റ്റീസ് സൺഡേ ദിനാചരണം (മാനത്തൂർ യൂണിറ്റ്)**

18-8-2019 ന് മാനത്തൂർ ഡി.സി.എം.എസ്. യൂണിറ്റിൽ ജസ്റ്റീസ് സണ്ഡേ ദിനം ആചരിച്ചു. പ്രസിഡന്റ് കെ.റ്റി. തങ്കച്ചൻ വടക്കേക്കരയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗം ഇടവക വികാരി റവ.ഫാ. കുര്യാക്കോസ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ജോ. സെക്രട്ടറി ബിജി അഗസ്റ്റ്യൻ ജസ്റ്റിസ് സൺഡേ ദിനാചരണസന്ദേശം നൽകി. രൂപത സെക്രട്ടറി ശ്രീ. ജോണി പരമല, വിൻസെന്റ് ഡി പോൾ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോയി പറത്താനം രൂപതാ കമ്മറ്റിയംഗം ശ്രീ. ബേബി പാറയ്ക്കൽ, സി. ബ്രജിത്ത് എസ്,എച്ച്. എന്നിവർ യോഗത്തിന് ആശംസ അർപ്പിച്ച് സംസാരിച്ചു.

**9. ജസ്റ്റീസ് സൺഡേദിനാചരമം (അന്ത്യാളം യൂണിറ്റ്)**

ഡി.സി.എം.എസ്. അന്ത്യാളം യൂണിറ്റിന്റെ ദിനാചരണം 18-8-2019 ന് ആചരിച്ചു. വികാരി റവ.ഫാ. ജെയിംസ് വെണ്ണായിപ്പള്ളിൽ അദ്ധ്യക്ഷത വഹിച്ച് മുഖ്യസന്ദേശം നൽകി. യൂണിറ്റ് പ്രസിഡന്റ് പി.ഒ. പീറ്റർ, ശ്രീമതി സിസിലി ജോയി എന്നിവർ ആശംസ അർപ്പിച്ചു.

**10. ജസ്റ്റിസ് സൺഡേ ദിനാചരണം (കരൂർ യൂണിറ്റ്)**

കരൂർ യൂണിറ്റിൽ ജസ്റ്റീസ് സൺഡേ ദിനാചരണം ഡി.സി.എം.എസ്. എസ്.എച്ച്.ജി യുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. എസ്.എച്ച്.ജി. വൈസ് പ്രസിഡന്റ് മറിയാമ്മ ജോസ് അദ്ധ്യക്ഷത വഹിച്ചു. റാണി ആഗസ്തി ആശംസ അർപ്പിച്ചു സംസാരിച്ചു. ജസ്റ്റീസ് സൺഡേയുടെ പ്രസക്തിയെക്കുറിച്ച് തുടർന്ന് ചർച്ച നടത്തി.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സമ്മേളനം**

പാലാ രൂപതയിലെ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സംയുക്തസമ്മേളനം 'കൊയ്നൊണിയ 2019' പാലാ അരമനയിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. സമ്മേളനത്തിൽ കെയർ ഹോംസ് രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**2. പാസ്റ്ററൽ - പ്രിസ്ബിറ്ററൽ കൗൺസിൽ സമ്മേളനം**

പാലാ രൂപതയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് പാസ്റ്ററൽ-പ്രിസ്ബിറ്ററൽ കൗൺസിൽ സമ്മേളനം നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അധ്യക്ഷത വഹിച്ച യോഗത്തിൽ ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. പാസ്റ്ററൽ കൗൺസിൽ

ചെയർമാൻ ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. കെയർ ഹോംസിലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ പങ്കെടുത്തു.

**3. എക്സിക്യൂട്ടീവ് യോഗം**

കെയർഹോംസിന്റെ പാലാ രൂപത എക്സിക്യൂട്ടീവ് യോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സിബി ചെരുവിൽ പുരയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. സന്തോഷ് മരിയസദനം മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം പരിപാടികൾക്ക് നേതൃത്വം നൽകി.

**4. കെയർ ഹോംസ് പൊതുസമ്മേളനം**

കെയർഹോംസ് പാലാ രൂപത പൊതുസമ്മേളനം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. പ്രസിഡന്റ് ഫാ. ജോർജ് പുതിയാപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം മുഖ്യപ്രഭാഷണം നടത്തി. സിബി ചെരുവിൽ പുരയിടം, ജോർജ് സന്മനസ്, സി. വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**5. കെയർ ഹോംസ് ഓണാഘോഷം 2019**

കെയർ ഹോംസ് സ്ഥാപനാധികാരികളെ പങ്കെടുപ്പിച്ച് ഈ വർഷത്തെ ഓണാഘോഷം സെപ്തംബർ 13 വെള്ളിയാഴ്ച മരങ്ങാട്ടുപിള്ളി ലേബർ ഇൻഡ്യ സ്കൂൾ അങ്കണത്തിൽ വച്ച് നടത്തും. വിവിധ ഓണാഘോഷമത്സരങ്ങൾ, ഓണസദ്യ, സമ്മാനകൂപ്പൺ നറുക്കെടുപ്പ് എന്നിവ ഇതോടനുബന്ധിച്ച് നടത്തും.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

---

# കെ.എൽ.എം.

---

**1. തൊഴിലാളി ക്ഷേമനിധി സെമിനാർ -മല്ലികശ്ശേരി**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ മല്ലികശ്ശേരി ഇടവകയിൽ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് സെമിനാർ നടത്തി. വികാരി ഫാ. ജോർജ് നടയ്ക്കൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു.

**2. തൊഴിലാളി ക്ഷേമനിധി സെമിനാർ – തിടനാട്**

സമൂഹത്തിലെ വിവിധ തൊഴിലാളികളുടെ ക്ഷേമപദ്ധതികളെക്കുറിച്ച് തിടനാട് പാരിഷ് ഹാളിൽ സെമിനാർ നടത്തി. വികാരി. ഫാ. മൈക്കിൾ നരിക്കാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം സെമിനാറിന് നേതൃത്വം നൽകി. അസി. വികാരി ഫാ. തോമസ് കൊച്ചോടയ്ക്കൽ പ്രസംഗിച്ചു. 82 ഓളം പേർ പരിപാടിയിൽ സംബന്ധിച്ചു.

**3. തൊഴിലാളി ക്ഷേമനിധി സെമിനാർ – വാരിയാനിക്കാട്**

വാരിയാനിക്കാട് ഇടവകയിലെ വിവിധ തൊഴിലാളികളെ പങ്കെടുപ്പിച്ച് പാരിഷ് ഹാളിൽ വച്ച് സെമിനാർ നടത്തി. വികാരി ഫാ. തോമസ് ഓലായത്തിൽ

സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം സെമിനാറിന് നേതൃത്വം നൽകി.

**4. തൊഴിലാളി ക്ഷേമനിധി സെമിനാർ – കൂട്ടിക്കൽ ഫൊറോന**

കൂട്ടിക്കൽ ഫൊറോനായിലെ വൈദിക സംഗമത്തിൽ തൊഴിലാളി ക്ഷേമപദ്ധതികളെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. ഫൊറോന വികാരി റവ.ഫാ. അഗസ്റ്റിൻ അരഞ്ഞാണി പുത്തൻപുര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അസി. വികാരി ഫാ. ജോസഫ് കുറുമുട്ടത്ത് പരിപാടികൾക്ക് നേതൃത്വം നൽകി.

**5. കൊയ്നോണിയ 2019 – പാലാ അരമനയിൽ**

പാലാ രൂപതയുടെ 70-ാം വാർഷികത്തോടനുബന്ധിച്ച് പാലാ അരമനയിൽ വച്ച് രൂപതയിലെ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സമ്മേളനം കൊയ്നൊണിയ 2019 നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. സിറിയക് തോമസ് മുഖ്യപ്രഭാഷണം നടത്തി. കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം പ്രസംഗിച്ചു. മീറ്റിംഗിൽ ഏകദേശം 400 ഓളം പേർ പങ്കെടുത്തു.

**6. തൊഴിലാളിക്ഷേമനിധി സെമിനാർ – ഉരുളികുന്നം**

കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ തൊഴിലാളി ക്ഷേമപെൻഷൻ ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു. വികാരി ഫാ. മൈക്കിൾ ചീരാംകുഴി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

**7. തൊഴിലാളി ക്ഷേമനിധി സെമിനാർ – കുന്നോന്നി**

ഇടവകയിലെ വിവിധ തൊഴിലാളികളെ സംഘടിപ്പിച്ച് തൊഴിലാളി ക്ഷേമനിധികളെക്കുറിച്ച് സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് പൂവത്തുങ്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം സെമിനാറിന് നേതൃത്വം നൽകി.

**8. തൊഴിലാളി ക്ഷേമനിധി സെമിനാർ – പയ്യാനിത്തോട്ടം**

തൊഴിലാളികൾക്ക് ലഭ്യമാകുന്ന വിവിധ ക്ഷേമപദ്ധതികൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. വികാരി ഫാ. മാത്യു ചേന്നാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

---

# അഡാർട്ട്

---

**1. ബോധവൽക്കരണ ക്ലാസുകൾ**

താമരശ്ശേരി (ജൂൺ 21) തീക്കോയി (ജൂൺ 26) സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. മുത്തോലി (ജൂൺ 27) ലൂർദ്ദ് പാരിഷ് ഹാൾ തിരുവനന്തപുരം (ജൂൺ 28) യൂണിറ്റി ഐ.ആർ & എ പെരുമ്പാവൂർ (ജൂലൈ 2) സെന്റ് ജോസഫ്സ്

കോളേജ് ഓഫ് കാറ്ററിംഗ് ടെക്നോളജി, ചൂണ്ടച്ചേരി (ജൂലൈ 9) തമ്പലക്കാട് (ജൂലൈ 16) ചെമ്പിളാവ് (ജൂലൈ 28) ഗവ. പോളി കോളേജ്, പാലാ (ജൂലൈ 30), വിശ്വദീപ്തി സി.ബി.എസി.സി. സ്കൂൾ, അടിമാലി (ആഗസ്റ്റ് 3), ഗുഡ്ഷേപ്പേർഡ് മൈനർ സെമിനാരി, പാലാ (ആഗസ്റ്റ് 9), പൊൻകുന്നം (ആഗസ്റ്റ് 11), സെന്റ് ജോർജ് ചർച്ച്, ചിറ്റാർ (ആഗസ്റ്റ് 15) കുഞ്ഞച്ചൻ മിഷനറി ഭവൻ, രാമപുരം (ആഗസ്റ്റ് 18) ആർ.ആർ.റ്റി.സി. ചങ്ങനാശ്ശേരി (ആഗസ്റ്റ് 19) പാസ്റ്ററൾ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം (ആഗസ്റ്റ് 20).

**2. പഠന സന്ദർശനം**

മാന്നാനം കെ.ഇ. കോളേജിലെ സോഷ്യൽ വർക്ക് വിഭാഗത്തിലെ 28 വിദ്യാർത്ഥികൾ അഡാർട്ടിൽ പഠനസന്ദർശനം നടത്തി. ഫാ. മാത്യു പുതിയിടത്ത്, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ ക്ലാസ്സെടുത്തു.

**3. ജയിൽ മിനിസ്ട്രി**

ജൂൺ 22 ശനിയാഴ്ച ഇടുക്കി ജില്ലാ സബ്ജയിലിൽ (മുട്ടം) ജീസസ് ഫ്രട്ടേണിറ്റി സംസ്ഥാന ഡയറക്ടർ ഫാ. ഷാജി സ്റ്റീഫന്റെ നേതൃത്വത്തിൽ പ്രാർത്ഥനശുശ്രൂഷ നടത്തി. ജൂലൈ 13-ാം തീയതി പാലാ സബ് ജയിലിൽ മുത്തോലി സെന്റ് ജോർജ് പള്ളി വികാരി ഫാ. ഇമ്മാനുവേൽ കൊട്ടാരത്തിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ ജയിൽ സന്ദർശനം നടത്തുകയും പ്രാർത്ഥന നടത്തുകയും ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികളും നടത്തി. ജൂലൈ 28-ാം തീയതി കെ.സി.എസ്.എൽ. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ മുട്ടം സബ്ജയിൽ സന്ദർശിക്കുകയും കെ.സി.എസ്.എൽ. ലീഡേഴ്സ് കലാപരിപാടികൾ നടത്തുകയും ചെയ്തു. ആഗസ്റ്റ് 10 ന് പാലാ സബ് ജയിലിൽ മോനിപ്പള്ളി സെന്റ് തോമസ് പള്ളി അസി. വികാരി ഫാ. ജോസഫ് ചീനോത്തുപറമ്പിൽ സന്ദേശം നൽകുകയും എസ്.എം.വൈ.എം. അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനകൾക്ക് നേതൃത്വം വഹിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 15-ന് വടവാതൂർ സെമിനാരിയിലെ ബ്രദേഴ്സ് മുട്ടം ജയിലിലും പാലാ സബ് ജയിലും സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചുള്ള പ്രോഗ്രാം നടത്തി. ഫാ. മാത്യു പുതിയിടത്ത് മുട്ടം സബ് ജയിലിലും ഫാ. ആന്റണി വെച്ചൂർ OFM Cap. പാലാ സബ് ജയിലിലും പ്രാർത്ഥനകൾക്കും നേതൃത്വം വഹിച്ചു. ജയിൽ പ്രേഷിത പ്രവർത്തനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. മാക്സ് വില്യൻ മരിയ കോൾബേയുടെ തിരുനാളശിനോടനുബന്ധിച്ച് ജയിൽ പ്രേഷിതദിനപ്രവർത്തനങ്ങൾക്കായി പാലാ യൂണിറ്റിൽ ആഗസ്റ്റ് 4 നും മുട്ടം യൂണിറ്റിൽ ആഗസ്റ്റ് 14 നും പ്രാർത്ഥനകൾ നടത്തുകയുണ്ടായി.

**4. സാരഥി**

യൂണിറ്റ് മീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ പൂർത്തിയായി. നമ്മുടെ രൂപതയിൽനിന്നും 40204 പേർ ഈ വർഷം മത്സരത്തിൽ പങ്കെടുക്കുന്നു. മത്സരം 2019 സെപ്തംബർ 29 ഉച്ചയ്ക്ക് 2 മുതൽ 3.30 വരെ ചോദ്യപേപ്പർ വിതരണം സെപ്തംബർ 28, രാവിലെ 10 മുതൽ 5 വരെ. 2019 സെപ്തംബർ 10-ാം തീയതി മുതൽ ഹാൾ ടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

പഠനഭാഗം : നിയമാവർത്തനം – 12 മുതൽ 21 വരെ അദ്ധ്യായങ്ങൾ
പ്രഭാഷകൻ – 11 മുതൽ 17 വരെ
മത്തായി – 19 മുതൽ 28 വരെ
വെളിപാട് – 17 മുതൽ 22 വരെ അദ്ധ്യായങ്ങൾ

മത്സരശേഷം ഉത്തരക്കടലാസ് ഹാൾ ടിക്കറ്റ് നമ്പർ അടിസ്ഥാനത്തിൽ തരംതിരിച്ച് അടുക്കി സെപ്തംബർ 30-ാം തീയതി 5 മണിക്ക് മുമ്പായി ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**2. ബൈബിൾ ക്ലാസ്**

സെപ്തംബർ മാസത്തെ ബൈബിൾ ക്ലാസ് 8-ാം തീയതി ശനിയാഴ്ച നടക്കും.

**3. പുസ്തകം പ്രസിദ്ധീകരിക്കുന്നു.**

വിശുദ്ധനാട് തീർത്ഥാടകർക്ക് നല്ലൊരു വഴികാട്ടിയും സന്ദർശനം സാധിക്കാത്തവർക്ക് ഉത്തമമായ പഠനസഹായിയുമായി വിശുദ്ധനാടിനെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിന്റെയും ചരിത്രത്തിന്റെയും വിവരണങ്ങളോടെ വിശദമായ ഒരു പഠനം യാത്രാവിവരണശൈലിയിൽ നിരവധി കളർ ചിത്രങ്ങളോടെ തയ്യാറാക്കി ഉടൻ പ്രസിദ്ധീകരിക്കുന്നു.

ഗ്രന്ഥകർത്താവ് വെരി. ബഹു. ഫിലിപ്പ് ഞരളക്കാട്ട്, പ്രസിദ്ധീകരണം ബൈബിൾ അപ്പസ്തലേറ്റ് പാലാ രൂപത, പേജ് 289 വില 200/-

കോപ്പികൾക്ക് ബൈബിൾ അപ്പസ്തലേറ്റ്, ശാലോം പാസ്റ്ററൽ സെന്റർ, പാലാ ഫോൺ. 9447145939.

**4. അഭിനന്ദനങ്ങൾ**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ജിസ്മോൻ തുടിയൻപ്ലാക്കലിന് അഭിനന്ദനങ്ങൾ!!

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 2,16,23,30 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. റെജി മുട്ടത്തിൽ കോട്ടയം, ഫാ. തോമസ് തലക്കുളം OFM Cap, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്ര. ജോണി തെക്കേൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നല്കുന്നതാണ്.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 5,12,19,26 തീയതികളിൽ പാലാ ഷാലോമിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്കിന്റെയും കുടുംബകൂട്ടായ്മയുടെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന**

ഈ മാസം 1,5,6,7,8,12,13,14,19,20,21,22,25,26,27,28 തീയതികളിൽ രാവിലെ 10 മണി മുതൽ 3 വരെ ഷാലോമിൽ വച്ച് ഉപവാസ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. സഭയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ബ്രദർ ജോസഫ് കുന്നപ്പള്ളി, മേരി പാറയിൽ, ചാക്കോ ചെട്ടിമാട്ടേൽ, റോസിക്കുട്ടി മാങ്കാലായിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ മദ്യപാനം, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രി തുടങ്ങിയവയിൽ പ്രവർത്തിക്കുന്നവർ ഈ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ ഫാ. വിൻസെന്റച്ചന്റെ നേതൃത്വത്തിൽ നടത്തി. കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ വിലയിരുത്തുകയും അടുത്തമാസം പ്രവർത്തിക്കേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ബ്രദർ ജോർജ് ഓടയ്ക്കൽ വചനം പങ്കുവയ്ക്കുകയും തങ്കച്ചൻ ശ്രാമ്പിക്കൽ, ,ജോയി നെല്ലിയേക്കുന്നേൽ തുടങ്ങിയവർ നേതൃത്വം നല്കുകയും ചെയ്തു.

**5. ബൈബിൾ കൺവൻഷൻ കമ്മിറ്റി**

ഈ മാസം 12-ാം തീയതി തിങ്കളാഴ്ച 2.30 മുതൽ ബിഷപ്പ് ഹൗസിൽ വച്ച് മോൺ. സെബാസ്റ്റ്യൻ വേത്താനത്തച്ചന്റെ അദ്ധ്യക്ഷതയിൽ ബൈബിൾ കൺവൻഷൻ കമ്മിറ്റി കൂടുകയുണ്ടായി. ബ്രദർ ജോണിച്ചൻ കൊട്ടുകാപ്പള്ളി 37-ാമത് കൺവൻഷന്റെ ബഡ്ജറ്റ് അവതരിപ്പിച്ചു. റവ.സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഫാ. മാത്യു പുതിയിടത്ത്, ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, ഫാ. ജോസഫ് മണിയങ്ങാട്ട്, ഫാ. മാത്യു തുരുത്തിപ്പള്ളി എന്നിവർ സന്നിഹിതരായി

രുന്നു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ സ്വാഗതവും ബ്രദർ ജോൺസൺ തടത്തിൽ നന്ദിയും പറഞ്ഞു. കൺവൻഷന്റെ നടത്തിപ്പിനുള്ള 60-ഓളം പേർ യോഗത്തിൽ സന്നിഹിതരായിരുന്നു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തിധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ആഗസ്റ്റ് 8-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ ആഗസ്റ്റ് 9-ാം തീയതി വെള്ളിയാഴ്ചയും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ ബ്രദർ സുനിൽ രാമപുരവും മീനിച്ചിൽ ദൈവാലയത്തിൽ റവ. ഫാ. റെജി മറ്റത്തിലും വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവക തലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവകവികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ആഗസ്റ്റ് 8-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിൽ ബ്രദർ മാത്യു തോണിക്കുഴിയും 9-ാം തീയതി ശനിയാഴ്ച ഇടപ്പാടി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ബ്രദർ ലുലു പാലമറ്റത്തിൽ പാലാ ജിയോവാലി സെന്റ് ജോർജ് ദൈവാലയത്തിൽ ബ്രദർ തങ്കച്ചൻ തുണ്ടിയിലും 23-ാം തീയതി വെള്ളിയാഴ്ച കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ റവ.ഫാ. സണ്ണി പുൽപ്പറമ്പിലും 10-ാം തീയതി ശനിയാഴ്ച രാമപുരം സബ് സോണിന്റെ നേതൃത്വത്തിൽ റവ.ഫാ. സണ്ണി പുൽപ്പറമ്പിലും വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**3. കരിസ്മാറ്റിക് ദിനവും മിനിസ്ട്രി കൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും തുടർന്നുവരുന്ന കരിസ്മാറ്റിക് നേതൃത്വത്തിലുള്ളവരുടെ സംഗമവും മിനിസ്ട്രിക്കുടെ കൂട്ടായ്മയും ആഗസ്റ്റ് 3-ാം തീയതി ശനിയാഴ്ച 9.30 മുതൽ 3 വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. ബ്രദർ വിപിൻ തൊടുപുഴ വചനശുശ്രൂഷ നയിച്ചു. സോണൽ ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കരിസ്മാറ്റിക് നവീകരണ പ്രവർത്തനത്തിന് നേതൃത്വം നൽകി. സോണൽ സേവനസമിതി അംഗങ്ങളെ കടനാട്, ഇലഞ്ഞി, സബ് സോൺ സേവനസമിതി അംഗങ്ങളും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി പ്രവർത്തിച്ചു.

**4. സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ആഗസ്റ്റ് 5-ാം തീയതി തിങ്കളാഴ്ച 1.30 മുതൽ 4 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**5. വരദാന മദ്ധ്യസ്ഥപ്രാർത്ഥന**

സോണൽ സേവന സമിതിയുടെ പ്രത്യേക താല്പര്യപ്രകാരം 14-8-2019 ൽ രാവിലെ 9.30 മുതൽ 1 മണി വരെ സബ് സോൺ കോർഡിനേറ്റർമാർക്കായി വരദാന മദ്ധ്യസ്ഥപ്രാർത്ഥന നടത്തി.

**6. വരദാന മദ്ധ്യസ്ഥപ്രാർത്ഥന ഫൊറോനാതലത്തിൽ**

വരദാന മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ മുട്ടുചിറ, കടുത്തുരുത്തി, കോതനല്ലൂർ, കുറവിലങ്ങാട്, ഇലഞ്ഞി, രാമപുരം, തുടങ്ങനാട്, ഭരണങ്ങാനം, തീക്കോയി, പൂഞ്ഞാർ, കൂട്ടിക്കൾ എന്നീ ഫൊറോനാകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. സബ് സോൺ സേവനസമിതി അംഗങ്ങളും ഇടവകതല പ്രാർത്ഥനഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.

**7. ഹിന്ദി കൂട്ടായ്മ**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി കഴിഞ്ഞ മാസം ആരംഭംകുറിച്ച ഹിന്ദിയിലുള്ള വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനാശുശ്രൂഷയും ആഗസ്റ്റ് മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും പാലാ സെന്റ് തോമസ് എച്ച്.എസ്. ആഡിറ്റോറിയത്തിൽ വച്ച് രാവിലെ 9 മുതൽ 3 മണിവരെ നടത്തപ്പെട്ടു. ആഗസ്റ്റ് 4-ാം തീയതി ഫാ. ഡൊമനിക് എടപ്ലവൻ (ജഗദൽപൂർ രൂപത) 23-ാം തീയതി ഫാ. ജിമ്മി വടക്കൻ വചനശുശ്രൂഷകൾ ജഗദൽപൂർ രൂപത സൗഖ്യപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി നയിച്ചു. സണ്ണി പള്ളിവാതുക്കൽ, ജോൺസൺ തടത്തിൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകുട്ടി താന്നിക്കൽ, ബ്രദർ ജോർജ് കുറ്റനാൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. തദവസരത്തിൽ കുമ്പസാരിക്കാനുള്ള ക്രമീകരണം നടത്തിവരുന്നു. നമ്മുടെ ഇടവകകളിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവരെ ഈ സത്വാർത്ത അറിയിക്കുമല്ലോ.

**8. ജീസസ് എയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷകൾ നടത്തിവരുന്നു. ആഗസ്റ്റ് മാസത്തിൽ യേശുവിന്റെ സ്നേഹാനുഭവും കുട്ടികൾക്കായി പങ്കുവയ്ക്കാൻ സാധിച്ചത് രാമപുരം, മുണ്ടാങ്കൽ, ഇടപ്പാടി, മണിയംകുന്ന്, മുത്തോലപുരം, പൂഞ്ഞാർ, പാദുവാ നരിയങ്ങാനം, അടിവാരം എന്നീ ഇടവകകളാണ്. റപ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. ജിനു മച്ചുകുഴി, റവ.ഫാ. തോമസ് കൊച്ചോടയ്ക്കൽ, സി. ഷാലറ്റ്, സി. ക്ലെയർലൈറ്റ് എന്നിവർ ആത്മീയ വചനശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ജൂലൈ ഇരുപത്തേഴാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഓഗസ്റ്റ് നാലാം തിയതി മുതൽ പത്താം തിയതി വരെ നടത്തപ്പെട്ട, ഫാ. കുര്യൻ മറ്റം വി. കുർബാനയർപ്പിച്ച് പ്രാരംഭസന്ദേശം നൽകി ആരംഭിച്ച, ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ഓസ്റ്റിൻ കച്ചിറമറ്റം, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു മുണ്ടുനടയ്ക്കൽ, ഫാ. ജോർജ് കാവുംപുറത്ത്, ഫാ. ജോസഫ് അമ്പാട്ട്, ഫാ. ചെറിയാൻ മൂലയിൽ, ഫാ. സ്കറിയ മേനാംപറമ്പിൽ, ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര, ഫാ. റിന്റു മണ്ണൂർ OFM Cap, അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ സെപ്റ്റംബർ ഒൻപത് മുതൽ പതിനഞ്ച് വരെയും, ഒക്ടോബർ പതിമൂന്ന് മുതൽ പത്തൊൻപത് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**തിരുനാളും രൂപതാ സമ്മേളനവും**

ഫ്രാൻസിസ്കൻ അല്മായ സഭയുടെ ആത്മീയ പിതാവായ വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ 12-ന് ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽവച്ച് നടത്തും.

**രൂപത എക്സിക്യൂട്ടീവ് കമ്മറ്റി**

ഒക്ടോബർ 3-ന് ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽ വച്ച് രൂപത ഭാരവാഹികൾ, മേഖല ഭാരവാഹികൾ, യൂണിറ്റ് പ്രസിഡന്റുമാർ തുടങ്ങിയവർ പങ്കെടുക്കുന്ന രുപതാ എക്സിക്യൂട്ടീവ് കമ്മറ്റി നടക്കും.

**ശതോത്തര സുവർണ്ണ ജൂബിലി ക്വിസ്**

2-ാമത് രൂപതാതല ക്വിസ് മത്സരം ഒക്ടോബർ 2-ന് ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കും.

**രൂപതാ ഭാരവാഹികൾ**

സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിൽ (ചേർപ്പുങ്കൽ) പ്രസിഡന്റ്, തോമസ് മാത്യു മടിയ്ക്കാങ്കൽ (കളത്തുക്കടവ്), ആലീസ് മാത്യു ചെമ്പോത്തിനാൽ (കാക്കൂർ), വൈസ് പ്രസിഡന്റുമാർ), റോസമ്മ ജോസ് വല്ലനാട്ട് (കടപ്ലാമറ്റം) ജനറൽ സെക്രട്ടറി, കൊച്ചുറാണി റോയി പഞ്ഞിക്കുന്നേൽ (പ്രവിത്താനം) ലൂക്കോസ് കുടിലിൽ പുത്തൻപുര (പൂഴിക്കോൽ), സെക്രട്ടറിമാർ റ്റോമി മാത്യു കളപ്പുരയ്ക്കൽ (പൈക), അന്നക്കുട്ടി തോമസ് പുത്തൻപറമ്പിൽ (പെരിങ്ങുളം) ഫോർമേറ്റർമാർ, റോഷിൻ തോമസ് തോപ്പിൽ (കുരുവിനാൽ), ട്രഷറർ ഡോ. ജോൺ കോര (മീനച്ചിൽ), സോണി കുര്യാക്കോസ് (ചേന്നാട്), മേരി സെബാസ്റ്റ്യൻ (കുറവിലങ്ങാട്) ജോസ് ചെറിയാൻ (വെള്ളിയാമറ്റം), റ്റിസി രാജു (കടമപുരം) കമ്മറ്റിയംഗങ്ങൾ.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ദീപിക നമ്മുടെ ഭാഷാപദ്ധതി– കടനാട് എൽ.പി. സ്കൂൾ**

കടനാട് സെന്റ് മാത്യൂസ് എൽ.പി.സ്കൂൾ ദീപിക നമ്മുടെ ഭാഷാപദ്ധതി നടത്തി. കൊല്ലപ്പള്ളി ലയൺസ് ക്ലബ് പ്രസിഡന്റ് ജ്യോതിഷ് പൂവത്തിങ്കൽ വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. ദീപ്തി, ബിനു വള്ളോംപുരയിടം, ജോണി വലിയകുന്നേൽ, ഹരി തോപ്പിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. ദീപിക നമ്മുടെ ഭാഷാ പദ്ധതി – വേലത്തുശ്ശേരി**

വേലത്തുശ്ശേരി സെന്റ് തോമസ് എൽ.പി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി നടപ്പിലാക്കി. തീക്കോയി സർവ്വീസ് സഹകരണബാങ്ക് ഭരണസമിതി അംഗം ബേബി മുത്തനാട്ട്, സ്കൂൾ മാനേജർ ഫാ. ജോസഫ് മേച്ചേരിലിനു പത്രം നല്കി ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് മേരിക്കുട്ടി ചൂണ്ടിയാനിപ്പുറം, പി.ടി.എ. പ്രസിഡന്റ് ബിജു നെടുങ്ങനാൽ, ബിജു ഒട്ടലാങ്കൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**3. ദീപിക നമ്മുടെ ഭാഷാ പദ്ധതി – പാലാക്കാട് സ്കൂൾ**

പാലാക്കാട് നിർമ്മൽ ജ്യോതി പബ്ലിക് സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി പൂവരണി സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പ്രൊഫ. എം.എം. എബ്രാഹം മാപ്പിളക്കുന്നേൽ സ്കൂൾ ലീഡർമാരായ അലക്സ് കെ. ജോൺ, ആൻ മരിയ സജി എന്നിവർക്ക് പത്രം നൽകി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ സി. നവ്യാമരിയ, ബാങ്ക് സെക്രട്ടറി ജോർജുകുട്ടി കൊച്ചാനിമൂട്ടിൽ, ബോർഡംഗങ്ങളായ പി.വി. രഘു പ്ലാപ്പള്ളിൽ, അന്നക്കുട്ടി ജെയിംസ്, മേഴ്സി കല്ലക്കുളം, തങ്കച്ചൻ ഓടയ്ക്കൽ, മോൻസ് കുമ്പളന്താനം തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**4. ദീപിക നമ്മുടെ ഭാഷാപദ്ധതി – ചേറ്റുതോട് എൽ.പി. സ്കൂൾ**

ചേറ്റുതോട് സെന്റ് ജോസഫ് എൽ.പി. സ്കൂൾ മാനേജർ ഫാ. ജോസഫ് കാപ്പിൽ സ്കൂൾ ലീഡർ ജീവൻ ജോസഫിന് പത്രം നൽകി ദീപിക നമ്മുടെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സി. ജോയ്സ് എസ്.എച്ച്. , സി. ജോസ്‌ലിൻ എസ്.എച്ച്. തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. ഡയറക്ടേഴ്സ് മീറ്റ്  പാലാ അരമനയിൽ**

പാലാ അരമനയിൽ വച്ച് ഷാലോമിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഡയറക്ടർമാരുടെ ഒരു യോഗം നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഡിഎഫ്സി കോർഡിനേറ്റർ ഫാ. സ്കറിയ വേകത്താനം ദീപിക പത്രപ്രചാരണ പരിപാടികളെക്കുറിച്ച് പ്രസംഗിച്ചു.

**6. ഡ്രീംലൈൻ പ്രോജക്ട് & ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് –  വയല**

വയലാ ഇടവകയിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. വയലാ ഇടവകയിലെ ഡിഎഫ്സി യുടെ പുതിയ പുരുഷ വനിതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തി. വികാരി ഫാ. ജോസ് തറപ്പേൽ, അസി. വികാരി ഫാ. ജിസ് അമ്മനത്തുകുന്നേൽ, ഡിഎഫ്സി ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. അനുശോചിച്ചു.**

ദീപിക പാലാ ബ്യൂറോ റിപ്പോർട്ടർ ബിജു കൂട്ടപ്ലാക്കലിന്റെ മാതാവ് കരൂർ ഇടവകാംഗമായ റീത്താമ്മ (മാമ്മിക്കുട്ടി 84 വയസ്) യുടെ നിര്യാണത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത സമിതി അനുശോചിച്ചു. പരേതയുടെ ഭവനത്തിൽ ഡിഎഫ്സി ഡയറക്ടർ ഫാ. സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ ഒപ്പീസ് പ്രാർത്ഥന നടത്തി.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

---

# ഇൻഫാം

---

ഷാലോം  പാസ്റ്ററൽ സെന്ററിൽ ചേർന്ന ഇൻഫാം രൂപതാകമ്മറ്റി പ്രളയദുരിതമനുഭവിക്കുന്നവരെ സഹായിക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് ആവശ്യപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രളയംമൂലം മാറ്റിവച്ച ഇൻഫാമിന്റെ യോഗം സെപ്തംബർ മാസത്തിൽ നടത്തുന്നതിനു തീരുമാനിച്ചു. പ്രളയദുരിതം അനുഭവിക്കുന്ന സഹോദരങ്ങളെ തങ്ങളാൽ ആവുംവിധം സഹായിക്കണമെന്നും യോഗം തീരുമാനിച്ചു. യോഗത്തിൽ രൂപതാ  അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ, രൂപതാ പ്രസിഡന്റ് മാത്യു  മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ, ജോഷി വയലിൽ കളപ്പുര, സണ്ണി അരഞ്ഞാണിയിൽ, ജെയിംസ് കാഞ്ഞിരമറ്റം, ബെന്നി  തുളുവാനി, ജോളി കുരിശുംമൂട്ടിൽ തുടങ്ങിയവർ സംസാരിച്ചു.

ഇൻഫാമിന്റെയും കർഷക ദളത്തിന്റെയും ആഭിമുഖ്യത്തിൽ ശേഖരിച്ച സാധനങ്ങൾ പി.എസ്.ഡബ്ല്യു.എസ്. വഴി നിലമ്പൂരിലേയ്ക്ക് അയച്ചുകൊടുത്തു.

ഇൻഫാമിന്റെയും കർഷകദളങ്ങളുടെയും ഭാരവാഹികളുടെയും കർഷകരുടെയും മീറ്റിംഗ് ഫൊറോനതലങ്ങളിൽ കൂടാനും കർഷകോദ്ധാരണപദ്ധതികൾ നടപ്പാക്കാനും ഇൻഫാം പി.എസ്.ഡബ്ല്യു.എസ്. സംയുക്തയോഗത്തിൽ തീരുമാനിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

1. സെപ്തംബർ മാസം വിൻസെൻഷ്യൽ മാസമായി ആചരിക്കണം.
2. സെപ്തംബർ 9-ന് വാ. ഫ്രഡറിക് ഓസാനാമിന്റെ തിരുനാളായി ആഘോഷിക്കണം. എല്ലാ അംഗങ്ങളും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കണം. ഭവനസന്ദർശനം നടത്തണം.
3. സെപ്തംബർ 15-ന് പാലാ സെന്റ് തോമസ് കോളേജിൽ വച്ച് വാർഷിക ധ്യാനം നടക്കുന്നതാണ്. ഓരോ കോൺഫറൻസിൽനിന്നും പങ്കെടുക്കുന്നവരുടെ എണ്ണം സെപംത്ബർ 5-നകം സി.സി. ഓഫീസിൽ അറിയിക്കണം. രജി. ഫീ. 90 രൂപ.
4. സെപ്തംബർ 27-ന് വി. വിൻസെന്റ് ഡി പോളിന്റെ തിരുനാളാണ്. സാധുക്കളെ കണ്ട് സഹായിക്കണം.
5. സെപ്തംബർ മാസത്തിലെ ഒരു ഞായറാഴ്ചയോ സൗകര്യപ്രദമായ ദിവസമോ ഇടവകയിൽ വിൻസെൻഷ്യൻ ദിനമായി ആചരിക്കണം. പൊതുയോഗം നടത്തുന്നതും സഹായാംഗങ്ങളെയും സഹായം സ്വീകരിച്ചവരെയും പങ്കെടുപ്പിക്കുന്നതും പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതും അഭികാമ്യമാണ്.
6. ഒരു ദിവസം യുവജനദിനമായി ആചരിക്കുന്നതും ഏതാനും യുവാക്കളെ അംഗങ്ങളായി കോൺഫറൻസിൽ ചേർക്കുന്നതും നല്ലതാണ്. ഏതാനും വൃക്ഷതൈകൾ നട്ട് ഫോട്ടോ സി.സി.യിൽ നൽകണം.
7. എല്ലാ പരിപാടികളിലും ബഹു. വൈദികരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കുവാൻ പരിശ്രമിക്കണം.
8. ഈ വർഷത്തെ സന്ദർശനം ഒക്ടോബർ - നവംബർ മാസങ്ങളിൽ നടക്കുന്നതാണ്. എല്ലാ കോൺഫറൻസുകളിലും എല്ലാ രേഖകളും വേണ്ട തയ്യാറെടുപ്പും നടത്തണം.
9. സി.സി. തല യുവജനമത്സരങ്ങൾ നവംബർ മാസത്തിലും എ.സി. തല മത്സരങ്ങൾ ഒക്ടോബറിലും നടത്തുന്നതാണ്. എ.സി. പ്രസിഡന്റുമാർ തയ്യാറെടുപ്പുകൾ നടത്തണം.
10. ഓണക്കാലത്ത് പാവപ്പെട്ടവർക്ക് വസ്ത്രവും ഭക്ഷണവും നൽകുവാനും അഗതിമന്ദിരങ്ങൾ സന്ദർശിക്കുവാനും സമയം കണ്ടെത്തണം.

**ബ്ര. കെ.കെ. ജോസ്**




# ആദരാഞ്ജലികൾ



## ഫാ. ജോസഫ് വള്ളിപ്പാലം

1942 ഫെബ്രുവരി 10-ന് മോനിപ്പള്ളി ചീങ്കല്ലേൽ സെന്റ് തോമസ് ഇടവകയിൽ വള്ളിപ്പാലം തറവാട്ടിൽ ജോസഫ് - മറിയം ദമ്പതികളുടെ മകനായി ജനിച്ചു. രണ്ടു സഹോദരന്മാരും നാല് സഹോദരിമാരുമായുള്ള അച്ചന്റെ രണ്ടു സഹോദരിമാർ എഫ്.സി.സി. സഭയിലെ സന്യാസിനിമാരാണ്. 18-2-1942 ൽ ഫാദർ ജോൺ ചാരത്തിൽനിന്നും മാമ്മോദീസ സ്വീകരിച്ച അച്ചൻ 10-6-1951 ൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും തൈലാഭിഷേകം സ്വീകരിച്ചു. ഗവ. എൽ.പി.എസ്. മോനിപ്പള്ളി, ഹോളി ക്രോസ് യു.പി.എസ്. മോനിപ്പള്ളി, സെന്റ് മേരീസ് ബി.എച്ച്.എസ്. കുറവിലങ്ങാട് എന്നിവിടങ്ങളിൽനിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അച്ചൻ പാലാ സെന്റ് തോമസ് കോളേജിൽനിന്നും ബി.എ. ഡിഗ്രിയും കരസ്ഥമാക്കി. പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിൽനിന്നും വൈദികപഠനം പൂർത്തിയാക്കി.

1969 ഡിസംബർ 19-ന് മുട്ടുചിറ പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും പൗരോഹിത്യ തിരുപട്ടം സ്വീകരിച്ചു. മൂലമറ്റം, കോതനല്ലൂർ, പ്ലാശനാൽ എന്നീ ഇടവകകളിൽ അസി. വികാരിയായും ചിറ്റാർ, കുറുമണ്ണ്, വെള്ളികുളം, മീനച്ചിൽ, കുറിഞ്ഞി, മണിയൻകുളം എന്നിവിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. തുടർന്ന് തിരുവനന്തപുരം അതിരൂപതയിൽ വെട്ടുകാട്, പാലപ്പൂൽ, ശാന്തിപുരം, അഞ്ചുതെങ്ങ്, ഉദയൻകുളങ്ങര, ലൂർദ്ദ്പുരം എന്നിവിടങ്ങളിലും സേവനം ചെയ്തു. രോഗബാധയെ തുടർന്ന് 2019 ആഗസ്റ്റ് നാലാം തീയതി നിര്യാതനായി.

ആഗസ്റ്റ് 6-ാം തീയതി ഉച്ചകഴിഞ്ഞ് ഭവനത്തിൽ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ കാർമ്മികത്വത്തിൽ ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകൾ തിരുവനന്തപുരം അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, പാലാ രൂപതാദ്ധ്യക്ഷനായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ്

മുരിക്കൻ എന്നീ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ മോനിപ്പള്ളി സെന്റ് തോമസ് പള്ളിയിൽ അവസാനിച്ചു.

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസഫ് വള്ളിപ്പാലം അച്ചന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നമുക്ക് ശിരസ് നമിക്കാം. ബഹു. അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷകൾക്ക് ദൈവതിരുമുമ്പാകെ നന്ദി അർപ്പിക്കുകയും, പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.



## സി. മേരി ജനറസ് കല്ലറയ്ക്കൽ എസ്.എച്ച്.

പാലാ രൂപതയിലെ മേലുകാവ് ഇടവകയിൽ കല്ലറയ്ക്കൽ കുടുംബത്തിൽ കുഞ്ഞേട്ടന്റെയും അച്ചാമ്മയുടെയും 9 മക്കളിൽ 4-ാമത്തെ പുത്രിയായി 1937 ജനുവരി 30-ാം തീയതി ജനനം. മാമ്മോദീസായിൽ മറിയം എന്ന പേരു സ്വീകരിച്ച ഈ ദൈവപൈതൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തിരുഹൃദയ സന്യാസിനീ സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. 1960 ഏപ്രിൽ 19-ാം തീയതി ആദ്യവ്രതം ചെയ്ത് ഈശോയുടെ തിരുഹൃദയത്തിന്റെ സ്വന്തമായി തീർന്ന സി. മേരി ജനറസ് 1964 ഒക്ടോബർ 22-ാം തീയതി നിത്യവ്രതവാഗ്ദാനത്തിലൂടെ തന്റെ ജീവിതം പൂർണ്ണമായും ദൈവത്തിനും ദൈവജനത്തിനുംവേണ്ടി സമർപ്പിച്ചു.

തന്റെ ജീവിതം വഴി ഇത്തിരി വെളിച്ചം ലോകത്തിനു പ്രദാനം ചെയ്യുക എന്നത് ജീവിതപ്രമാണമാക്കി മാറ്റിയ ജനറസമ്മ 45 വർഷം വിശ്വാസപരിശീലന രംഗത്തും കുടുംബപ്രേഷിതത്വത്തിലും ഏറ്റം താല്പര്യപൂർവ്വം തന്റെ കഴിവുകളും സമയവും വിനിയോഗിച്ചിരുന്നു. വചനപഠനത്തിനും വചനാനുസൃതജീവിതത്തിനും ഏറെ പ്രാധാന്യം നൽകിയ ജനറസമ്മ ലോഗോസ് ക്വിസ്, പ്രസംഗമത്സരങ്ങൾ എന്നിവയിൽ പങ്കെടുക്കുകയും മറ്റുള്ളവരെ പങ്കുചേർക്കാൻ താല്പര്യപ്പെടുകയും ചെയ്തിരുന്നു. രൂപതാ ബൈബിൾ കൺവൻഷന്റെ സംഭാവനാ ശേഖരണത്തിനായി യാതൊരു മടിയും വിചാരിക്കാതെ വീടുകളും കച്ചവടസ്ഥാപനങ്ങളും കയറിയിറങ്ങി ദൈവരാജ്യ പ്രഘോഷണത്തിൽ പങ്കാളിയായി.

കുടക്കച്ചിറ, പാലാ, അറുനൂറ്റിമംഗലം, വയല, ചക്കാമ്പുഴ, വാഗമൺ, വെള്ളിയാമറ്റം, മൂലമറ്റം, നീലൂർ, അടിവാരം, നരിയങ്ങാനം, മേലുകാവ് എന്നീ മഠങ്ങളും ഇടവകകളും ആയിരുന്നു ജനറസമ്മയുടെ പ്രേഷിതമണ്ഡലങ്ങൾ. അതിഥി സൽക്കാരത്തിൽ തല്പരയായിരുന്ന ജനറസമ്മയ്ക്ക് പാവപ്പെട്ടവരോട് പ്രത്യേകസ്നേഹവും കരുതലും ഉണ്ടായിരുന്നു. ട്രെയ്ലറിംഗ് & കട്ടിംഗിൽ പരിശീലനം ലഭിച്ച അമ്മ വെള്ളിയാമറ്റത്ത് 9 വർഷം തയ്യൽപരിശീലനം നല്കി.

അടിവാരം മഠാംഗമായിരിക്കെ ക്ഷീണവും ഓർമ്മക്കുറവും അനുഭവപ്പെട്ടു തുടങ്ങിയതിനാൽ കൂടുതൽ സൗകര്യാർത്ഥം. 2016 മെയ് മാസത്തിൽ മേലുകാവ് മഠത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടു. രോഗവും ക്ഷീണവും വർധിച്ച് ശയ്യാവലം

ബയായതിനാൽ 2019 ൽ ചക്കാമ്പുഴ എസ്.എച്ച്. ഭവനിലേക്ക് മാറ്റി. തീർത്തും ക്ഷീണിതയായ അമ്മയ്ക്ക് രോഗീലേപനം നൽകി. സ്വർഗീയ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയ ജനറസമ്മയുടെ പാവനാത്മാവ് 2019 ഓഗസ്റ്റ് 4-ാം തീയതി സാബത്ത് ദിനത്തിൽ നിത്യവിശ്രമത്തിനായ് സ്വർഗീയ ഭവനത്തിലേക്ക് പറന്നുയർന്നു.

മൃതദേഹം 3 മണിയോടെ മേലുകാവ് മഠം ചാപ്പലിൽ കൊണ്ടുവന്നു. പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവും അമ്മയുടെ ബന്ധത്തിലും പരിചയത്തിലും പെട്ട നിരവധി വൈദികരുമെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മൃതസംസ്കാരശുശ്രൂഷ ഓഗസ്റ്റ് 5-ാം തീയതി ഉച്ചയ്ക്ക് 2.30 ന് ജനറസമ്മയുടെ സഹോദരപുത്രൻ ഫാ. മാർട്ടിൻ കല്ലറയ്ക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയോടെ ആരംഭിച്ചു. വി. കുർബാന മദ്ധ്യേ റവ.ഫാ. സ്കറിയ വേകത്താനം അമ്മയുടെ ശുശ്രൂഷകളെ അനുസ്മരിച്ച് ചരമപ്രസംഗം നടത്തി. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മേലുകാവ് സെന്റ് തോമസ് ദേവാലയ സെമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ട ജനറസമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ...



## സി. ജമ്മാ സി.എം.സി.

കടപ്ലാമറ്റം ഇടവക കാരുവേലിൽ കുടുംബത്തിൽ തോമസ് - മറിയാമ്മ ദമ്പതികളുടെ ഒൻപതു മക്കളിൽ ആറാമത്തെ സന്താനമായി 27.06.1933 ൽ സി. ജമ്മാ ജനിച്ചു. ജ്ഞാനസ്നാനനാമം മേരി എന്നായിരുന്നു. കിടങ്ങൂർ സെന്റ് മേരീസ് ജി.എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായി. ഒളിമങ്ങാത്ത വിശ്വാസവും ദൈവസ്നേഹതീക്ഷ്ണതയും മാതാപിതാക്കളിൽനിന്നും കുടുംബാംഗങ്ങളിൽനിന്നും അനുഭവിച്ചറിഞ്ഞ സി. ജമ്മാ തന്റെ ഉള്ളിന്റെ ഉള്ളിലെ ദൈവസ്വരം തിരിച്ചറിഞ്ഞ് 1953 ൽ കർമ്മലസഭയിൽ പ്രവേശിച്ച്, 1954 മേയ് 29 ന് ആദ്യവ്രതം അനുഷ്ഠിച്ചു. തുടർന്ന് മുത്തോലി സ്കൂളിൽ അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചുവരവെ ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം സമർപ്പിക്കാൻ ആതുരശുശ്രൂഷാരംഗത്തേക്ക് അയയ്ക്കപ്പെട്ടു. റാഞ്ചിയിലെ നേഴ്സിംഗ് പഠനത്തിനുശേഷം മുട്ടുചിറ ഹോളി ഗോസ്റ്റ് ഹോസ്പിറ്റലിൽ ആയിരുന്നു ആദ്യമായി തന്റെ പ്രേഷിതശുശ്രൂഷ നിർവ്വഹിച്ചത്. 1959 ഫെബ്രുവരിയിൽ നിത്യവ്രതം അനുഷ്ഠിച്ചശേഷം കാഞ്ഞിരപ്പള്ളി, ചെത്തിപ്പുഴ, തുടങ്ങനാട്, മണിപ്പൂർ, കൊതഗാവ് (മിഷൻ) തുടങ്ങിയ സ്ഥലങ്ങളെ തന്റെ കർമ്മരംഗമാക്കി തനതായ വ്യക്തിമുദ്ര പതിപ്പിച്ചു. ജയമാതാ പ്രോവിൻസിലെ ആദ്യനേഴ്സ് എന്ന നിലയിൽ അമ്മ ഏവർക്കും സുപരിചിതയായിരുന്നു. തളരാത്ത, പതറാത്ത കർമ്മപ്രബുദ്ധതയിൽ പ്രതിബന്ധങ്ങളെ തരണംചെയ്യാനുള്ള ആത്മശക്തി, ദൈവം അമ്മയിൽ നിക്ഷേപിച്ചിരുന്നു. മണിപ്പൂരിലെ നിർമ്മലാ ബാസ് മഠം ഇല്ലായ്മയിൽനിന്ന് പടുത്തുയർത്തിക്കൊണ്ട് കഷ്ടാരിഷ്ടതകളിൽ കർത്താവിന്റെ കരംപി

ടിച്ച് അസാധ്യമായതിനെ സാധ്യമാക്കാൻ ജമ്മാമ്മ ദൈവകരങ്ങളിലെ ഉപകരണമായി. ദൈവത്തോടും ദൈവജനത്തോടുമുള്ള പ്രതിബദ്ധത അമ്മയുടെ കർമ്മരംഗങ്ങളെ ഉജ്ജ്വലമാക്കി. 1998-ൽ 4 പതിറ്റാണ്ടു കാലത്തെ ആതുരശുശ്രൂഷാജീവിതത്തോട് വിടപറഞ്ഞ് അമ്മ തന്റെ ശിഷ്ടകാലം വിശ്രമത്തിലും പ്രാർത്ഥനയിലുമായി ചെലവഴിച്ചു. 2008 മുതൽ മൂന്നാനിയിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന ജമ്മാമ്മ മരണത്തിന് ഏകദേശം മൂന്നുവർഷം മുമ്പ് ശയ്യാവലംബയായി. പരസഹായംകൂടാതെ എഴുന്നേൽക്കാൻ സാധ്യമല്ലാതിരുന്നപ്പോഴും സ്വതസിദ്ധമായ പ്രസന്നതയും ആത്മധൈര്യവും അമ്മ പ്രകടിപ്പിച്ചിരുന്നു. വി. കുർബാനയോടുള്ള തീക്ഷ്ണമായ ഭക്തി അമ്മയിൽ രൂഢമൂലമായിരുന്നു. സഭാനിയമങ്ങളോടുള്ള വിധേയത്വം, രോഗികളോടും ദരിദ്രരോടുമുള്ള സഹാനുഭൂതി, പരാതികളും പരിഭവങ്ങളുമില്ലാത്ത ജീവിതം, ഇളംതലമുറയോടുള്ള പരിഗണനയും അവരുടെ വളർച്ചയിലുള്ള താത്പര്യവും വചനത്തോടുള്ള അടങ്ങാത്ത ദാഹവും അമ്മയുടെ സവിശേഷ ഗുണങ്ങളായിരുന്നു.

2019 ജൂലൈ 8 ന് വൈകുന്നേരം പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് അമ്മയെ കാർമൽ മെഡിക്കൽ സെന്ററിലെ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. രോഗം മൂർച്ഛിച്ചതിനെ തുടർന്ന് ബഹു. അലക്സാണ്ടർ ഓലിക്കലച്ചൻ രോഗീലേപനം നൽകി. ജൂലൈ 9 ന് രാവിലെ 8 മണിയോടുകൂടി അമ്മ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്കാരശുശ്രൂഷകൾ 11.07.2019 രാവിലെ 9 മണിക്ക് മഠംചാപ്പലിൽ വിൻസെൻഷ്യൻ സെമിനാരി റെക്ടർ ഫാ. എബിൻ, പരിത്രാണ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സോനു കുളത്തൂർ എന്നിവരുടെ കാർമ്മികത്വത്തിൽ ദിവ്യബലിയോടെ ആരംഭിച്ചു. തുടർന്ന് വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചന്റെ നേതൃത്വത്തിൽ മൃതദേഹം മൂന്നാനി പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു.

പാലാ രൂപതാ മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ടും മാർ ജേക്കബ് മുരിക്കനും നിരവധി വൈദികരും മൃതദേഹം സന്ദർശിച്ച് ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. നശ്വരങ്ങളായ ഈലോകനേട്ടങ്ങൾക്ക് പ്രാധാന്യം നൽകാതെ ദൈവസന്നിധിയിലേക്ക് എല്ലാം സമർപ്പിച്ച് സ്വർഗ്ഗത്തിൽ വിശുദ്ധ കൂടാരം നിർമ്മിച്ച് സ്വർഗ്ഗദർശനത്തിനായി നമ്മിൽനിന്ന് യാത്രയായ സി. ജമ്മായുടെ നിത്യശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.



## സി. സെലസ്റ്റ സി.എം.സി.

നരിയങ്ങാനം ഇടവക എമ്പ്രയിൽ കുടുംബത്തിൽ വർക്കി-ത്രേസ്യാ എന്നീ മാതാപിതാക്കളുടെ നാലാമത്തെ സന്താനമായി 1933 ൽ സിസ്റ്റർ സെലസ്റ്റാ ജനിച്ചു. മാമ്മോദീസായിൽ മറിയം എന്ന പേരു നൽകപ്പെട്ടു. ശൈശവത്തിൽതന്നെ കുടുംബം വെട്ടിമറ്റത്തേക്കു താമസം മാറ്റി. കലയന്താനി സെന്റ് ആന്റണീസ് ജി.എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി. പാസ്സാ

യശേഷം 1964 ൽ കർമ്മലസഭയിൽ അർത്ഥിനിയായി പ്രവേശിച്ചു. 20.4.1966 ൽ ആദ്യവ്രതവും 31.05.1971 ൽ നിത്യവ്രതവും അനുഷ്ഠിച്ചു. പാലാ പ്രൊവിൻഷ്യൽഹൗസ് ആയിരുന്നു ആദ്യത്തെ കർമ്മരംഗം. ഭവനത്തിലെ സങ്കീർത്തി, മറ്റ് പൊതുജോലികൾ ഇവ വളരെ സ്തുത്യർഹമായ രീതിയിൽ ചെയ്തിരുന്നു. അതോടൊപ്പം ഹോളിഫാമിലി ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സ്റ്റാഫ് ആയി നീണ്ട വർഷങ്ങൾ സേവനംചെയ്തു. മൂന്നു വർഷക്കാലം പിഴകു മഠത്തിൽ അംഗമായിരുന്നുകൊണ്ട് അമ്മ തന്റെ വ്യക്തിത്വസവിശേഷതകൾ വിവിധ ജോലി കളിലൂടെ പ്രകടമാക്കുകയുണ്ടായി. 1983-88 കാലയളവിൽ രാമപുരം മഠത്തിൽ താമസിച്ചുകൊണ്ട് ദളിത് ക്രൈസ്തവരുടെ സമുദ്ധാരണത്തിനായി അക്ഷീണം പ്രയത്നിച്ചു. വീണ്ടും പ്രൊവിൻഷ്യൽഹൗസിൽ തിരിച്ചെത്തി നെയ്ത്തുശാലയിൽ നിസ്വാർത്ഥമായി സേവനം ചെയ്തു. അവിടെ ജോലി ചെയ്തിരുന്നവരോട് അമ്മ പ്രത്യേകമായ പരിഗണനയും അനുഭാവവും പ്രകടിപ്പിച്ചിരുന്നു. മൂന്നു വർഷക്കാലം അന്തീനാട് മഠത്തിലും സേവനമനുഷ്ഠിച്ചു. 2005 മുതൽ മൂന്നാനി മഠത്തിൽ വിശ്ര മജീവിതം നയിക്കുകയായിരുന്നു. ശയ്യാവലംബയാകുന്നതുവരെ സെലസ്റ്റാമ്മ സമൂ ഹത്തിന്റെ ജോലികളിലും പ്രാർത്ഥനകളിലും സജീവമായി പങ്കെടുത്തിരുന്നു.

രോഗശയ്യയിൽ ആയിരിക്കുമ്പോഴും സന്ദർശകരോട് കുശലാന്വേഷണം നടത്താനും നർമ്മസംഭാഷണത്തിൽ ഏർപ്പെടാനും അമ്മയ്ക്ക് കഴിഞ്ഞിരുന്നു. ഇളംതലമുറയുടെ രൂപീകരണത്തിൽ അമ്മ ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു. ആത്മീയതയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന ഉപദേശങ്ങൾ നൽകാൻ അമ്മ ശ്രദ്ധിച്ചിരുന്നു. പരിഭവവും പരാതികളുമില്ലാതെ ദൈവതിരുമനസ്സിന് കീഴ്വഴങ്ങു ന്നതിലും അധികാരികളെ അനുസരിക്കുന്നതിലും അമ്മ എല്ലാവർക്കും മാതൃക യായിരുന്നു. സാധുക്കളോടും ആലംബഹീനരോടും അമ്മ പ്രത്യേകമായ സ്നേഹവും പരിഗണനയും പ്രദർശിപ്പിച്ചിരുന്നു. ഏകദേശം 2 വർഷത്തോളമായി രോഗാവസ്ഥയിലായിരുന്ന അമ്മ കൂടുതൽ ക്ഷീണിതയായി അനുഭവപ്പെട്ടതിനാൽ ജൂലൈ 7-ാം തീയതി രാവിലെ വിൻസെൻഷ്യൻ സഭാംഗമായ ബഹുമാനപ്പെട്ട സേവ്യർ കളപ്പുര അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. 8/7/2019 തിങ്ക ളാഴ്ച വൈകിട്ട് 7 മണിക്ക് സ്വന്തം സഹോദരി സിസ്റ്റർ ബോസ്കോയുടെയും സിസ്റ്റേഴ്സിന്റെയും പ്രാർത്ഥനാമദ്ധ്യേ സിസ്റ്ററിന്റെ പാവനാത്മാവ് നിത്യവിശ്രമ ത്തിനായി ദിവ്യനാഥന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. സംസ്കാരശുശ്രൂഷ പിറ്റേദിവസം ഉച്ചകഴിഞ്ഞ് 2.30 ന് ദിവ്യബലിയോടെ മഠംചാപ്പലിൽ ആരംഭിച്ചു. കാർമ്മികത്വം വഹിച്ചത് വിൻസെൻഷ്യൻ സെമിനാരി റെക്ടർ ഫാ. എബിൻ, ക്ലരീഷ്യൻ സഭാംഗമായ ഫാ. മാത്യു മുകാല എന്നിവരാണ്. പെരിയ ബഹുമാന പ്പെട്ട വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മി കത്വത്തിൽ മൃതദേഹം മൂന്നാനി പള്ളിസിമിത്തേരിയിൽ സംസ്കരിച്ചു. പാലാ രൂപതാ മെത്രാൻ മാർ ജേക്കബ് മുരിക്കൻ മൃതദേഹം സന്ദർശിച്ച് പ്രാർത്ഥിക്കയും അനുശോചനം അറിയിക്കുകയും ചെയ്തു.



## സി. ഗബ്രിയേൽ സി.എം.സി.

ചങ്ങനാശ്ശേരി അതിരൂപതയിലെ പാറമ്പുഴ പള്ളി ഇടവക അത്തിത്തറയിൽ കുടുംബത്തിൽ ഉലഹന്നാൻ-ഏലി ദമ്പതികളുടെ നാല് മക്കളിൽ ഇളയ പുത്രിയായി 1927 ജൂൺ 19-ന് സി. ഗബ്രിയേൽ ഭൂജാതയായി. മാമ്മോദീസായിൽ ത്രേസ്യാ എന്ന നാമം ലഭിച്ചു. അതിരമ്പുഴ സെന്റ് മേരീസിൽ നിന്നും ഇ.എസ്.എൽ.സി. പാസായ സി. ഗബ്രിയേൽ മുത്തോലി മഠത്തിൽ ചേർന്ന് ഫിസിക്കൽ എഡ്യൂക്കേഷൻ കോഴ്സ്, തയ്യൽ ഇവ പഠിച്ചതിനുശേഷം 1951 ൽ അർത്ഥിനിയായി ശിരോവസ്ത്രം സ്വീകരിച്ചു. 1952 ൽ സഭാവസ്ത്രവും, 1953 ൽ ആദ്യവ്രതവും, 1956 ൽ നിത്യവ്രതവും സ്വീകരിക്കുകയും ചെയ്തു. പിന്നീട് വിളക്കുമാടം, മുത്തോലി എന്നീ സ്കൂളുകളിൽ കായികാദ്ധ്യാപികയായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചതിനുശേഷം സ്കൂൾ ജോലിയിൽനിന്നു വിരമിച്ച ഗബ്രിയേലമ്മയ്ക്ക് 2003 ൽ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും ലഭിച്ചു.

നീണ്ട 25 വർഷക്കാലം ഒരു കായികാദ്ധ്യാപികയായിരുന്ന അമ്മയ്ക്ക് കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും മനസിൽ ഇടം കണ്ടെത്താനായി. ദൈവാശ്രയത്വം, പ്രാർത്ഥനാ ചൈതന്യം, സമൂഹാനുഷ്ഠാനങ്ങളിലുള്ള താല്പര്യം, നിശ്ശബ്ദ സഹനം, ലാളിത്യം, പാവങ്ങളോടുള്ള സ്നേഹം, കരുണ എന്നിവയെല്ലാം അമ്മയിൽ വിളങ്ങിയിരുന്ന ഗുണങ്ങളായിരുന്നു. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചിലവഴിച്ചിരുന്ന അമ്മയുടെ ജീവിതത്തിന്റെ സർവ്വസ്വവും 'അപ്പാ' എന്ന് വിളിക്കുന്ന ദൈവപിതാവ് ആയിരുന്നുവെന്നത് ഗബ്രിയേൽ അമ്മയുടെ ജീവിതശൈലി വിളിച്ചോതുന്നു. ക്യാൻസർ രോഗത്തിന്റെ പിടിയലമർന്ന അമ്മയെ 2019 മെയ് 26-ന് പാലാ കാർമ്മൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. അന്നു മുതൽ മരണത്തിന്റെ അവസാനനിമിഷം വരെ അനുഭവപ്പെട്ട കഠിന വേദനയിലും അപ്പാ എന്ന വിളിയും അമ്മേ എന്ന് വിളിച്ചു കൊണ്ട് ജപമണികൾ ഉരുവിടുന്നതും എല്ലാവർക്കും സന്തോഷം പകർന്നു. അമ്മയുടെ നില വഷളായതിനെ തുടർന്ന് ബഹു. ഫാ. അലക്സാണ്ടർ ഓലിക്കലച്ചനിൽനിന്ന് രോഗീലേപനം ബോധപൂർവ്വം സ്വീകരിച്ചു.

ഓഗസ്റ്റ് 18-ാം തീയതി രാവിലെ 11.30 ന് ബഹു. അലക്സാണ്ടർ ഓലിക്കലച്ചനിൽനിന്നും വി. കുർബാന സ്വീകരിച്ചതിനെ തുടർന്ന് പ്രൊവിൻഷ്യൽ കൗൺസിലിന്റെയും സമൂഹാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും പ്രാർത്ഥനാമദ്ധ്യേ അമ്മയുടെ ആത്മാവ് ദൈവസന്നിധിയിലേക്ക് പറന്നുയർന്നു. പിറ്റേദിവസം രാവിലെ 9.30 ന് മഠം ചാപ്പലിൽ ഗബ്രിയേലമ്മയുടെ കുടുംബാംഗമായ ഫാ. ജോയി മംഗലത്തിന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലി അർപ്പിച്ചു. ദിവ്യബലി മദ്ധ്യേ ഫാ.ജോയി മംഗലത്തിൽ ചരമപ്രസംഗം നടത്തി. തുടർന്ന് പാലാ രൂപത വികാരി ജനറാൾ ജോസഫ് കുഴിഞ്ഞാലിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം മഠം വക സെമിത്തേരിയിൽ സംസ്കരിച്ചു.

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2019

| | | |
|---|---|---|
| 1 | 10.00 am | ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ പുതിയ ബാച്ച് കുട്ടികളുടെ സ്വീകരണ ചടങ്ങ് ഉദ്ഘാടനം ചെയ്തു. |
| | 11.15 am | അയ്യമ്പാറ ഇടവകയിൽ വർക്കി മത്തായി മുത്തനാട്ടിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.30 pm | അരമനയിൽ വച്ച് രൂപതയിൽ എല്ലാ സംഘടനാഭാരവാഹികളുടെയും മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. |
| 2 | 10-12 | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | അരമനയിൽ വച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 3 | 09.15 am | കത്തീഡ്രലിൽ ഡീ. സ്കറിയ മേനാംപറമ്പിലിന് പൗരോഹിത്യപട്ടം നൽകി. |
| 4 | 09.00 am | ചക്കിക്കാവ് ഇടവകയിൽ പള്ളിമേടയുടെ കല്ലിടിൽ കർമ്മം നിർവഹിച്ചു. |
| | 10.00 am | മൂലമറ്റം ഇടവകയിൽ ബഹു. ജോർജ് പൈകടയച്ചന്റെ വല്ല്യമ്മച്ചിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | അരുവിത്തുറ ഇടവകയിൽ പാലാ ഹോം പ്രോജക്ടിനോടനുബന്ധിച്ച് പണിയുന്ന വീടുകളുടെ അടിസ്ഥാനശിലകൾ ആശീർവദിക്കുകയും നവീകരിച്ച പാരിഷ് ഹാൾ വെഞ്ചിരിക്കുകയും ചെയ്തു. |
| | 02.30 pm | പ്രവിത്താനം ഇടവകയിൽ കുഴിഞ്ഞാലിൽ കുടുംബത്തിൽപെട്ട പരേതന്റെ വേർപാടിൽ ഭവനത്തിൽ വച്ചുള്ള മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.30 pm | മൂന്നാനി ഇടവകയിൽ സംഘടിപ്പിച്ച മലയാളഭാഷ പ്രോത്സാഹന മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 08.00 pm | മുട്ടുചിറ വൈദികമന്ദിരത്തിൽ വിയാനി തിരുനാളിനോടനുബന്ധിച്ച് അച്ചന്മാർക്ക് സന്ദേശം നൽകുകയും അവരോടൊപ്പം അത്താഴം കഴിക്കുകയും ചെയ്തു. |
| 5-9 | | കാക്കനാട് വച്ച് നടന്ന കെ.സി.ബി.സി. ധ്യാനത്തിൽ സംബന്ധിച്ചു. |
| 5-10 | | കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ സംസാരിച്ചു. |
| 6 | 02.30 pm | മോനിപ്പിള്ളി ഇടവകയിൽ ബഹു. ജോസഫ് വള്ളിപ്പാലത്തച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 10 | 09.15 am | വാരിയാനിക്കാട് ഇടവകയിൽ ഡീക്കൻ ജോസഫ് പുരിയിടത്തിൽമട്ടേലിന് പൗരോഹിത്യപട്ടം നല്കി ആശീർവദിച്ചു. |
| | 12.00 noon | പൈക ഇടവകയിൽ മനസമ്മത ചടങ്ങിൽ സംബന്ധിച്ചു. |
| 11 | 07.00 am | മുണ്ടുപാലത്തുള്ള ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 12.15 pm | പ്രവിത്താനം ഇടവകയിൽ മനഃസമ്മതം ആശീർവദിച്ചു. |
| | 05.15 pm | മണ്ണാറപ്പാറ ഇടവകയിൽ ഇരവിമംഗലം ദൈവാലയത്തിൽ പള്ളിമേടയുടെ കല്ലിടീൽകർമ്മം നിർവഹിച്ചു. |
| 13 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വച്ചു നടന്ന ജനറൽ ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 10.00 am | ലൂർദ്ദ് മൗണ്ട് ഇടവകയിൽ ഹോം പാലയോടനുബന്ധിച്ച് പണികഴിപ്പിച്ച ഭവനങ്ങളുടെ വെഞ്ചിരിപ്പും പണിയാനിരിക്കുന്ന ഭവനങ്ങളുടെ കല്ലുകളുടെ വെഞ്ചിരിപ്പും നിർവ്വഹിച്ചു. |
| | 07.00 pm | ചങ്ങനാശ്ശേരി അരമനയിൽവച്ച് നടന്ന അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ തൊണ്ണൂറാം ജന്മദിനത്തിന്റെയും ഓണററി ഡോക്ടറേറ്റ് ലഭിച്ചതിന്റെയും ഭാഗമായി നടന്ന ചടങ്ങിൽ സംബന്ധിച്ച് ആശംസകൾ നേർന്നു. |
| 15 | 02.30 pm | വടവാതൂർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പവ്വത്തിൽ പിതാവിന് ഓണേററി ഡോക്ടറേറ്റ് നൽകി ആദരിച്ച ചടങ്ങിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 16 | 10.30 am | കുറവിലങ്ങാട് സ്കൂളുകളുടെ ശതോത്തര രജതജൂബിലിയുടെയും ശതാബ്ദിയുടെയും സമാപനസമ്മേളനത്തിൽ സംബന്ധിച്ചു. |
| | 01.30 pm | പാലാ രൂപതയുടെ നേതൃത്വത്തിൽ വയനാട്, മലബാർ പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്കായി സാധനങ്ങൾ സമാഹരിച്ച് എത്തിക്കുന്നതിന് നേതൃത്വം നൽകി. |
| | 02.00 pm | ചേർപ്പുങ്കൽ നേഴ്സിംഗ് കോളേജിന്റെ പുതിയ കെട്ടിടത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു. |
| 17 | 11.15 am | ഉള്ളനാട് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | അരുണാപുരത്ത് സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കല്ലിടീൽ കർമ്മം നിർവഹിച്ചു. |
| | 03.15 pm | അരമനയിൽ എസ്.എം.സി.എ. മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| | 04.00 pm | മേരിലാന്റ് ഇടവകയിൽ ചൊവ്വേലികുടിയിൽ ചെമ്മാച്ചന്റെ വല്ല്യപ്പച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചിരിച്ചു. |
| 18 | 12.00 noon | നീറന്താനം ഇടവകയിൽ കിഴതിരി ഒഴുകയിൽ മേരിയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 11.30 am | മുതലക്കോടം ഇടവകയിൽ മാമ്മോദീസ നടത്തി. |
| | 05.30 pm | കുറവിലങ്ങാട് മരിയൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. |
| **19-31** | | സീറോ മലബാർ സിനഡിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## AUGUST 2019

| | | |
|---|---|---|
| 1 | 06.30 am | കൊടുമ്പിടിയിൽ കുർബാനയർപ്പിച്ചു. |
| | 02.30 pm | അരമനയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 2 | 12.30 pm | മുട്ടുചിറ ജോസഫ് കുരിശിങ്കലിന്റെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.30 pm | മുട്ടുചിറ കുര്യാസ് വീട്ടിൽ അമ്മച്ചിക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | അരമനയിൽ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 3 | 09.15 am | വാക്കാട് പള്ളിയിൽ ഡീക്കൻ ഷിബു പാക്കറമ്പേലിന് പുരോഹിതപട്ടം നൽകി. |
| | 11.15 am | കുറവിലങ്ങാട് മാത്യു പാറശ്ശേരിയുടെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | ഫാ. സെബാസ്റ്റ്യൻ കോട്ടൂരിന്റെ ജൂബിലി കുർബാന അർപ്പിച്ചു. |
| 4 | 05.00 pm | രാമപുരത്ത് ഫോട്ടോഗ്രാഫേഴ്സ് അസ്സോസിയേഷൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 5 | 10-12 noon | കത്തീഡ്രൽ പള്ളിയിൽ വച്ചു നടന്ന പാസ്റ്ററൽ പ്രസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു. |
| | 05.30 pm | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 6-9 | | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 10 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 11 | 10.30 am | ചക്കാമ്പുഴ അറയ്ക്കപറമ്പിൽ ഫിലിപ്പ് മാത്യുവിന്റെ വീട്ടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 11.30 am | ഭരണങ്ങാനം വലിയപറമ്പിൽ ജോർജിന്റെ ഒന്നാം ചരമവാർഷികത്തിൽ പങ്കെടുത്തു. |
| | 03.30 pm | കടുത്തുരുത്തി സെന്റ് മൈക്കിൾ സ്കൂളിന്റെ സെന്റിനറി സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. |
| 12 | 09.30 am | ചെമ്മലമറ്റം ഇടവകയിൽ മേരിക്കുട്ടി വർഗീസ് മാവത്തിന്റെ ഏഴാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 12.15 pm | രാമപുരം പള്ളിയിൽ മനസമ്മതം ആശീർവദിച്ചു. |
| | 01.30 pm | കൊഴുവനാൽ ഫാ. കിഴക്കേക്കുറ്റിന്റെ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 06.00 pm | അരമനയിൽ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 13 | 07.45 am | ഇളംതോട്ടം ഇടവകയിലെ ഒരു ഭവനത്തിലെ പരേതനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 01.00 pm | തിടനാട് പ്ലാത്തോട്ടം ഭവനത്തിലെ പരേതനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 15 | 10.00 am | നീലൂർ ഇടവകയിൽ മനസമ്മതം ആശീർവ്വദിച്ചു. |
| | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവ്വദിച്ചു. |
| | 12.30 pm | കടുത്തുരുത്തിയിൽ മനസമ്മതം ആശീർവ്വദിച്ചു. |
| | 04.00 pm | വയല ഇടവകദിനത്തോടനുബന്ധിച്ച് കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. |
| | 08.30 pm | മുട്ടുചിറ മാത്യൂസ് സാറിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17 | 11.00 am | തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 04.00 pm | ചേർപ്പുങ്കൽ ഇടവകയിലെ ബെന്നി കീക്കോലിയുടെ ഭവനവെഞ്ചിരിപ്പ് കർമ്മം നടത്തി. |
| | 06.00 pm | കുറിച്ചിത്താനം ഇടവകയിൽ വിൻസെന്റ് ഡീ പോൾ സൊസൈറ്റി നിർമ്മിച്ച ഭവനം വെഞ്ചിരിച്ചു. |
| | 07.00 pm | കുറിച്ചിത്താനം ഇടവകയിൽ കൺവൻഷൻ സെന്റർ വെഞ്ചിരിച്ചു. |
| 18 | 11.30 am | ആലപ്പുഴയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| 19-31 | | കാക്കനാട് സീറോ-മലബാർ സിനഡിൽ സംബന്ധിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

## SEPTEMBER 2019

| | | | |
|---|---|---|---|
| 1 | Sun | 08.45 am | Kuravilangadu : Meeting |
| | | | Kuravilangadu : Mahasangamam |
| 2 | Mon | 03.15 pm | Bishop's House : Meeting |
| 3-4 | | | Bharananganam |
| 5 | Thu | 12.00 noon | Pastoral Institute : Meeting |
| | | 03.00 pm | Bishop's House : Meeting |
| 6 | Fri | 10-12 noon | Visitor's time |
| | | | Cherpunkal : Meeting |
| 7 | Sat | 10.00 am | Adart : Meeting |
| | | 11.30 am | Poovarany : Blessing |
| | | 04.00 pm | Poonjar : Syriac Mass |
| | | 07.00 pm | Pala St. Thomas College : Jesus Youth Meeting |
| 8 | Sun | 10.30 am | Kuravilangadu : Holy Qurbana |
| 8-12 | | | Annual Retreat |
| 12 | Thu | 12.00 noon | Kalikavu : Blessing |
| 13 | Fri | 12.00 noon | Moolamattom : Holy Qurbana |
| 14 | Sat | 03.00 pm | Cherpunkal : Mar Sleeva Hospital Blessing |
| | | 07.00 pm | Alphonsa College : Drama Inauguration |

| | | | |
|---|---|---|---|
| 15 | Sun | 07.30 am | Chennattu :Holy Qurbana and Blessing |
| | | 02.30 pm | Muttuchira : Meeting |
| 15-19 | | | Annual Retreat |
| 20 | Fri | 10.00 am | Cherpunkal Hospital : meeting |
| 21 | Sat | 10.00 am | Cherpunkal Hospital : Teachers Meet |
| 22-30 | | | Engaged |



## Auxiliary Bishop's Engagements

# Mar Jacob Muricken

## SEPTEMBER 2019

| | | | |
|---|---|---|---|
| 1 | Sun | 10.30 am | Poonjar : Qurbana & Meeting |
| | | 02.30 pm | Kuravilangadu : Nasrani Maha Sangamam |
| 2 | Mon | 01.00 pm | Kuttikkanam : Meeting |
| 3 | Tue | 10-12 noon | Visitor's Day |
| | | 03.00 pm | St. Thomas College : Meeting |
| 4 | Wed | 06.15 am | Marriage Course Qurbana |
| 5 | Thu | 11.00 am | B.Ed. College : Teachers Day Meeting |
| 6 | Fri | 10-12 noon | Visitor's Day |
| 7 | Sat | 12.00 noon | Kadaplamattom : Sradham Blessing |
| | | 05.00 pm | Kuravilangad : Qurbana |
| 8 | Sun | 09.00 am | Pulikunnu : Qurbana |
| | | 04.30 pm | Cathedral : Qurbana |
| 9 | Mon | | Changanachery : Meeting |
| 10-11 | | | Engaged |
| 12 | Thu | | Chittoor Retreat Centre : Talk |
| 13 | Fri | 10-12 noon | Visitor's Day |
| 14 | Sat | 11.00 am | Mannar : Marriage Blessing |
| | | | Cherpunkal : Hospital Blessing |
| 15 | Sun | | Adukkam : Pastoral Visit |
| 16 | Mon | 12.15 pm | Kummanoor : Blessing |

| | | | |
|---|---|---|---|
| 17-19 | | | Engaged |
| 20 | Fri | 02.00 pm | Meeting |
| 21 | Sat | 06.15 am | Vezhanganam : Qurbana |
| 22-23 | | | Engaged |
| 24 | Tue | | Marriage Course : Qurbana |
| 25-30 | | | Engaged |




You are Invited

# നാടക ഉദ്ഘാടനം

## സെപ്റ്റംബർ 14, 7.00pm ന്

**മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിക്കുന്നു**

**വേദി: പാലാ അൽഫോൻസാ കോളേജ് ഇൻഡോർ സ്റ്റേഡിയം**

2019
SEPTEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

MAR SLEEVA™
medicity palai
*A Temple of Health*

# A New Paradigm in Healthcare

**Blessing**
Sept14th, 2019 at 3.00 pm

**Open House**
Sept 15th onwards

## Opening Soon
Cherpunkal, Palai
marsleevamedicity.com
Follow us on




Printed at St. Thomas Press, Palai and Published by Fr. John Edettu